(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ഡോക്ടർ തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇപ്പോൾ നാം പാസ്സാക്കിയ നിയമം ഒരു പൊളിറ്റിക്കൽ ഡിപ്ലൊമസിയല്ല, പൊളിറ്റിക്കൽ കൺവിക്ഷന്റെ ഭാഗമായാണെന്നാണ്. അങ്ങനെയാണെങ്കിൽ അങ്ങ് ഞങ്ങൾ ചോദിച്ച ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമായിരുന്നു. പക്ഷെ അവയൊക്കെ പഴയ ചോദ്യങ്ങളായിരുന്നു എന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറുകയായിരുന്നു. അവയൊക്കെ ഈ സന്ദർഭത്തിൽ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ചോദ്യങ്ങൾ ആവർത്തിക്കുന്നു. പ്രധാന സന്ദർഭങ്ങളിൽ ഇങ്ങനെയൊക്കെയുള്ള നിയമം അനിവാര്യമാക്കിമാറ്റിയ സ്ഥിതിയെന്താണ്? അതിൽ ഒരു കാര്യത്തെക്കുറിച്ച് അങ്ങ് മറുപടി പറഞ്ഞാൽ മതി. അതെന്താണെന്ന് വച്ചാൽ ഇപ്പോൾ പാസ്സാക്കിയ നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്നുള്ളത് എല്ലാപേരും അംഗീകരിച്ചതാണ്. കോടതിയിൽ നമ്മൾ എടുക്കാൻ പോകുന്ന നിലപാട് പേപ്പർ ലോട്ടറിയും ഓൺലൈൻ ലോട്ടറിയും വ്യത്യസ്തമാണെന്നുള്ളതാണ്. അതാണല്ലോ നമ്മുടെ നിലപാട്. അല്ലെങ്കിൽ ഈ നിയമത്തിന് യാതൊരു സാദ്ധ്യതയുമില്ല. സുപ്രീം കോടതിയിൽ സെക്ഷൻ 4 പ്രകാരമുള്ള കേസുകൾ പിൻവലിക്കാമെന്ന് നാം അണ്ടർടേക്കിംഗ് നൽകിയപ്പോൾ സെക്ഷൻ 5 വച്ച് ഓൺലൈൻ ലോട്ടറികൾ കേരളത്തിൽ നിരോധിച്ചിരുന്നു. ആ നിരോധനം ഇപ്പോഴും നിലനിൽക്കുന്നുണ്ടല്ലോ? പിന്നെ എന്ത് അടിസ്ഥാനത്തിലാണ് അങ്ങ് ഓൺലൈൻ ലോട്ടറികൾ കേരളത്തിൽ ഫ്ളഡ് ചെയ്തുകളയും എന്ന് പറഞ്ഞത്? ഒരു കോടതിയിലും അത് ചോദ്യം ചെയ്യപ്പെട്ടില്ല. കർണ്ണാടകയിൽ ഒരു വർഷമായി നിൽക്കുന്നു. ഈ ചോദ്യത്തിന് അങ്ങ് വിശദീകരണം നൽകിയേ പറ്റൂ. ഞങ്ങൾ മൂന്ന് കാരണങ്ങൾ കൊണ്ടാണ് ഈ ലോട്ടറികളിന്മേലുള്ള നികുതി ബിൽ സംബന്ധിച്ച ബില്ലിൽ ഞങ്ങൾ ഭിന്നാഭിപ്രായത്തെക്കുറിച്ച് രേഖപ്പെടുത്തുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം സെക്ഷൻ 4 പ്രകാരമുള്ള നിബന്ധനകൾ കേരളത്തിൽ പ്രവർത്തിക്കുന്ന ലോട്ടറികൾ പാലിക്കണമെന്നുള്ളത് ഈ ബില്ലിൽ എടുത്ത് നിഷ്ക്കർഷിക്കുന്നില്ല. ഒരുപക്ഷേ, ബഹുമാനപ്പെട്ട മന്ത്രി പറയാൻ പോകുന്നത് ഇത് കേന്ദ്ര നിയമത്തിൽ ഉള്ളതാണ്. നമ്മൾ പറഞ്ഞില്ലെങ്കിലും സംസ്ഥാനത്ത് പ്രാബല്യം ഉണ്ടാകുമെന്നുള്ളതാണ്. സെക്ഷൻ 4 പ്രകാരമുള്ള നിബന്ധനകൾ പാലിപ്പിക്കുന്നതിന് നമുക്കിവിടെ റൂൾസുണ്ടായിരുന്നു. ആ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ നടപടികൾ എടുത്തുകൊണ്ടിരുന്നത്. എന്നാൽ ഇന്ന് ആ റൂൾസ് നിലവിലില്ല. ഈയൊരു പശ്ചാത്തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിൽത്തന്നെ സെക്ഷൻ 4 എൻഫോഴ്സ് ചെയ്യുന്നതിനെക്കുറിച്ച് എടുത്തു പറയേണ്ടതല്ലേ? ഇതാണ് അടിസ്ഥാനപരമായ ഒരു പ്രശ്നം. ഫിനാൻസ് ബില്ലിലെ വകുപ്പുകൾ നോക്കുമ്പോൾ എങ്ങനെയാണ് നമ്മൾതന്നെ ഈ നിയമത്തിൽ കേന്ദ്ര നിയമത്തിനെതിരായിട്ടുള്ള ക്ലോസുകൾ എഴുതി വയ്ക്കുന്നതെന്ന് അൽഭുതപ്പെട്ടിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ Weekly Section, 4(h), no lottery shall have more than one draw in a week. നിലവിലുണ്ടായിരുന്ന ഫിനാൻസ് ബില്ലിൽ ഡെയ്ലി ഡ്രോയ്ക്ക് ടാക്സുണ്ട്. നിലവിലുള്ള നിയമത്തിൽ നിരോധിച്ചിട്ടുള്ള ടിക്കറ്റിനു പോലും നമ്മൾ ഫിനാൻസ് ബില്ലിൽ നികുതി ചുമത്തുന്ന രീതിയാണുള്ളത്. ഇതാണ് യാഥാർത്ഥ്യം. അല്ലെങ്കിൽ ഒറ്റനമ്പർ പാടില്ല. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ആരാണ് എൻഫോഴ്സ് ചെയ്യുക? ടാക്സസ് വകുപ്പാണോ? ഇതാണ് ചോദ്യം. സെക്ഷൻ 4-ൽ പറയുന്ന കാര്യങ്ങൾ നികുതി പിരിക്കുന്നതിനെക്കുറിച്ചല്ല. ഏത് തരത്തിലുള്ള ലോട്ടറിയാണ്, സമ്മാനം എങ്ങനെ കൊടുക്കാം, പീരിയോഡിസിറ്റി എന്ത്? അതിന് സിംഗിൾ ഡിജിറ്റൽ ലോട്ടറി പറ്റുമോ ഇല്ലയോ തുടങ്ങിയിട്ടുള്ള നികുതിയുമായി പ്രത്യക്ഷ ബന്ധമില്ലാത്ത എത്രയോ കാര്യങ്ങൾ ഇക്കാര്യത്തിൽ ആരാണ് എൻഫോഴ്സ് ചെയ്യുകയെന്നുള്ള ഗൗരവമായ പ്രശ്നം ഈ ബില്ലിലുണ്ട്. അതിനെക്കുറിച്ച് ഉത്തരം നൽകുന്നില്ല. എൻഫോഴ്സ്മെന്റ് അധികാരം മുഴുവനും ടാക്സസ് വകുപ്പിന് കൊടുക്കുന്ന നിലപാടാണ് ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ളത്. അത് ഏറ്റവും വിനാശകരമായിട്ടുള്ള ഒന്നായിട്ടാണ് ഞാൻ കരുതുന്നത്. അവതരണവേളയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ മന്ത്രി മറുപടി പറഞ്ഞത്, ഈ നികുതി മുഴുവനും പിരിക്കാൻ ടാക്സസ് വകുപ്പിനെ ഏൽപ്പിച്ചാൽ എത്ര ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടിവരും? സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ ഇപ്പോൾത്തന്നെ ഉണ്ടല്ലോ? അവർ തന്നെ പിരിച്ചാൽ മതിയല്ലോ? ഇങ്ങനെ ബാലിശമായി അക്കാര്യത്തിൽ അങ്ങ് മറുപടി പറയരുത്. ഇവിടെ ആരും പറയുന്നില്ല നികുതി മുഴുവനും പോയി പിരിക്കേണ്ടത് ലോട്ടറി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരാണെന്ന്. ലോട്ടറി നിയമം നടപ്പിലാക്കുന്നതിനുള്ള ഏജൻസി ഏതാണ്? ടാക്സസ് വകുപ്പിന് പറ്റുമോ? 2003 നവംബർ മുതലാണ് കേരളത്തിൽ ഈ ലോട്ടറി വിവാദം ഈ രീതിയിൽ കത്താൻ തുടങ്ങിയത്. അന്നുമുതൽ ഈ ലോട്ടറി വിവാദത്തിലെ ഓരോ നിർണ്ണായക സന്ദർഭത്തിലും ലോട്ടറീസ് വകുപ്പ് എടുത്ത നിലപാട് എന്ത്; ടാക്സസ് വകുപ്പ് എടുത്ത നിലപാടുകൾ എന്ത്, ഹോം ഡിപ്പാർട്ടുമെന്റ് എടുത്ത നിലപാടുകളെന്ത്? ഞാൻ ഹോം ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് പറയുന്നില്ല. ടാക്സസ് ഡിപ്പാർട്ടുമെന്റ് എടുത്ത നിലപാടെന്താണ്? അങ്ങ് താരതമ്യപ്പെടുത്തണം. ഇന്ന് നികുതി പിരിവിന്റേയും ലോട്ടറി എൻഫോഴ്മെന്റിന്റേയും മുഴുവൻ കുത്തകയും ഏൽപ്പിച്ചുകൊടുക്കാൻ പോകുന്ന ടാക്സസ് വകുപ്പ് ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങളെ ബലികഴിച്ചുകൊണ്ട് നിങ്ങളുടെ സർക്കാരിന്റെ നയങ്ങൾക്കെതിരായിട്ടുള്ള നിലപാടാണ് തുടർച്ചയായിട്ട് സ്വീകരിച്ചിട്ടുള്ളത്. 2003 നവംബറിലാണ് ലോട്ടറീസ് വകുപ്പിൽ രണ്ട് കാര്യങ്ങൾ നടന്നത്. ഓൺലൈൻ ലോട്ടറിയുടെ കള്ളത്തരങ്ങളെക്കുറിച്ച് മൂന്ന് പരസ്യങ്ങൾ പത്രങ്ങൾക്ക് നൽകി. അവിടെ നിന്നുമാണ് വിവാദം തുടങ്ങുന്നത്. അതിനെത്തുടർന്നാണ് കേസ് പോയിത്തുടങ്ങിയത്. ആദ്യമായിട്ട് ഇത് കള്ളത്തരമാണ്, ഫ്രോഡാണെന്ന് പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

2003 നവംബറിലാണ്. അന്നും ഈ സർക്കാർ ഓൺലൈൻ ലോട്ടറി നിർത്തലാക്കേണ്ട മഹാ വിപത്താണെന്ന് അംഗീകരിച്ചിട്ടില്ല. തെളിവ് വയ്ക്കാമല്ലോ? 2003 നവംബറിൽ ലോട്ടറീസ് ഡയറക്ടർ ഇവിടെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചു. ഇവർ എല്ലാപേരും സെയിൽസ് ടാക്സ് വകുപ്പിലെ 5 ബി (എ) പ്രകാരം നികുതി നൽകാൻ ഓപ്ട് ചെയ്തിരുന്നവരാണ്. എന്നുവച്ചാൽ ഓരോ ഡ്രോയ്ക്കും ഏറ്റവും ചുരുങ്ങിയത് ഇരുപതിനായിരം രൂപവച്ച് സർക്കാരിലേയ്ക്ക് കൊടുക്കാമെന്ന് ഏറ്റിരുന്നവരാണ്. അതുവച്ച് കണക്ക് കൂട്ടുമ്പോൾ 5750 കോടി രൂപ. ഇന്നും ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയാണ് എന്തൊരു തമാശയാണ് കേൾക്കുന്നതെന്ന്. 5750 കോടി രൂപ എന്ന് കേട്ടിട്ട് കോടതി ചിരിച്ച് മണ്ണുകപ്പിപ്പോയി എന്നാണ് പറഞ്ഞത്. അങ്ങ് അത് ഇവിടെ പറഞ്ഞു കഴിഞ്ഞിട്ട് കുറച്ചുകഴിഞ്ഞ് പറഞ്ഞത്, ഇപ്പോൾ പാസ്സാക്കിയ നിയമം നടപ്പിലായില്ലെങ്കിൽ ഞാൻ ഇവിടെ നികുതി ഏർപ്പെടുത്തി ഇവരെയൊക്കെ ശരിപ്പെടുത്തുമെന്നല്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതല്ലെങ്കിൽ മറ്റെന്തെങ്കിലും കൊണ്ടുവന്ന് ഇത് നടത്താൻ സമ്മതിക്കില്ല എന്നാണ് പറഞ്ഞത്. എന്ത് കാരണം കൊണ്ടായാലും ഓർഡിനൻസ് കൊണ്ടുവന്ന് നിരോധിക്കാം. മറ്റു പലതും കണ്ടുപിടിക്കാം. അതേസമയം കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താം. പറയാത്ത കാര്യം പറഞ്ഞെന്ന് പറയുന്നത് ശരിയല്ല.

ഡോക്ടർ തോമസ് ഐസക്: വീണിടത്ത് കിടന്നുരുളേണ്ട. കേന്ദ്ര ഗവണ്മെന്റ് കേന്ദ്ര നിയമം മാറ്റിക്കഴിഞ്ഞാൽ ശരി കാര്യങ്ങളൊക്കെ മാറി. അല്ലെങ്കിൽ ഓൺലൈൻ ലോട്ടറിയെ നിയന്ത്രിക്കാൻ നിങ്ങൾക്ക് ഒറ്റ മാർഗ്ഗം മാത്രമേയുള്ളൂ. ഇന്നിപ്പോൾ അന്യ സംസ്ഥാന പേപ്പർ ലോട്ടറികൾ നിയന്ത്രിക്കുന്നതിനുവേണ്ടി ഡ്രോയ്ക്ക് രണ്ടര ലക്ഷം രൂപയും ബമ്പർ ഡ്രോയ്ക്ക് പത്തു ലക്ഷം രൂപയും ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ബില്ലിൽ ഉൾപ്പെടുത്തിയതുപോലെ ഓൺലൈൻ ലോട്ടറിക്കും നികുതി ഏർപ്പെടുത്തുക എന്നതല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല. അങ്ങനെ ചെയ്തുകഴിഞ്ഞാൽ ഇപ്പോൾ ചിരിച്ചുതള്ളിയ ലോട്ടറി ഡയറക്ടർ, കോടതിതന്നെ ചിരിച്ചു പോകുന്നില്ലേ? രണ്ടര ലക്ഷം രൂപവച്ച് ഡ്രോയ്ക്ക് തുക ഈടാക്കിയിട്ട് കോടതിയിൽ ചെന്നു കഴിഞ്ഞാൽ അവർ ചിരിച്ചുചിരിച്ചു വീണുപോകും. ഇതൊരു പ്രൊഹിബിറ്റീവ് ടാക്സാണ്. നിലവിലുണ്ടായിരുന്ന നിയമത്തെ സർക്കാരിന്റെ നയത്തിനനുസൃതമായി വ്യാഖ്യാനിച്ചുകൊണ്ട് പ്രൊഹിബിറ്റീവ് ആയിട്ട് 5750 കോടി രൂപ തരാൻ കഴിയില്ല. അവരുടെ turn over ആറായിരമായിരുന്നു. പക്ഷെ നിലവിലുള്ള നിയമപ്രകാരം രണ്ടര ലക്ഷം രൂപ പേപ്പർ ലോട്ടറികളിൽനിന്നും ഈടാക്കുന്നില്ലേ? രണ്ടര ലക്ഷം രൂപ ഓരോ ഡ്രോയ്ക്കും നൽകിയിട്ട് നടത്താൻ പറ്റുമോ? പറ്റില്ല. എന്നുള്ളതുകൊണ്ടാണ് ശ്രീ. വക്കം പുരുഷോത്തമൻ ഇപ്പോൾ രണ്ടര ലക്ഷം രൂപ മുടക്കുന്നത്. ലോട്ടറീസ് ഡയറക്ടർ നിങ്ങളുടെ നയത്തെ വ്യാഖ്യാനിച്ച് നിയമം നടപ്പാക്കാൻ തീരുമാനിച്ചു. എന്നാൽ ടാക്സസ് വകുപ്പ് എന്താണ് ചെയ്തത്? അങ്ങ് പറഞ്ഞതുപോലെ ഈ സർക്കാരിന്റെ നയം ഓൺലൈൻ ലോട്ടറി എങ്ങനെയെങ്കിലും ഇല്ലാതാക്കുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതായിരുന്നെങ്കിൽ ഇത്രയും രൂപ ചോദിക്കാൻ പാടില്ല. കോടതി ചിരിച്ചു പോകും. അതുകൊണ്ട് അവർ ഓപ്ട് ചെയ്തതാണെങ്കിലും അവർക്ക് റീ-ഓപ്ഷന് സമയം കൊടുക്കാമെന്ന് പറഞ്ഞ് നിലപാടെടുക്കുമോ? ചിരിച്ചുതള്ളേണ്ട കാര്യമാണോ ഇത്? ഈ നിർണ്ണായകമായ ആദ്യത്തെ കാര്യത്തിൽ ലോട്ടറീസ് വകുപ്പെടുത്ത ശരിയായ നിലപാടിനെ തുരങ്കം വച്ചത് ടാക്സസ് വകുപ്പാണ്. രണ്ട്, അഡ്ജുഡീക്കേഷന് വച്ചു കോടതി. ഞാൻ ടാക്സസ് കമ്മീഷണറെ കുറ്റം പറയുന്നില്ല. അദ്ദേഹം വ്യക്തിപരമായി എന്തെങ്കിലും മോശമായി ചെയ്തു എന്നല്ല ഞാൻ പറയുന്നത്. സുപ്രീംകോടതി വിധിവച്ച് നോക്കിയപ്പോൾ അദ്ദേഹത്തിന് ഇങ്ങനെ തോന്നി. സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. സമ്മാന തുക കഴിച്ചിട്ടുള്ള തുകയ്ക്കുള്ള നികുതിയാണ് ടേണോവർ ടാക്സ് എട്ട് ശതമാനം വച്ചത്. ഓൺലൈൻ ലോട്ടറിക്കാർക്കല്ലാതെ ഈ സമ്മാന തുക എത്രയാണെന്ന് ഒരാൾക്കും പറയാൻ പറ്റില്ല. അതിന്റെ ഫലമായി ടാക്സസ് വകുപ്പിന് ഇവർ പറയുന്ന ടേണോവർ അംഗീകരിക്കേണ്ടതായി വരും. നിങ്ങൾക്ക് വേറെ വല്ല അസസ്മെന്റ് രീതിയുമുണ്ടോ? The game of chance. ഓൺലൈൻ ലോട്ടറി പ്രകാരം സമ്മാനം ഇത്രയാണെന്ന് പറഞ്ഞാൽ, ടിക്കറ്റ് ഇത്രവിറ്റു എന്ന് പറഞ്ഞാൽ അത് അംഗീകരിക്കുകയല്ലാതെ മറ്റ് മാർഗ്ഗമൊന്നും ടാക്സസ് വകുപ്പിനില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ അഡ്ജുഡീക്കേഷൻ, അദ്ദേഹം സ്വതന്ത്രമായി ട്ടെടുത്ത തീരുമാനം ആയിക്കോട്ടെ, സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. ലോട്ടറീസ് ഡയറക്ടർ നിങ്ങൾക്കെഴുതിയോ, ഇതിനെതിരെ റിവ്യൂ പെറ്റീഷൻ വേണമെന്ന്? നിങ്ങൾ കൊടുത്തോ? ഇതാണ് ചോദ്യം. രണ്ടാമത്തെ ഇൻസ്റ്റൻസ്. ലോട്ടറീസ് ഡയറക്ടർ, ലോട്ടറീസ് വകുപ്പ് ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യത്തെ പരിഗണിച്ചുകൊണ്ട് അഡ്ജുഡീക്കേഷനെതിരായിട്ട് കൊടുത്ത പെറ്റീഷൻ, കത്ത് എന്റെ കയ്യിലുണ്ട്. ആ കത്തിൽ എഴുതിയിരിക്കുന്നു, അത് വായിക്കാൻ ഒരുപാട് സമയമെടുക്കും. സർക്കാർ ഇത് അപ്പീൽ ചെയ്യണമെന്നുള്ളത്. അതിന് തയ്യാറായോ? ടാക്സസ് വകുപ്പ് സമ്മതിച്ചില്ല. കേസ് മുന്ന്. ഇല്ലീഗൽ ലോട്ടറീസ്. സെക്ഷൻ നാല് അനുസരിക്കുന്ന കമ്പനികളിൽനിന്നേ നികുതി പിരിക്കാൻ പാടുള്ളൂ. ലോട്ടറീസ് വകുപ്പല്ലേ ആദ്യം ഈ നിലപാടെടുത്തത്? ടാക്സസ് വകുപ്പ് തെറ്റിച്ചു. ഏതൊക്കെ തരത്തിലുള്ള നിയമവിരുദ്ധമായ ലോട്ടറികളിൽനിന്നാണ് ഇവർ നികുതി പിരിച്ചിട്ടുള്ളതെന്ന് ഈ സഭയിൽ അവതരണവേളയിൽ ശ്രീ. എം. വി. ജയരാജൻ തുടങ്ങിയ എത്രയോ അംഗങ്ങൾ രേഖകൾ ഉയർത്തിപ്പിടിച്ച് പറഞ്ഞു. ഈ രേഖകൾ എങ്ങനെ വന്നു? ഞങ്ങളുടെ കയ്യിൽനിന്നും അഡ്വാൻസ് ടാക്സ് ഇവർ പിരിച്ചിട്ടുണ്ട് എന്നുള്ള തെളിവിനുവേണ്ടി രേഖകൾ ഹാജരാക്കിയപ്പോഴാണ് കാണുന്നത്, ഒറ്റ നമ്പർ ലോട്ടറിയിൽ നികുതി. ആഴ്ചയിൽ അല്ല. ദിവസവും നാൽപ്പതും അൻപതും ആണ് നറുക്കെടുക്കുന്നത്. ഇതിന് അമ്പതിനായിരം രൂപ അടയ്ക്കുന്നു. എന്നിട്ട് പറയുന്നു ഇരുപത്തയ്യായിരം രൂപയുടെ നികുതിയേ തരാനുള്ളൂ. ബാക്കി അഡ്വാൻസായി കരുതണം. അത് അനുവദിച്ചു കൊടുക്കുന്നു. കൊണ്ടുവന്ന കടലാസിൽത്തന്നെ ഒപ്പിട്ട് കൊടുക്കുന്നു. സർക്കാരിന്റെ താൽപ്പര്യം ലോട്ടറീസ് വകുപ്പാണോ ടാക്സസ് വകുപ്പാണോ പാലിച്ചിട്ടുള്ളത്? ഇത്തരത്തിൽ ഞാൻ തന്നെ വേണമെങ്കിൽ ഓരോ കേസെടുക്കാം.

ഒരു നിമിഷം മനസ്സാക്ഷിയോടു നീതിപുലർത്തിക്കൊണ്ട് ഈ ലോട്ടറി വിവാദത്തിൽ അങ്ങയുടെ വകുപ്പ് തുടർച്ചയായിട്ട് എന്ത് കാരണങ്ങൾ കൊണ്ടാവട്ടെ, ഉദ്യോഗസ്ഥൻമാരാണോ, അവരുടെ മേൽനോട്ടം വഹിക്കുന്ന മന്ത്രിമാരാണോ ആരോ ആകട്ടെ കാരണക്കാർ, ഈ ലോട്ടറി കേസ്, അതിന്റെ ഓരോ ഘട്ടത്തിലും അവർ എടുത്ത നിലപാട് എന്ത്, ലോട്ടറീസ് വകുപ്പ് എടുത്ത് നിലപാടെന്ത്? സംസ്ഥാന ത്തിന്റെ ഉത്തമ താൽപ്പര്യം ആരാണ് ഉയർത്തിപ്പിടിച്ചത്? ഇവിടെ ഈ ബില്ലിന്റെ അവതരണവേളയിൽ ശ്രീ. പി. ടി. തോമസ്, അജിത് കുമാർ എന്നു പറയുന്ന അഡ്വക്കേറ്റ് എങ്ങനെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി കോടതിയിൽ വാദിച്ചു? ഞാനും മഹാരാജാസിൽ തോമസിന് തൊട്ടുമുമ്പ് പഠിച്ചതാണ്. അന്ന് കെ. എസ്.യു.-വിലുള്ള ഒരാളാണ്. കെ.എസ്.യു. ആയിക്കോട്ടേ കോൺഗ്രസു കാരൻ ആയിക്കോട്ടേ ഞങ്ങൾക്കെതിരഭിപ്രായമില്ല. അദ്ദേഹം ഈ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി നിന്നു. അയാൾക്ക് എന്ത് സ്ഥാനം കൊടുത്തു? അയാളെ മാറ്റി. ഇവിടെ ഇന്നും ഈ സഭയിൽ ലോട്ടറി ഡയറക്ടറായിരുന്ന സുരേഷ്കുമാറിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്താ പറഞ്ഞത്. കൈരളിക്ക് 45 ലക്ഷം രൂപ, ഭീമമായ തുക, എന്താ ഈ കൈരളിക്കുള്ള 45 ലക്ഷം രൂപ? ലോട്ടറി നറുക്കെടുപ്പ് സംപൂർണ്ണമായി, ഈവന്റായി സംപ്രേഷണം ചെയ്യുന്ന തിന് പരസ്യം നൽകുന്നതിന് വിവിധ ചാനലുകളോട് ലോട്ടറീസ് വകുപ്പ് ടെണ്ടർ ക്ഷണിച്ച് പത്രപ്പരസ്യം ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ചാനലുകൾ നൽകി. കൈരളിയും നൽകി. വേറെ പല ചാനലുകളും നൽകി. പ്രൈം ചാനലിനു പുറമേ ന്യൂസ് ചാനലും കൂടി റൺ ചെയ്യുന്ന ചാനലുകൾ കോട്ട് ചെയ്തതിനേ ക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രൈം ചാനൽ, ന്യൂസ് ചാനലല്ലാത്ത ചാനൽ കൈരളി കോട്ട് ചെയ്തു. അതല്ലേ ഉണ്ടായത്? ഈ 45 ലക്ഷം രൂപയെന്ന് പറഞ്ഞു കഴിഞ്ഞാൽ, തുക കേട്ടാൽ നിങ്ങൾ ഞെട്ടും. സെക്കന്റിന് പതിനായിരം രൂപവച്ച് ടൈമിന് ഇത് സംപ്രേഷണം ചെയ്യണമെന്നുണ്ടെങ്കിൽ എത്ര കോടി രൂപ വരും? അതുകൊണ്ടാണ് ആളുകൾ സ്പോൺസേർഡ് പ്രോഗാമിന് പോകുന്നത്. ഈ തുക എടുത്തുവച്ചിട്ട് സുരേഷ്കുമാറിനെക്കുറിച്ച് എന്നെക്കൊണ്ട് പറയിക്കണോ?

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പരസ്യത്തിനു വേണ്ടി നിരക്ക് കോട്ട് ചെയ്തത് കൈരളി, ഏഷ്യാനെറ്റ്, ജീവൻ ഈ മൂന്നു ചാന ലുകളാണ്. അതിൽ ഒരു വർഷത്തേയ്ക്ക് 45 ലക്ഷം രൂപയാണ് കൈരളി കോട്ട് ചെയ്ത തെങ്കിൽ ഏഷ്യാനെറ്റ് 46 ലക്ഷം രൂപയാണ് കോട്ട് ചെയ്തത്. ജീവൻ ടി. വി. തുക യൊന്നും പറയാതെ അങ്ങനെ കോട്ട് ചെയ്തിട്ടാണ് കൊടുത്തത്. കുറഞ്ഞ നിരക്കി ലുള്ളത് ഇന്നയിന്നതാണ് എന്നു മാത്രമാണ് നികുതി വകുപ്പു സെക്രട്ടറിക്ക് ലോട്ടറി ഡയറക്ടർ അയച്ച കത്തിലെ പരാമർശം എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. കെ. ബാലൻ: ലോട്ടറി ഡയറക്ടർ സുരേഷ് കുമാർ മന്ത്രിക്ക് പുട്ടപ്പ് ചെയ്തിട്ടുള്ള ഫയലിൽ കൈരളിയെപ്പറ്റി ഒരുപാട് കീർത്തനങ്ങൾ എഴുതിയതുപോലെ എഴുതി. അത് അയാളുടെ പക്ഷപാതിത്വം തെളിയിക്കുന്നതാണെന്നാണ് ഈ സഭയിൽ തന്നെ ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ കൈരളി ഈ റേറ്റ് കോട്ട് ചെയ്തപ്പോൾതന്നെ ആ കൈരളി ചാനലിന്റെ സവിശേഷതയെ സംബന്ധിച്ച് ഒരു ലീഫ്ലെറ്റ് എൻക്ലോസ് ചെയ്തിരുന്നു. അതിൽ ഇന്നതൊക്കെ യാണ് ആ ചാനലിനെപ്പറ്റി അവർ ക്ലെയിം ചെയ്യുന്നത് എന്നു പറഞ്ഞുകൊണ്ടാണ് എഴുതിയതെന്നുള്ളത് ഡോക്ടർക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ: തോമസ് ഐസക്: ഒരുപാടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉള്ളതെല്ലാം വായിച്ച് അങ്ങ് പറയണം. ഇങ്ങനെ ചോദ്യം ചോദിച്ച് അർത്ഥോക്തിയിൽ നിർത്തരുത്. അങ്ങ് പറഞ്ഞുകളയും എന്നു പറയുമ്പോൾ ഞങ്ങൾ എന്താ പേടിച്ചു പോകുമോ? ഒന്നുമില്ല. അപ്പോൾ ഈ സുരേഷ് കുമാർ എന്തു ചെയ്തു എന്നാണ് പറയുന്നത്? സംസ്ഥാന സർക്കാരിന്റെ നയം ബാക്കി ഡിപ്പാർട്ടുമെന്റുകളും ഉദ്യോഗസ്ഥന്മാരും എ. ജി.-യും എല്ലാം തുടർച്ചയായിട്ട് ലംഘിച്ചപ്പോൾ സംസ്ഥാന സർക്കാരിന്റെയും സംസ്ഥാനത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നിലപാട് എടുത്തത് ലോട്ടറി ഡിപ്പാർട്ടുമെന്റാണ്. കാരണം എന്താണെന്നുവച്ചാൽ ലോട്ടറി ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം അവരുടെ ഉത്തമ താൽപ്പര്യം കേരള സംസ്ഥാന ഭാഗ്യക്കുറി നടത്തലാണ്. അതിന്റെ പ്രചാരം കൂടുതൽ വേണമെങ്കിൽ പുറത്തുനിന്നുള്ള ലോട്ടറികൾ പരമാവധി കുറയണം. അതുകൊണ്ടാണ് ആ ഡിപ്പാർട്ടുമെന്റിന്റെ താൽപ്പര്യംകൂടി വച്ചിട്ട് മറ്റ് ലോട്ടറികൾക്ക് എതിരായി ശക്തമായ നിലപാട് എടുത്തത്. ഇതല്ലേ ഉണ്ടായിട്ടുള്ളത്? ഇതിനവരെ പ്രശംസിക്കുന്നതിനുപകരം ഇങ്ങനെ അപമാനിച്ച് ഒരു നിയമംതന്നെ കൊണ്ടുവരികയാണ്. ഇതുവരെ ചെയ്തുകൊണ്ടിരുന്ന എൻഫോഴ്സുമെന്റ് മുഴുവൻ എടുത്തുമാറ്റിയിട്ട് ഈ രീതിയിൽ സംസ്ഥാനത്തെ ഈ അപമാനകരമായ നിലയിൽ കൊണ്ടുചെന്നു എത്തിച്ചേർത്ത ടാക്സസ് ഡിപ്പാർട്ടുമെൻറ് അല്ലെങ്കിൽ ഹോം ഡിപ്പാർട്ടുമെന്റ് അവർക്ക് ഈ എൻഫോഴ്സുമെന്റ് മുഴുവൻ കൊടുക്കുകയാണ്. ശ്രീ. എ. കെ. മണി അതുകൂടി ഒന്ന് ആലോചിക്ക്. എത്ര പട്ടികജാതിക്കാർ ഈ സംസ്ഥാന സർക്കാരിന്റെ സിവിൽ സർവ്വീസിൽ ഉണ്ടെന്ന്. ഇങ്ങനെ ഏറ്റവും പ്രഗൽഭനായിട്ടുള്ള ആഫീസറെ പരസ്യമായിട്ട് അപമാനിച്ച് വേട്ടയാടുമ്പോൾ ഇങ്ങനെ ചോദിക്കുകയല്ല വേണ്ടത്.

ശ്രീ. എ. കെ. മണി: സർ, പറയുമ്പോൾ അതുകൂടി പറയേണ്ടതല്ലേ, പട്ടികജാതിക്കാരന്റെ പേരല്ലേ പറയേണ്ടത്? അല്ലാതെ ബില്ലിന്റെ പുറത്ത് സംസാരിക്കുമ്പോൾ.....

ഡോ: തോമസ് ഐസക്: ശ്രീ. എ. കെ. മണി അങ്ങനെ പട്ടികജാതിക്കാരനായിട്ടുള്ള ഒരു ആഫീസറെ അദ്ദേഹത്തിന് മറ്റ് ഏത് ആഫീസറെയും പോലെ അതിനെക്കാൾ കൂടുതൽ അംഗീകാരം കിട്ടുമ്പോൾ അതിനെ കുത്തികുത്തി ചോദിക്കുന്നതിന് ശ്രമിക്കുമ്പോൾ.....എനിക്ക് അനുകൂലമായിട്ടാണോ; സോറി ക്ഷമിക്ക്. അപ്പോൾ ഞാൻ പറഞ്ഞു വരുന്നത് ഈ നിയമത്തിൽ അടിസ്ഥാനപരമായിട്ടുള്ള പോരായ്മ എൻഫോഴ്സുമെന്റിനെ സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഇല്ല എന്നുള്ളതാണ്. അത് അവ്യക്തമായിട്ട് കിടക്കുന്നു. ആ സെക്ഷൻ 4-ൽ പറയുന്നതായിട്ടുള്ള കാര്യങ്ങൾ അത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഒരു ഏജൻസി വേണം. ടാക്സ്സ് ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ കഴിയും. പിന്നെ അവസാനമായിട്ട് സൂചിപ്പിക്കാനുള്ളത്, രജിസ്ട്രേഷനാണ്, ഇപ്പോൾ നികുതി മാത്രമേയുള്ളു. അതിനെ ടാക്സെന്നു വിളിക്കുന്നു. ടാക്സ് എന്നു വിളിക്കുന്നതിന് രണ്ടു പ്രശ്നങ്ങളുണ്ട്. എന്താണ് അത്? രണ്ടര ലക്ഷവുമായി പത്തുലക്ഷം വച്ചിരിക്കുന്നതാണ്. കർണ്ണാടക സംസ്ഥാനത്ത് ഒരു ലക്ഷമാണ് ഇതുപോലെ ഒരു ഡ്രോയ്ക്ക് വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി ചലഞ്ചുചെയ്തു. 5,750 കോടി എന്ന് ടാക്സസ് ഡയറക്ടർ പറഞ്ഞപ്പോൾ അങ്ങും കോടതിയും ചിരിച്ചില്ലേ? അതുവേറെ, നമ്മുടെ ഹൈക്കോടതി ചിരിച്ചുപോയി. എങ്ങനെ ഒരു ഡ്രോയ്ക്ക് ഒരുലക്ഷം? അവർ അതിനെ 50,000 രൂപയായി ചുരുക്കി. നിങ്ങളുടെ രണ്ടരലക്ഷം. അവ വേണമെങ്കിൽ ഇനിയും താഴേയ്ക്ക് നീക്കാം. ഈ കാരണം പറഞ്ഞുകൊണ്ട്. നികുതിയിൽ quid pro quo ഒന്നും ഇല്ലെങ്കിലും നികുതി വരുമാനത്തിന്റെ ശതമാനമാണ് സെയിൽസ് ടാക്സ്. അപ്പോൾ വരുമാനത്തെക്കാൾ കൂടുതൽ കൊടുക്കണമെന്നുപറഞ്ഞാൽ ഈ കോടതികളൊക്കെ ചിരിച്ചുപോകും. കേരളത്തിലെ കോടതി, ഡയറക്ടർ പറഞ്ഞപ്പോൾ ചിരിച്ചില്ലേ, അതുപോലെ ചിരിച്ചുപോകും. കർണ്ണാടക അവരുടെ റേറ്റ് കുറച്ചു. ഇവരുടെ രണ്ടരലക്ഷം വിൽക്കില്ല. മഹാരാഷ്ട്രയിൽ എന്തുചെയ്തു എന്നറിയാമോ? അവരാണ് ഒരു ഡ്രോയ്ക്ക് ഒരു റേറ്റ് എന്നുള്ളത് വിട്ടിട്ട് ടേണോവർ ടാക്സായിട്ട് മാറ്റാൻ പറഞ്ഞു. ഇത് മറി കടക്കാൻ ഒറ്റ മാർഗ്ഗമേയുള്ളു. അത് എന്താണ്? ഇത് രജിസ്ട്രേഷൻ ഫീസാക്കണം. രജിസ്ട്രേഷൻ ഫീസ് ആക്കിക്കഴിഞ്ഞാൽ രണ്ടു ഗുണങ്ങളുണ്ട്. ഈ പ്രശ്നത്തിൽനിന്നു രക്ഷപ്പെടാം. രജിസ്ട്രേഷൻ ഫീസ് കൊടുക്കുമ്പോൾ സർവ്വീസ് എന്തുകൊടുക്കുമെന്നു ചോദിക്കും. നമ്മുടെ രാജ്യത്ത് ഫീസ് മുഴുവനും സബ്സിഡൈസ്ഡ് ആണെന്നാണ് വാദം. വിമർശനം. മൊത്തം സർവ്വീസിന്റെ 10 ശതമാനം പോലും, അഞ്ച് ശതമാനം പോലും അത് ഫീയായിട്ട് പിരിക്കുന്നില്ല എന്നുപറയാമെങ്കിൽ നേരെ തിരിച്ചു മായിക്കൂടെ? കൊടുക്കുന്ന സർവ്വീസിനെക്കാൾ കൂടുതൽ quid pro quo ആരും പറഞ്ഞിട്ടേയില്ല. സർവ്വീസ് ഉണ്ട്. സംസ്ഥാന സർക്കാർ അതിൽ മേൽനോട്ടം വഹിക്കുന്നുണ്ട്. അതുകൊണ്ട് ഫീയാണ് വയ്ക്കേണ്ടത്. അങ്ങനെ ഫീ വച്ചാൽ ഒരു ഗുണം കൂടിയുണ്ട്. രജിസ്റ്റർ ചെയ്യണം. ആ രജിസ്ട്രേഷൻ സെക്ഷൻ 4 പ്രകാരമുള്ള നിബന്ധനകൾ പാലിക്കണമെന്നു പറയാൻ കഴിയും. ഈ ലോട്ടറി കമ്പനികളുടെ മേൽ ശക്തമായ നിയന്ത്രണം സർക്കാരിന് കൊണ്ടുവരാൻ കഴിയും. ഇത്തരത്തിലുള്ള ഒരു സമീപനമല്ല ഈ ബില്ലിലുള്ളത്. അപ്പോൾ മൂന്നു മൂലകാരണങ്ങളുണ്ട്. ഒന്നു സെക്ഷൻ 4-ലെ നിബന്ധനകൾ ബില്ലിൽ ഉൾക്കൊള്ളിക്കപ്പെടുന്നില്ല. അത് എൻഫോഴ്സ് ചെയ്യുന്നതിനുള്ള ഒരു ഏജൻസിയില്ല. ലോട്ടറി ഡിപ്പാർട്ടുമെന്റിനെ പരിപൂർണ്ണമായിട്ട് മാറ്റിനിർത്തുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ ടാക്സിനെക്കാൾ കൂടുതൽ ഫലപ്രദം രജിസ്ട്രേഷൻ ഫീയാണ്. അങ്ങനെ രജിസ്ട്രേഷൻ ഫീ ആക്കുന്നതുകൊണ്ട് ഒരു പ്രശ്നം ഒഴിഞ്ഞുകിട്ടും. ടേണോവർ സെയിൽസിന്റെ ശതമാനം. അത് നികുതി വെട്ടിപ്പിന്റെ ഏറ്റവും വലിയ പ്രഭവസ്ഥാനമാണ്. അത് ഒഴിഞ്ഞു കിട്ടും. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം ശക്തമായിട്ട് രേഖപ്പെടുത്തുകയാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിന്റെ കൂടെ ജോയിന്റായിട്ടാണ് ഞാനും ഡിസന്റ് എഴുതിയത്. അതുകൊണ്ട് എനിക്ക് പ്രത്യേകമായിട്ട് വിശദമായി ഒന്നും പറയാനില്ല. ഒരു കാര്യം മാത്രം ഈ കാര്യത്തിൽ പറയാനുണ്ട്. ഇതുവരെ കേരളത്തിലെ ഭാഗ്യക്കുറി കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്, അക്കാര്യത്തിൽ വലിയ റെപ്യൂട്ടേഷനുള്ള ഒരു വകുപ്പായ കേരള ഭാഗ്യക്കുറി വകുപ്പാണ്. ഈ ബിൽ നടപ്പിലാക്കുന്നതോടുകൂടി എന്തുകൊണ്ട് ആ ഭാഗ്യക്കുറി വകുപ്പിനെ ഇതിൽനിന്നു പൂർണ്ണമായി ഒഴിവാക്കണമെന്നുള്ളത് ആലോചിക്കേണ്ട കാര്യമാണ്. ഡോ. തോമസ് ഐസക് പറഞ്ഞതുപോലെതന്നെ ഒരു എൻഫോഴ്സുമെന്റ് ഇന്ന് താഴെത്തട്ടിൽ വേണമെന്ന് ഞങ്ങളാരും ഇപ്പോൾ ഡിസന്റിംഗിൽ പറയുന്നതല്ല. 2002-ലെ കേരള ഗവൺമെന്റിന്റെ ബഡ്ജറ്റിൽ തന്നെ താഴെ തട്ടിൽ ഭാഗ്യക്കുറിവകുപ്പിന് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുമെന്നു ഈ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇല്ലായെന്നു ഇപ്പോൾ പറയാൻ കഴിയുകയില്ല. അതുകൊണ്ട് അതുകൂടി പ്രധാനമായിട്ടും നോക്കണം. മറ്റൊരുകാര്യം പറയാനുള്ളത് കേരള ഭാഗ്യക്കുറി വകുപ്പിന് ഇപ്പോൾ ഇവിടെ പേപ്പർ ലോട്ടറിയുടെ സൂപ്പർവിഷനും അതുസംബന്ധിച്ച കാര്യങ്ങളുമൊക്കെ നടത്തുന്നതിലൂടെ അവർക്ക് ഒരു എക്സ്പീരിയൻസുണ്ട്. ഇപ്പോൾ ഡോ. തോമസ് ഐസക് ലോട്ടറി വകുപ്പിന്റെ സ്തുത്യർഹമായിട്ടുള്ള ചില സേവനങ്ങൾ, അതിൽ സൂപ്പർ വിഷൻ, ഇവിടെ കണ്ടുപിടിച്ചിട്ടുള്ള കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. കേരള ഭാഗ്യക്കുറിക്ക് പുറമെ പേപ്പർ ലോട്ടറികൂടി സൂപ്പർവൈസ് ചെയ്തു. അതെല്ലാം ചെയ്തുകൊടുക്കുന്ന ഭാഗ്യക്കുറി വകുപ്പിനെ എന്തിന് ഈ സന്ദർഭത്തിൽ ഒഴിവാക്കണമെന്നുള്ളത് കാര്യമായിട്ട് ആലോചിക്കേണ്ടതാണ്. അതുപോലെ ടാക്സ്, രജിസ്ട്രേഷൻ ഫീസ് ആക്കുന്നതൊക്കെ ഇവിടെ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. ഞാൻ അതിൽ പ്രത്യേകമായിട്ട് ഒന്നും പറയുന്നില്ല. മറ്റൊന്ന് ഈ ബോഗസ് ലോട്ടറിയെ തടയാൻ ഈ പ്രൊപ്പോസൽ വരുന്ന സമയത്തുതന്നെ പലരും പറയുന്നതു ഈ ലോട്ടറികൾക്ക് എല്ലാംതന്നെ മുദ്രവയ്ക്കണം എന്നുള്ളതാണ്. ഇപ്പോൾ കേരള ഗവൺമെന്റിന്റെ ലോട്ടറിക്ക് വ്യക്തമായിട്ട് സീലും കൗണ്ടർഫോയിലും ഒർജിനൽ ടിക്കറ്റ് ആകത്തക്കവിധത്തിലുള്ള സീലുമുണ്ട്. ആ സീൽ സമ്മാനഘട്ടത്തിൽ വ്യക്തമായിട്ട് ഒപ്പിച്ച് നോക്കി അത് വളരെ ശരിയാണെന്നു കണ്ടാൽ മാത്രമെ കൊടുക്കുകയുള്ളു. ജനങ്ങളല്ലേ പണം കൊടുക്കുന്നത്. അതുകൊണ്ട് എത്രവലിയ ഭാരിച്ച വർക്കാകട്ടെ അതിന് അത്യന്താധുനികമായ സംവിധാനമുണ്ട്. ഇവിടെ കൊണ്ടുവന്നു വില്പന നടത്തുന്ന എല്ലാ ലോട്ടറികൾക്കും ഒരു വിശ്വാസ്യത ഉണ്ടാകാൻ എന്തുകൊണ്ട് നമുക്ക് ഒരു സീലിംഗ് സമ്പ്രദായമായിക്കൂടാ? ലബോറിയസ് വർക്കാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാക്കാവുന്ന കാര്യങ്ങളാണ്. എന്നാൽ അതിനൊരു വേ ഔട്ട് കാണണ്ടേ? നമ്മളെ വിശ്വസിച്ചല്ലേ നാട്ടുകാർ കാശ് കൊടുക്കുന്നത്? അതുകൊണ്ട് അതിനെപ്പറ്റി കാര്യമായ രൂപത്തിൽ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ അയ്യായിരത്തിലധികം കോടി രൂപയുടെ കാര്യങ്ങളെല്ലാം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറഞ്ഞു അറുപതിനായിരം കോടി രൂപയിലധികം, ഒരു കൊല്ലത്തെ സ്റ്റേറ്റിന്റെ വരുമാനം തന്നെ അതിനടുത്താണ് വരുന്നത്. അത് മുഴുവനും എടുത്ത് ലോട്ടറിയിൽ ചെലവാക്കുമോയെന്ന് ചോദിച്ചു. എന്റെ കയ്യിലുള്ള രേഖകൾ വച്ച് ഞാൻ ഇവിടെ പറയുകയാണ്. പേപ്പർ ലോട്ടറിയാണ്. ബി. എസ്. എന്റർപ്രൈസസ്. ഇത് നടപ്പിലാക്കുന്ന മാർട്ടിനെപ്പറ്റി ഈയടുത്ത കാലത്ത് പത്രത്തിൽ വന്നത് റിലയൻസ് കമ്പനിക്ക് ഇന്ന് ഇന്ത്യയിൽ എന്ത്

LIBRARY ARCHIVES Kerala Legislative Assembly

ആസ്തിയുണ്ടോ അതിനോട് കിടപിടിക്കത്തക്കതാണ് ഈ ചൂതുകളി നടത്തി സമ്പാദിക്കുന്ന മാർട്ടിനുള്ളതെന്നുള്ളത് നമ്മൾ കാണണം. ഇപ്പോൾ പത്രത്തിലൊക്കെ കണ്ടതാണ്, ജയലളിതയുമായി തെറ്റി. വീണ്ടും അഡ്ജസ്റ്റ്മെന്റ് വന്നു. മാർട്ടിന് അനുവദിക്കാൻ പോകുന്നു എന്നാണ്. അദ്ദേഹത്തിന്റെ ഒരു സ്ഥാപനമാണ് ബി. എസ്. എന്റർപ്രൈസസ്, കോയമ്പത്തൂരുള്ളത്. പാലക്കാട്ട് ഫംഗ്ഷൻ ചെയ്തു. അവർ സെയിൽസ് ടാക്സ് ഓഫീസർക്ക് കൊടുത്തിട്ടുള്ള പേപ്പർ ലോട്ടറീസ് ടിക്കറ്റിനെ സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ വായിക്കാം. 3-1-2005 മുതൽ 31-3-2005 വരെ അവർ കൊടുത്തിട്ടുള്ള ഒരു കണക്ക് ഞാൻ ഇവിടെ പറയാം. അതിന്റെ ഡീറ്റെയിൽസും കാര്യങ്ങളുമൊക്കെ കൊടുത്തിട്ടുണ്ട്. കേവലം ഒരാഴ്ചത്തേയ്ക്ക് അവർ കൊടുത്തിട്ടുള്ള കണക്ക്, 46.7 കോടി രൂപ. ഒരു മാസത്തെ കണക്ക്, നാലാഴ്ചത്തെ കണക്ക് എടുത്താൽ 186.8 കോടി രൂപ വരും. അതിനെ 12 മാസംകൊണ്ട് ഗുണിച്ചാൽ 2241 കോടി രൂപ മാർട്ടിന് പേപ്പർ ലോട്ടറിയിലൂടെ മാത്രം ലഭിക്കുന്നുണ്ട്. ഈ 2241 കോടി രൂപ എല്ലാ ജില്ലകളിലും പെരുക്കണമെന്ന് ഞാൻ പറയുന്നില്ല. പാലക്കാട് പോലെ വിറ്റുവരവുണ്ടാകാൻ സാദ്ധ്യതയുള്ള കേവലം 10 ജില്ലകളെങ്കിലും ഈ കേരളത്തിലുണ്ടെന്ന് വിചാരിക്കുക. അങ്ങനെയാണെങ്കിൽ അത് 22410 കോടി രൂപ വരും. പത്ത് ജില്ലകളിലേത് മാത്രം കണക്കാക്കിയാൽമതി. ഒരുപാടുണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. കാര്യമായ പരിശോധന നടത്തണം. കാരണം നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടതാണ്. ഡിസന്റെഴുതിയ എനിക്കും ഡോക്ടർ തോമസ് ഐസക്കിനും വിനിയോഗിക്കേണ്ട കാശല്ലല്ലോ ഇത്. കേരളത്തിലെ മുന്നേകാൽ കോടി ജനങ്ങൾക്കും ഈ ഗവണ്മെന്റിനും കിട്ടേണ്ട കാശല്ലേ? അതുകൊണ്ട് സെയിൽസ് ടാക്സ് ഇനത്തിൽ മാർട്ടിൻ ഒരാഴ്ചയിൽ കൊടുത്തിട്ടുള്ള കണക്കുകൾപ്രകാരം ഇതിനെപ്പറ്റി ഒരു കാര്യമായ പരിശോധന വേണമെന്നാണ് പറഞ്ഞത്. ഇതൊക്കെ ഞാൻ പറയുന്നത് ശരിയാണെന്ന് എനിക്ക് പറയാൻ പറ്റില്ല. മറ്റ് കണക്കുകൾ ഉണ്ടാകും. നമ്മുടെ സംസ്ഥാനത്തെ പേപ്പർ ലോട്ടറി വിൽപ്പനയിലൂടെ അവർ കൊടുത്ത കണക്കുപ്രകാരം കണക്കാക്കിയാൽ എന്തുമാത്രം ചെലവ് വരുന്നുണ്ട്. അത് എങ്ങനെ നിയന്ത്രിക്കാമെന്നത് പരിശോധിക്കേണ്ടതാണ്. സൂപ്പർ വിഷൻ, സീലിംഗ്, അക്കൗണ്ടിംഗ് എല്ലാം നമ്മൾ ലോട്ടറി വകുപ്പിന് അവരുടെ പരിചയം കണക്കിലെടുത്ത് കൊടുക്കണമെന്നതാണ് ഡിസന്റിന്റെ കാതൽ. ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതിബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാടുകൾ, ഗെയിമിംഗ് ബിൽ അവതരിപ്പിച്ചുകൊണ്ട് അതിനുള്ള മറുപടിയിൽത്തന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി. അത് അദ്ദേഹത്തിന്റെ മറ്റൊരു അൽഭുതമായിട്ടാണ് എനിക്ക് തോന്നിയത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് ഒരു മന്ത്രി ഇവിടെ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വാക്കുകൾ കോട്ട് ചെയ്യാം. 'ഈ ബിൽ സെറ്റ്എസൈഡ് ചെയ്യില്ല എന്ന് ഞാൻ പറയുന്നില്ല'. അങ്ങനെ പറഞ്ഞുകൊണ്ട് ഒരു ബില്ല് അവതരിപ്പിച്ച ചരിത്രമുണ്ടോ? അങ്ങനെ പറഞ്ഞാൽ അങ്ങയുടെ ബോദ്ധ്യം എന്താണ്? സെറ്റ് എസൈഡ് ചെയ്യുമെന്നതുതന്നെയല്ലേ? ഉത്തമബോദ്ധ്യത്തോടുകൂടിയല്ലേ ഒരു നിയമം സഭയിൽ കൊണ്ടുവരേണ്ടത്. അവതരിപ്പിച്ച മന്ത്രിതന്നെ ഉത്തമബോദ്ധ്യമില്ലെന്ന്, പരസ്യമായി ഇവിടെ പറഞ്ഞിരിക്കുകയാണ്. അതാണ് ഇവിടെ പറയുന്നത്. നിങ്ങൾക്ക് ഈ രണ്ടു ബില്ലുകളും കൊണ്ടുവരുന്ന കാര്യത്തിൽ ആത്മാർത്ഥതയില്ല. ലോട്ടറി മാഫിയകളെ നിരോധിക്കുന്ന കാര്യത്തിലും ഗവണ്മെന്റിന് ആത്മാർത്ഥതയില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി. സുരേഷ്കുമാറിന്റെ പ്രശ്നം ഡോക്ടർ തോമസ് ഐസക് പറഞ്ഞു. എന്തെങ്കിലും ന്യായീകരണമുണ്ടോ? കേരള സ്റ്റേറ്റിലെ ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരിൽ മിടുമിടുക്കനായ ഒരാൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഓഫീസറെ ഈ ഗവണ്മെന്റ് വട്ടുതട്ടുകയല്ലേ? മാഫിയക്കാരുടെ കയ്യിൽനിന്നും പൈസ ഈടാക്കണമെന്ന് പറഞ്ഞ് കർശനമായ നിലപാട് സ്വീകരിച്ചപ്പോൾ, വിദ്യാഭ്യാസ വകുപ്പിൽ നിർത്തിയോ? പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി പറയുന്ന ആളുകളുള്ള വിദ്യാഭ്യാസ വകുപ്പിൽ അദ്ദേഹത്തെ നിർത്തിയോ? ചായ പകരുമ്പോൾ ഗ്ലാസിലുമല്ല, പാട്ടയിലുമല്ല എന്നതുപോലെ, അങ്ങനെ കുറേ നാൾ നിർത്തിയില്ലേ? എന്ത് ന്യായമുണ്ട്? ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും എല്ലാംവേണ്ടി നിൽക്കുന്ന ഒരാളാണെന്ന് ധരിച്ചു. പക്ഷേ, അനുഭവത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനെതിരായിട്ടുള്ള തുടർച്ചയായിട്ടുള്ള നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്? ശ്രീ. കുട്ടപ്പനോടുള്ള നിങ്ങളുടെ പ്രതികരണം എന്തായിരുന്നു? ശ്രീ. കുട്ടപ്പനെ ലിഫ്റ്റിൽനിന്നും ഇറക്കിവിട്ടില്ലേ? അവസാനം മന്ത്രിസഭയിൽനിന്നും അയാളെ ചാടിച്ചില്ലേ? എനിക്ക് തോന്നുന്നത് ഇത് ബോധപൂർവ്വമായ നിലപാടാണെന്നാണ്. ഇപ്പോൾ ശ്രീ. എ. പി. അനിൽകുമാർ രാജിവച്ചു. ഇവിടെ കേൾക്കുന്ന കാര്യം എന്താ? ശ്രീ. വക്കം പുരുഷോത്തമൻ കോൺഗ്രസ് നിയമസഭാകക്ഷി യോഗത്തിൽവച്ച് ശ്രീ. എ. പി. അനിൽകുമാറിനെ പുറത്താക്കണമെന്ന് ശഠിച്ചു എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് തീർന്നോ? ഇവിടെ മുത്തങ്ങയിൽ പ്രശ്നമുണ്ടായി. അവറ്റകളെ വെടിവച്ച് കൊല്ലേണ്ടതാണെന്ന് പറഞ്ഞതങ്ങല്ലേ? എനിക്ക് തോന്നുന്നത്, അങ്ങ് തന്നെയാണ് പറഞ്ഞതെന്നാണ്, അവിടെ ഇരിക്കുന്നതിനേക്കാൾ ഭേദം ഒരു പക്ഷേ അങ്ങ് സ്പീക്കറുടെ കസേരയിൽത്തന്നെ ഇരിക്കുന്നതായിരിക്കും. ഇതെല്ലാം കാണിക്കുന്നത് സുരേഷ്കുമാർ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാർക്ക് ന്യായമില്ല, നീതിയില്ല. ലോവസ്റ്റ് ടെണ്ടർ കോട്ട് ചെയ്ത, നിയമവിരുദ്ധമായ നടപടിക്ക് ഓശാന പാടുന്ന നിലപാടാണ് അങ്ങയുടെ വിശദീകരണത്തിൽത്തന്നെയുണ്ടായിരുന്നത്. അത്തരം കാര്യങ്ങൾ ഈ ഗവണ്മെന്റിന്റെ ആത്മാർത്ഥതയില്ലായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ടാക്സുമായി ബന്ധപ്പെടുത്തിക്കൊണ്ട് ലോട്ടറീസ് വകുപ്പിനെ പൂർണ്ണമായും മാറ്റി നിർത്തുകയാണ്. സെയിൽസ് ടാക്സ് വകുപ്പിനെ വിശ്വസിക്കാൻ പറ്റുമോ? അങ്ങുതന്നെ ഈ സഭയിൽ പറഞ്ഞല്ലോ, അവരോട് ഞാൻ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അത് നടപ്പിലാക്കുന്നില്ല എന്ന്. എങ്ങനെ അവരെ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കാൻ വേണ്ടി കഴിഞ്ഞു? ലോട്ടറീസ് വകുപ്പിനെ നോഡൽ എജൻസിയായിട്ട്, അഡ്മിനിസ്ട്രേറ്റീവ് വിഭാഗമായിട്ട് എൻഫോഴ്സ്മെന്റ് വിഭാഗമായിട്ട് നില നിർത്തണമെന്നുള്ള അഭിപ്രായമാണ് ഞങ്ങൾ ഇവിടെ പറയുന്നത്. നികുതി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച്, പേപ്പർ ലോട്ടറികളുടെ കാര്യത്തിൽ അവർ എത്ര വിൽപ്പന നടത്തി, വിറ്റുവരവെന്താണെന്ന് കണ്ടുപിടിക്കാൻ എന്ത് വകുപ്പുകളാണ് ഈ ബില്ലിലുള്ളത്? ഞങ്ങൾ നിർദ്ദേശിക്കുന്നത്, സ്റ്റേറ്റിലേയ്ക്ക് കടക്കുമ്പോൾതന്നെ പ്രിന്റ് ചെയ്തിട്ടുള്ള പേപ്പർ ലോട്ടറികൾ കേരളത്തിലേയ്ക്ക് വരുമ്പോൾ എൻട്രി പോയിന്റിൽവച്ചുതന്നെ അത് ഗവണ്മെന്റ് ഔദ്യോഗികമായി ഒരു സീൽ ചെയ്ത് കൊടുക്കണം. എത്ര വിറ്റു എന്നതു സംബന്ധിച്ച് നമ്മുടെ കയ്യിൽ എണ്ണം ഉണ്ടാകണം. രണ്ടര ലക്ഷം രൂപ ഒരു ഡ്രോയ്ക്കെന്ന് പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് ഇഷ്ടംപോലെ എടുത്ത് വിൽക്കാൻ പറ്റില്ലേ? എന്ത് നിയന്ത്രണമാണുള്ളത്? അതുകൊണ്ട് എൻഫോഴ്സ്മെന്റിനുവേണ്ടി ലോട്ടറി വിഭാഗത്തെ ഏർപ്പെടുത്തണം. പേപ്പർ ലോട്ടറി, പ്രത്യേകിച്ച് അന്യ സംസ്ഥാനങ്ങളിൽനിന്നും പേപ്പർ ലോട്ടറികൾ കേരളത്തിലേയ്ക്ക് കടന്നുവരുമ്പോൾ എൻട്രി പോയിന്റിൽത്തന്നെ ടിക്കറ്റുകൾ സീൽ ചെയ്യാനും കൃത്യമായ കണക്ക് ഗവണ്മെന്റിൽ ഉണ്ടാകാനും ഒരു സംവിധാനം ഇവിടെ ഇല്ല. അതുണ്ടാകണമെന്നുള്ളതാണ് മറ്റൊരു പ്രശ്നം. അങ്ങ് ഇവിടെ ഒരു ഔദ്യോഗിക ഭേദഗതി തന്നെ അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കാനുള്ളത്, ഒരു ഡ്രോയ്ക്ക് രണ്ടര ലക്ഷം രൂപ വച്ച്. അതിനുമാത്രം 10 ശതമാനം ടേണോവർ ടാക്സ് ഏർപ്പെടുത്തണം. ടേണോവർ ടാക്സ് വേണ്ടതില്ല എന്നുള്ള ഒഫിഷ്യൽ അമെന്റ്മെന്റ് അങ്ങുതന്നെ കൊണ്ടുവന്നിരിക്കുയാണ്.ഇതിൻ കൺഫ്യൂഷൻ ഉണ്ടാകേണ്ട എന്നുള്ളതുകൊണ്ട്.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ഇത് വച്ചിരിക്കുന്നതുതന്നെ കൂടുതലാണെന്നാണ് ഡോക്ടർ പറഞ്ഞത്.

<u>ശ്രീ. മത്തായി ചാക്കോ:</u> ആരും കൊടുക്കാൻ പോകുന്നില്ല. ഒരേയാളുതന്നെ പ്രൊമോട്ടറായെന്ന് പറഞ്ഞിട്ട് കൊടുക്കാൻ പോകുന്നോ? ഇതൊക്കെ കബളിപ്പിക്കലല്ലേ? എവിടെ നടക്കും? പ്രത്യേകിച്ച് സെയിൽസ് ടാക്സിലല്ലേ ഏൽപ്പിക്കുന്നത്? അവർ എന്തെങ്കിലും ചെയ്യാൻ പോകുന്നുണ്ടോ? അതുകൊണ്ടാണ് പറയുന്നത് ആവശ്യമായ ഒരു സംവിധാനം ഇതിന്റെ മുകളിൽ വേണമെന്ന്. ഗവണ്മെന്റിന്റെ ആത്മാർത്ഥത ഇക്കാര്യത്തിൽ ചോദ്യം ചെയ്യപ്പെടുന്നു എന്നുള്ളത് വസ്തുതയാണ്. ജനങ്ങളും ആ രൂപത്തിലാണ് എടുത്തിരിക്കുന്നത്. ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. കേന്ദ്ര ലോട്ടറി നിയമത്തിലെ 4-ാം

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സംസ്ഥാനത്ത് നടത്തുന്ന ലോട്ടറികളുടെ വിൽപ്പന തടയാൻ സംസ്ഥാനങ്ങൾക്ക് അവകാശം നൽകുന്ന രൂപത്തിൽ കേന്ദ്ര നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യണം. ഞങ്ങൾ പ്രതിപക്ഷത്തിന് തടസ്സമില്ലല്ലോ? ഞാൻ മനസ്സിലാക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിരവധി

LIBRARY ARCHIVES Kerala Legislative Assembly

തവണ മുഖ്യമന്ത്രിക്കും അതുപോലെ ധനകാര്യമന്ത്രിക്കും നിവേദനം നൽകിയെന്നാണ്. എം. പി.-മാരോട് ആവശ്യപ്പെടാം. റസല്യൂഷൻ പാസ്സാക്കണമെന്ന് പറഞ്ഞു. ആർക്കും തടസ്സമില്ല. റസല്യൂഷൻ മൂവ് ചെയ്യേണ്ടത് അങ്ങേ ഭാഗത്ത് നിന്നല്ലേ? റസല്യൂഷന് തടസ്സമുണ്ടോ? യോജിച്ച് നീങ്ങാം. പേറ്റന്റ് ബില്ലിന്റെ കാര്യത്തിൽ ധാരണയുണ്ടാക്കിയോ? ഇത്തരം കാര്യത്തിൽ ഇനിഷ്യേറ്റീവ് എടുക്കുന്നില്ലേയെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഇത് ലാപ്സായി പോകുമെങ്കിൽ അത് വേണ്ടല്ലോ? കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കാൻ കഴിയുന്നതല്ലേ? ഇതിനാവശ്യമായ നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുള്ളതാണ്. ഈ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലെ ആളുകളെ അങ്ങോട്ട് ഒന്ന് പിടിച്ചുകൂടെ? ചില സമയത്ത് ഉറഞ്ഞ് തുള്ളുന്നത് കാണാമല്ലോ? പരസ്യമായി ലോട്ടറി മാഫിയയുടെ കൂടെ നിന്നു എന്നു പറഞ്ഞ രാജൻ ജോസഫ് തുടരുകയാണല്ലോ? ഒന്നുമല്ലെങ്കിലും കെ.എസ്.യു.-ക്കാരനായിരുന്ന ശ്രീ. പി. ടി. തോമസ് പറഞ്ഞ വക്കീലിനെ നിങ്ങൾ എന്തിനാണ് മാറ്റിയത്? അയാൾ നല്ല വക്കീലാണ് എന്നാണല്ലോ ശ്രീ. പി. ടി. തോമസ് പറഞ്ഞത്. അയാളെ റീ-ഇൻസ്റ്റേറ്റ് ചെയ്യണോ ഈ രാജൻ ജോസഫിനെ മാറ്റണോ? അതിനുള്ള നെഞ്ചുറപ്പ് ധനകാര്യമന്ത്രി കാണിക്കുമോ? അതുപോലെ കുടിശ്ശികയുടെ കണക്ക് ശ്രീ. ടി. കെ. ബാലൻ പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് ഉത്തരമായി അങ്ങ് തന്നെ പറഞ്ഞിട്ടുള്ളതാണ്. ചോദ്യം— ലോട്ടറി വിൽപ്പനക്കാരിൽനിന്നും എത്ര കോടി രൂപയുടെ വെട്ടിപ്പാണ് ഈ കാലയളവിൽ പിടിക്കപ്പെട്ടിട്ടുള്ളത്? 9-2-2005 ലെ ചോദ്യമാണ്. ഉത്തരം— കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ് ഈ രംഗത്ത് 430 കോടി രൂപയുടെ നികുതി ചോർച്ച സംബന്ധിച്ചുള്ള പ്രാഥമിക വിവരം മേൽ നടപടിക്കായി നൽകിയിട്ടുണ്ട്. ഈ കണക്ക് എവിടെ നിന്നാണ് വന്നത്? ഇത് കോമ്പൗണ്ട് ചെയ്യേണ്ട പ്രശ്നം തന്നെ. ലോട്ടറി വിൽപ്പനക്കാർ അവരുടെ ഓരോ ഔട്ട്‌ലെറ്റിലും വിൽപ്പന നടത്തിയ തുകയുടെ കണക്ക് അവരോട് കൊടുക്കാൻ പറഞ്ഞു. കോമ്പൗണ്ടിംഗിനു വേണ്ടി അവർ കൊടുത്തു. അവർ കൊടുത്തിട്ടുള്ള കണക്കാണ് കൊമേഴ്സ്യൽ വിഭാഗം കാൽക്കുലേറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചത്. അതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ടെന്താണ് കാര്യം? അതുതന്നെയാണ് ഇവിടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. 430 കോടി രൂപയുണ്ടല്ലോ? ഇത് ചെറിയ നികുതി പണമാണ്. 700 കോടി രൂപയല്ലേ മൊത്തം സെയിൽസ്ടാക്സിൽനിന്ന് വരവുള്ളത്? ഏതാണ്ട് അതിന്റെത്രയും തന്നെ നിൽക്കുന്ന കണക്കാണ് കൊമേഴ്സ്യൽ വിഭാഗം പറഞ്ഞത്. അത്ര നിസാരമായിട്ട് കാണാൻ പറ്റുമോ? അതുകൊണ്ട് ശക്തമായ നിലപാട് ഈ കേസ് തോൽക്കുന്നവർക്കെതിരായിട്ട് ഉണ്ടാകണം. അതുപോലെ ഇവേഷനെ സംബന്ധിച്ച് സെയിൽസ്ടാക്സിനെ മാത്രം ചുമതലപ്പെടുത്താതെ ഇതിന്റെ കാര്യത്തിൽ ലോട്ടറി ഡിപ്പാർട്ടുമെന്റിനെ തന്നെ അതിന്റെ എൻഫോഴ്സ്മെന്റ് വിഭാഗമായിട്ട് ചുമതലപ്പെടുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഇത് പൊതുജനാഭിപ്രായം ആരായുന്നതിനായി തിരിച്ചയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ പഠിച്ചാൽ ഒരു കാര്യം ബോധ്യപ്പെടും. ഇതിൽ അന്യ സംസ്ഥാന ലോട്ടറിക്കാരിലെ നികുതി വെട്ടിക്കുറയ്ക്കാൻ സഹായകരമാകുന്ന തരത്തിലാണ് അറിഞ്ഞോ അറിയാതേയോ ഈ ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇക്കാര്യത്തിൽ ഗൗരവതരമായ പുനഃപരിശോധന നടത്തണമെന്നാണ് എനിക്ക് മുഖ്യമായി അഭ്യർത്ഥിക്കാനുള്ളത്. ലോട്ടറി വകുപ്പിനെ സംസ്ഥാന ലോട്ടറിയുടെ ചുമതല മാത്രം ഏൽപ്പിച്ചുകൊണ്ട് സെയിൽസ്ടാക്സിനെ അന്യ സംസ്ഥാന പേപ്പർ ലോട്ടറിയുടെ ചുമതല ഏൽപിക്കുന്ന സമീപനമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. സെയിൽസ്ടാക്സ് പിരിവിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഡിമാന്റ് ഡിസ്ക്കഷനിൽ പറഞ്ഞ നിലവിലിരിക്കുന്ന പരിമിതികളും പോരായ്മകളും സംബന്ധിച്ച് മുൻ ധനകാര്യമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ പറഞ്ഞതാണെങ്കിൽ ആറ് മാസം തന്നെ ചെക്ക് പോസ്റ്റുകളിൽ ആളിനെ ഇരുത്താൻ കഴിയില്ല. ആറ് മാസം ഇരുത്തിക്കഴിഞ്ഞാൽ അവർ കുഴപ്പക്കാരായി മാറും എന്നാണ്. ഏറ്റവും അവസാനം ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ അനുഭവം മുമ്പിലുള്ളതാണ്. ഇന്ന് നിലവിലുള്ള നികുതി തന്നെ പിരിച്ചെടുക്കാൻ കഴിയുന്നില്ല. ഒട്ടേറെ പരിമിതികൾ ഇന്ന് സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിലനിൽക്കുകയാണ്. ഇതിന്റെ പുറത്താണ് അന്യ സംസ്ഥാനത്തെ പേപ്പർ ലോട്ടറിയുടെ നികുതിയുടെ ചുമതല കൂടി അങ്ങ് ഏൽപിക്കാൻ ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. അങ്ങനെ വന്നാൽ എന്താകും? നിലവിലുള്ള സെയിൽസ്ടാക്സ് പിരിക്കാൻ കഴിയാത്ത ചെക്ക്പോസ്റ്റുകളിൽ അഴിമതികൾ നടക്കുന്ന സാഹചര്യത്തിൽ, അങ്ങ് തന്നെ പറഞ്ഞു സീൽ ചെയ്യാൻ പ്രായോഗികമായ ബുദ്ധിമുട്ട് വരുമെന്ന്. ശരിയാണ്. വലിയ ബൾക്കായിട്ടുള്ള നമ്പർ വരും. വിവിധ സംസ്ഥാനങ്ങളിലെ ലോട്ടറികളെല്ലാം സീൽ ചെയ്ത് മുൻകൂർ കൊടുക്കാൻ ശ്രമിക്കുകയെന്നു പറഞ്ഞാൽ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാകും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ എന്തെങ്കിലും സഹായങ്ങളോ നിരവധി കേന്ദ്രങ്ങളോ ഇതിനായി തുറന്നെങ്കിൽ മാത്രമേ പറ്റുകയുള്ളൂ എന്ന അങ്ങയുടെ വാദമുഖത്തെ ഞാൻ അംഗീകരിക്കുകയാണ്. അങ്ങനെ സീൽ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലാണ് അന്യ സംസ്ഥാന ലോട്ടറികൾ, നിരവധി വ്യാജ ലോട്ടറികൾ ഇവിടെ പ്രചരിക്കുന്നത് എന്ന് ബോധ്യമുള്ള സർക്കാരാണ് ഈ സംവിധാനം രൂപപ്പെടുത്താൻ ശ്രമിക്കുന്നത്. മറ്റൊന്ന് ലോട്ടറി ഡിപ്പാർട്ടുമെന്റ് സംസ്ഥാന ലോട്ടറി മാത്രം നടത്തിയാൽ അവസാനം ഇത് എവിടെച്ചെന്നെത്തും? സംസ്ഥാന ലോട്ടറികളിൽനിന്നുള്ള വരുമാനം ഈ ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ ആകെയുള്ള ഭരണ നിർവ്വഹണത്തിനുവേണ്ടിയും അതിന്റെ ചെലവിനും വേണ്ടി വിനിയോഗിക്കുമ്പോൾ ഇന്നത്തേതുപോലെ സംസ്ഥാന ലോട്ടറിയിൽ

നിന്നും കാര്യമായ വരുമാനം നമ്മുടെ സംസ്ഥാന സർക്കാരിന് ലോട്ടറി ഡിപ്പാർട്ടുമെന്റ് വഴി കിട്ടുകയില്ല. സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഇന്നത്തെ പരിമിതിയും ലോട്ടറി ഡിപ്പാർട്ടുമെന്റിൽ നിന്നും ഈ അധികാരം കവർന്നെടുക്കുകയും കൂടി ചെയ്യുമ്പോൾ ഫലത്തിൽ ഖജനാവിലേക്കുള്ള വരുമാനം നഷ്ടപ്പെടുകയും ലോട്ടറി ഡിപ്പാർട്ടുമെന്റ് ഫലത്തിൽ നിലനിൽക്കാൻ ബുദ്ധിമുട്ടുകയും ചെയ്യും.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> അന്യ സംസ്ഥാന ലോട്ടറികളെന്നു പറഞ്ഞ് ശിവകാശിയിൽനിന്ന് ഇഷ്ടം പോലെ പല സംസ്ഥാനങ്ങളുടെ പേരിലും ടിക്കറ്റ് അച്ചടിച്ചു കൊണ്ടുവന്ന് ഇവിടെ വിറ്റ് ആ ടിക്കറ്റ് വാങ്ങുന്ന ആളുകൾക്ക് ഒരു സമ്മാനവും കിട്ടാതെ അവർ കബളിപ്പിക്കപ്പെടുകയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> അത് 100 ശതമാനം ശരിയാണ്. ആന മയിൽ ഒട്ടകം അടിച്ചിറക്കുന്നതുപോലെ അല്ലേ ഇറങ്ങുന്നത്. പണ്ട് കിലുക്കിക്കുത്ത് ഉണ്ടായിരുന്നു. അതുപോലെ ശിവകാശിയിൽ ചെന്നാൽ ഇതെല്ലാം അടിച്ചുകിട്ടും. എന്തും നടത്തിക്കൊണ്ടുപോകാൻ കൂട്ടു നിൽക്കുന്ന ഒരു സംവിധാനത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് അല്ലാതെ ലോട്ടറി ഡിപ്പാർട്ടുമെന്റിനോട് പ്രത്യേകിച്ചെന്തെങ്കിലും പ്രേമം ഉള്ളതുകൊണ്ടോ, താൽപര്യം ഉള്ളതുകൊണ്ടോ അല്ല ബഹുമാനപ്പെട്ട മന്ത്രിയോട് ഇത് പുനഃപരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടത്. സെയിൽസ്ടാക്സ് സംവിധാനത്തിന്റെ ഇന്നത്തെ പരിമിതിയെക്കുറിച്ചാണ് പറഞ്ഞത് മറ്റൊന്ന് വാറ്റ് നടപ്പിലാക്കുന്നതിനെ സംബന്ധിച്ചാണ്. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ വാറ്റ് എന്താണ്, ചുക്കാണോ ചുണ്ണാമ്പാണോ എന്നറിയാത്ത പരുവത്തിൽ കിടക്കുന്നതിന്റെ ഇടയ്ക്കാണ് നമ്മൾ ലോട്ടറിയും കൂടി അവരെ ഏൽപ്പിക്കാൻ പോകുന്നത്.

<u>ശ്രീ. രാജു എബ്രഹാം:</u> മന്ത്രി ശ്രീ. അനിൽകുമാർ രാജി പ്രസ്സ് ചെയ്തതിൽ ഉറച്ച് നിൽക്കുകയാണ്. പല എം.എൽ.എ. മാരും ഇപ്പോൾ ലോട്ടറി അടിച്ചത് പോലെ മന്ത്രിയാകാൻ ഓടി നടക്കുന്ന ഒരു കാഴ്ച അങ്ങേക്ക് കാണാൻ കഴിയുന്നുണ്ടോ?

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> ഇന്ന് ഞാൻ ഒരു ഭരണ കക്ഷി എം.എൽ.എ-യോട് മന്ത്രിയാകുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് അവൻ ഒഴിയത്തൊന്നുമില്ലെന്നാണ്. ഞാൻ പറഞ്ഞുവന്നതിന്റെ പോയിന്റ് വ്യക്തമായിക്കാണുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടുതന്നെ സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിന് വാറ്റ് നടപ്പിലാക്കുന്ന ആദ്യത്തെ വർഷം തന്നെ ഒരുപാട് അവ്യക്തതകൾ ഉണ്ട്. ഉദ്യോഗസ്ഥൻമാരെല്ലാം കൃത്യമായി മനസ്സിലാക്കിയിരിക്കുന്നു, പിരിച്ചെടുക്കാൻ പ്രാപ്തരായിരിക്കുന്നു എന്നുള്ള ധാരണ എനിക്കില്ല. വളരെ പരിമിതമായ അറിവുകളുള്ള നിയമസഭാ സാമാജികനെന്ന നിലയിൽ വാറ്റിനെ സംബന്ധിച്ചിടത്തോളം പഠിക്കാൻ ശ്രമിച്ചിട്ട് വളരെ പരിമിതമായ ധാരണ മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ: സംസ്ഥാനത്തിന്റെ വരുമാനം കൂടി ബന്ധപ്പെട്ടാണല്ലോ വാറ്റുമായി ബന്ധപ്പെട്ട വിഷയം പറയുന്നത്. വാറ്റ് ഈ വർഷം പ്രയോഗത്തിൽ വരുത്താതിരിക്കുന്നതിനുവേണ്ടിയുള്ള ആലോചന നടക്കുന്നതായിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി കെ. ദേവകുമാർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ എന്നെ ഓർമ്മിപ്പിച്ചതാണ്. അതിനുശേഷം ദേശാഭിമാനി വീണ്ടും വായിച്ചു. പാർട്ടിയുടെ തീരുമാനങ്ങളും നയങ്ങളും എനിക്ക് ഒന്നുകൂടി വ്യക്തമാകുകയും ചെയ്തു. വാറ്റ് നടപ്പിലാക്കണം എന്നുള്ള ഉറച്ച നിലപാടാണ് എല്ലാക്കാലത്തും ഉള്ളത്. ഇപ്പോഴും ഉള്ളത്. പക്ഷെ വാറ്റിനെ അട്ടിമറിക്കാൻ ശ്രമം നടക്കുന്നുണ്ട്. 12 ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങിക്കുന്നവരുടെ പേരിൽ നടപടിയെടുക്കാൻ ഉത്തരവ് ഇറക്കുകയും ആ ഉത്തരവിന്റെ പേരിൽ ധനകാര്യ മന്ത്രിയുടെ ക്ലിപ്പിന് പിടിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ് എന്നാണ് പത്രക്കാർ പറയുന്നത്. എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ ക്ലിപ്പിന് പിടിക്കാനുള്ള ധൈര്യം മുഖ്യമന്ത്രിക്കില്ലെന്നാണ് എന്റെ വിശ്വാസം. പക്ഷെ സംഗതി കുഴപ്പത്തിലായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനിടയ്ക്കാണ് ഈ ലോട്ടറിയുടെ കാര്യം.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പർ ഏത് വാറ്റിനെപ്പറ്റിയാണ് പറയുന്നത്? കള്ള വാറ്റിനെപ്പറ്റിയാണോ അതോ നികുതി വാറ്റിനെപ്പറ്റിയാണോ?

ശ്രീ. ടി. കെ. ദേവകുമാർ: എന്റെ നാട്ടിൽ ഒരു ഉദ്യോഗസ്ഥൻ ചോദിച്ചതാണ്. സർക്കാർ വാറ്റ് തുടങ്ങിയാൽ നമ്മുടെ നാട്ടിലെ വാറ്റുകാരെന്തു ചെയ്യുമെന്ന്. അതായത് വാറ്റിനെ സംബന്ധിച്ച് ഒരു ശരാശരി ധാരണ, അതൊന്ന് ലെവലായി വരാൻ ഈ പുതിയ നികുതി സംവിധാനത്തിന്റെ ഭാഗമായി ഈ രാജ്യത്താകെ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും ഉണ്ടാകാവുന്ന പോരായ്മകളും പരിമിതികളുമൊക്കെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്ക് ബോധ്യമാകണം. അതിനെ അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. ഞാൻ വളരെ വ്യക്തമായി പറയുന്നു യു.ഡി.എഫ്. എക്കാലത്തും രാഷ്ട്രീയമായി പിൻതുണച്ചിട്ടുള്ള സംഘടന ഇത്രയും ഉറച്ചു നിന്നുകൊണ്ട് ധനകാര്യമന്ത്രിയെ മുഖാമുഖം വെല്ലുവിളിക്കുകയും ഈ ഗവൺമെന്റിനു നേരെ വെല്ലുവിളി ഉയർത്തുന്ന മട്ടിൽ ധനകാര്യമന്ത്രിയെ ഒറ്റപ്പെടുത്തി കുരിശിൽത്തറക്കാനുള്ള പരിശ്രമം നടത്തുകയും ചെയ്യുന്നതിന്റെ പിന്നിൽ ഒരു മാഫിയാ സംഘത്തിന്റെ രാഷ്ട്രീയ ഗൂഢാലോചന ഭരണ കക്ഷിയിൽനിന്ന് ഉണ്ടെന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അല്ലാതെ അങ്ങനെ വെല്ലുവിളിക്കുമെന്നും ധനകാര്യമന്ത്രിയെ കുത്തി കുരിശിൽ തറയ്ക്കുമെന്നും തെരുവിൽ തടയുമെന്നും പ്രഖ്യാപിക്കാനുള്ള ധൈര്യം ആ സംഘടനയ്ക്ക് ഉണ്ടാകുമെന്ന് എനിക്ക് ധാരണയില്ല. ഭരണ കക്ഷിക്കകത്തുനിന്നു തന്നെയുണ്ട് അതിനെ അട്ടിമറിക്കാനുള്ള പരിശ്രമം. അവരുടെ പിൻതുണയോടുകൂടിത്തന്നെയാണ് ഈ സംഘടന ഇത്രയും വലിയ വെല്ലുവിളി ഉയർത്തുന്നത് എന്നുള്ള വിശ്വാസം തന്നെയാണ് എനിക്കുള്ളത്. ആ വെല്ലുവിളി നേരിടണമെങ്കിൽ ഈ ലോട്ടറി പിരിവ് കൂടി അവരുടെ മേൽ കെട്ടിവച്ച് സെയിൽസ്ടാക്സുകാരെ ബുദ്ധിമുട്ടിക്കരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട്

പറയാനുള്ളത്. ഈ വെല്ലുവിളി നേരിടാൻ കഴിയണമെങ്കിൽ ആവശ്യമായ അവബോധം ഉണ്ടാക്കി വാറ്റ് സംവിധാനത്തെക്കുറിച്ച് അവരെ പഠിപ്പിച്ച് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റ് കുറ്റമറ്റതാക്കിത്തീർക്കാനുള്ള ആത്മാർത്ഥതയും ശുഷ്കാന്തിയും താൽപര്യവും മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത്തരം ആളുകളുടെ വെല്ലുവിളികൾക്കുമുന്നിൽ അങ്ങ് കുലുങ്ങുകയില്ലെന്ന് ഉറപ്പാണ്. കൂടെ നിൽക്കുന്നവർ 12 ശതമാനത്തിന് മുകളിലുള്ളവരെ പാര വച്ചതുപോലെ പാര വയ്ക്കുമോയെന്ന സംശയവും ഞങ്ങൾക്കുണ്ട്. തുറന്നു പറയണമല്ലോ? ബ്ലെയ്ഡ് കമ്പനിക്കാരന് എതിരെ ഉത്തരവിറക്കിയാൽ പണ്ട് ശ്രീ. തച്ചടി പ്രഭാകരന് ഉണ്ടായ അനുഭവം അങ്ങേയ്ക്കും ഉണ്ടാകാതിരിക്കട്ടെയെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അങ്ങ് ഇക്കാര്യം പുനഃപരിശോധിക്കണം. ലോട്ടറികളുടെ ചുമതല ലോട്ടറി ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുന്ന മുപത്തിൽ അതിന് ഒരു പരിശ്രമം ഉണ്ടാകണം. അതുപോലെ ലൈസൻസ് ഫീ ഈടാക്കണം. കാരണം ലോട്ടറിക്കാരൻ ലോട്ടറി നടത്തിയിട്ട് വല്ല വഴിക്കും പോയാൽ, കുഴപ്പമാകും. അതുകൊണ്ട് ലൈസൻസ് ഫീ ഈടാക്കാനുള്ള സമീപനം ഉണ്ടാകണം. അതിന് മുൻകൂർ ലൈസൻസ് ഫീ ഈടാക്കുകയും ഒപ്പം അന്യ സംസ്ഥാന ലോട്ടറിക്ക് സെയിൽസ്ടാക്സ് ഈടാക്കാൻ തയ്യാറാവുകയും വേണം. അന്യ സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ സംസ്ഥാനങ്ങളിൽ കൊണ്ടുവന്ന് വിൽക്കുന്ന പേപ്പർ ലോട്ടറിക്ക് അഡീഷണൽ സെയിൽസ്ടാക്സ് കൂടി ഈടാക്കുന്ന സമീപനം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അങ്ങനെ സ്വീകരിച്ചാൽ ഗുണമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ലോട്ടറിക്ക് കൂടുതൽ ആളുകളെ കിട്ടുന്ന സ്ഥിതിവിശേഷം ഉണ്ടാകും. കാര്യമെന്താ? മറ്റേത് ഇങ്ങോട്ട് വരുന്നതിന് എത്ര കോടികളാണ് പറയുന്നത്? ഇത് എവിടെയാണ് കൊടുക്കുന്നത്? ഇതൊന്നും ആളുകൾക്ക് അറിഞ്ഞുകൂടാ. പാവപ്പെട്ട ആളുകളെ പറ്റിച്ചിട്ട് ഇവരങ്ങ് പോകുകയാണ്. അതുകൊണ്ട് വ്യവസ്ഥാപിതമായ ഒരു സംവിധാനം വേണം. സംസ്ഥാന ലോട്ടറിക്ക് കൂടുതൽ ടിക്കറ്റ് വിൽക്കാൻ കഴിയുന്ന തരത്തിൽ അന്യ സംസ്ഥാനത്ത് നിന്നും വരുന്ന പേപ്പർ ലോട്ടറികൾക്ക് സെയിൽസ്ടാക്സ് ഈടാക്കുന്നതിനുള്ള സംവിധാനത്തിന് സർക്കാർ തയ്യാറാകണം. അതുപോലെ ഉത്തമ വിശ്വാസത്തോടുകൂടി വേണ്ടേ ബിൽ അവതരിപ്പിക്കാൻ? എന്തുകൊണ്ട് ശക്തനായ, കരുത്തനായ മുഖ്യമന്ത്രിക്ക് മുകളിലൂടെ രാഷ്ട്രീയ ഭരണ സംവിധാനത്തെ, ഭരണ യന്ത്രത്തെ നിയന്ത്രിക്കുന്നുവെന്ന് പല പത്രക്കാരും പല രാഷ്ട്രീയക്കാരും ഒക്കെ പറയുന്ന ധനകാര്യമന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോൾ അങ്ങനെയൊരു നിലപാട് സ്വീകരിച്ചുവെന്നതിനെ സംബന്ധിച്ച് കൂടുതൽ സംശയം ഉണ്ടാകുന്നു. ഉത്തമ വിശ്വാസത്തോടുകൂടിത്തന്നെ ബിൽ അവതരിപ്പിക്കേണ്ടെ? അങ്ങേയ്ക്ക് പോലും വിശ്വാസം ഇല്ലാത്ത വിധത്തിൽ ബിൽ സഭയിൽ പൈലറ്റ് ചെയ്തത് ശരിയായില്ല. ഇതാണ് ഏറ്റവും വലിയ പ്രശ്നം. അതുപോലെ പ്രമേയം അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഈ പ്രമേയം അവതരിപ്പിച്ച് പാസാക്കണമെന്ന് അങ്ങേക്കും മുഖ്യമന്ത്രിക്കും രേഖാമൂലം എഴുതി തന്നു എന്നാണ് മനസ്സിലാക്കുന്നത്. ഈ ബില്ലിന്റെ ചർച്ചയുടെ അവസാനമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം പാസാക്കാൻ കഴിയുമോ എന്നാണ് സംശയം. എന്തുകൊണ്ട് അത് നീട്ടിക്കൊണ്ട് പോകുന്നു? അങ്ങ് പറഞ്ഞു എം. പി. മാർക്കും കേന്ദ്ര ഗവൺമെന്റിനും കത്തെഴുതിയെന്ന്. ഞാൻ ഇതെല്ലാം വിശ്വാസത്തിൽ എടുക്കുകയാണ്. പക്ഷെ നിയമസഭയിൽ പ്രമേയം പാസാക്കി ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ പട്ടിണിക്കാരായ, കണ്ണ് കാണാത്ത, കയ്യില്ലാത്ത, കാലില്ലാത്ത, പിച്ച തെണ്ടാതെ ജീവിക്കാൻ ശ്രമിക്കുന്ന ഒരു വലിയ ജനവിഭാഗം, ദു:ഖിതരുടെ കണ്ണീരൊപ്പാനുള്ള പരിശ്രമമായി സംസ്ഥാന ലോട്ടറിയെ കാണണം. അവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ട് വാരുന്ന സംവിധാനമായി ഓൺലൈൻ ലോട്ടറിയെ കാണാനും ശ്രമിച്ചുകൊണ്ട് അത്തരം വിവേകബുദ്ധിയുള്ള രാഷ്ട്രീയ സംവിധാനമാണ് കേരളത്തിലെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്തി ദു:ഖിതരുടെ കണ്ണീരൊപ്പാൻ, ദുഃസ്ഥിതി മാറ്റാനുള്ള പരിശ്രമം എന്ന നിലയിൽ സമവായം ഉണ്ടാക്കി ആ സമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം അവതരിപ്പിക്കാൻ അങ്ങ് മുൻകൈയെടുത്തുകൊണ്ട് ഒരു പ്രമേയം പാസാക്കി അയച്ചിരുന്നെങ്കിൽ ഇന്നിവിടെ ഈ സഭയുടെ മുൻപിൽ ഉണ്ടായ പല ആശങ്കകളും പരിഹരിക്കാൻ കഴിയുമായിരുന്നു. വളരെ ബുദ്ധിമുട്ടുണ്ട്. പാർലമെന്ററികാര്യമന്ത്രി വന്നപ്പോൾ ധനകാര്യമന്ത്രിയുടെ ബില്ലിന്റെ ചർച്ചയുടെ ശ്രദ്ധ പോയി. അടുത്ത മന്ത്രിയുടെ രാജി വന്നോയെന്നുള്ളതാണ് അദ്ദേഹത്തിന്റെ സംശയം. കാരണം അത് അങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. രാജു എബ്രഹാം ഇവിടെ ഒരു സംശയം ചോദിച്ചു. പണ്ട് യുധിഷ്ഠിരനും പഞ്ചപാണ്ഡവരും പട്ടിയും കൂടി തിരിച്ചു. അവസാനം ചെല്ലുമ്പോൾ കാണുന്നത് പാർലമെന്ററികാര്യ മന്ത്രി മാത്രം. മറ്റെല്ലാം ഇങ്ങനെ വീണ് വീണ് പാർലമെന്ററി കാര്യം അവസാനമേ അവസാനിക്കാറുള്ളൂ ഞാൻ വായിച്ചിട്ടില്ല. വായിച്ചിട്ടുള്ളവർ പറഞ്ഞു കേട്ടിട്ടുള്ളതാണ്. ഞങ്ങളുടെ ഒരു സ്ഥലമുണ്ട് പാണ്ഡവർകാവ്. അവിടെ ഒരാൾ വീണ സ്ഥലമാണ്. അവസാനം അങ്ങ് ചെന്നപ്പോൾ മറ്റേ പുള്ളിയും പട്ടിയും മാത്രമേയുണ്ടായിരുന്നുള്ളൂ. അതുപോലെ പാർലമെന്ററി കാര്യമന്ത്രി മാത്രമേ അവസാനം കാണുകയുള്ളൂ എന്നാണ് ഞാൻ പറഞ്ഞത്. അന്യ സംസ്ഥാന ലോട്ടറിക്ക് സെയിൽസ്ടാക്സ് കൂടി ഈടാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രമേയം അവതരിപ്പിക്കുന്നതിന് നേരത്തെ ഉണ്ടായ ആവശ്യം പരിഗണിച്ചുകൊണ്ടും അതിന്റെ അടിയന്തിര പ്രാധാന്യം ബോധ്യപ്പെട്ടുകൊണ്ടും ചെയ്യണം. നികുതി കിട്ടാനുള്ളതിന്റെ ഒരുപാട് കണക്കുകൾ പറഞ്ഞു. അതിനെ ഖണ്ഡിച്ചുകൊണ്ട് അങ്ങ് പറഞ്ഞു ആകെ തൊണ്ണൂറായിരം കോടി രൂപ വരുമാനമുള്ള ഒരു സംസ്ഥാനത്ത് അറുപതിനായിരം കോടി രൂപയുടെ ടിക്കറ്റ് വിറ്റുവെങ്കിൽ മാത്രമേ അയ്യായിരം കോടി വരികയുള്ളൂവെന്ന്. ബാലേട്ടൻ ഇപ്പുറത്ത് നിന്ന് വേറൊരു വാദം പറഞ്ഞു. ഒരാൾ കൊടുത്തിരിക്കുന്ന റിട്ടേൺസിനകത്ത് ഒരാഴ്ചത്തേത് നാൽപ്പത് കോടിയെങ്കിൽ മാസത്തിൽ എത്ര? അങ്ങനെയാകുമ്പോൾ ഒരു വർഷത്തേതെത്ര? പത്ത് ജില്ലകളിലേതും എത്ര? ഈ തർക്കങ്ങൾ നിൽക്കുമ്പോൾത്തന്നെ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. കേരള സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കൊടുത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

കണക്കുണ്ടല്ലോ? അത് പിരിച്ചെടുക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ? എണ്ണൂറിൽ ചിലാനം കോടി രൂപ. രണ്ട് തർക്കം നിലനിൽക്കുകയാണ്. അയ്യായിരം കോടി എന്നുള്ളത് അങ്ങ് പറയുന്നത് അത് അശാസ്ത്രീയമാണെന്നാണ്. സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്ന ഒരു കണക്കുണ്ട്. ആ കണക്കിനുള്ള നികുതി കുടിശ്ശിക പിടിച്ചിരുത്തി വാങ്ങിക്കാൻ, ഇവരുടെ പേരിൽ സിവിലും ക്രിമിനലുമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ? തയ്യാറാകണമെന്നാണ് എന്റെ അഭിപ്രായം. ഈ നടപടി നടത്തികൊണ്ട് ഇത് ഈടാക്കിയെടുത്താൽ സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് അത് കൊണ്ടുവരാൻ കഴിയുന്നതാണ്. അതിന് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അങ്ങ് 895 കോടി രൂപയുടെ ഒരു കണക്ക് പറഞ്ഞു. ആ കണക്കനുസരിച്ച് ഇതുപോലുള്ള കേസ് സുപ്രീംകോടതിയിൽ വന്നാൽ സാധാരണ നിലയിൽ സർക്കാരിന് വേണമെങ്കിൽ അതിന്റെ 50 ശതമാനം കെട്ടിവച്ചാൽ മാത്രമേ ഈ കേസ് നടത്താൻ പറ്റുകയുള്ളൂ എന്നുള്ള നിർദ്ദേശം മുന്നോട്ട് വയ്ക്കാം. അങ്ങനെ എടുക്കുകയും കെട്ടിവയ്ക്കുകയും ചെയ്തിട്ടുള്ള ഒരുപാട് മുൻ അനുഭവങ്ങൾ ഉണ്ട്. പക്ഷെ ഈ കേസിൽ നമ്മുടെ വക്കീൽ അത് പറഞ്ഞില്ലെന്നു മാത്രമല്ല വെറും ഒരു റീ-അസസ്മെന്റായി പരിഗണിക്കണമെന്ന നിലയിൽ വളരെ ചുരുക്കി ഇത് കണ്ടതുകൊണ്ടുകൂടിയാണ് 450 കോടി രൂപപോലും നമ്മുടെ ഖജനാവിലേക്ക് വരാതിരുന്നത്. അത് ഈ സർക്കാരിന്റെ ഒരു ഒത്തുകളിയുടെ ഭാഗമല്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: അത് പറയുമ്പോൾ കൂടെക്കിടന്നവർക്കല്ലേ രാപ്പനി അറിയാനൊക്കുകയുള്ളൂ. ശ്രീ. ടി.എം. ജേക്കബാണ് ഇവിടെ ആദ്യം പറഞ്ഞത്. അദ്ദേഹം മന്ത്രിയായിരുന്ന കാബിനറ്റിന്റെ കാലത്തെ കാര്യം ഇത്രയും സവിസ്തരം ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞപ്പോൾ പിന്നെ ഞാൻ അതേക്കുറിച്ച് എന്തെങ്കിലും പറഞ്ഞു കഴിഞ്ഞാൽ അത് അധികപ്പറ്റാകും. ഒരു ജൂനിയർ മെമ്പർ മാത്രമായ ഞാൻ, അവരെല്ലാവരും കൂടി ഒന്നിച്ചിരുന്ന കാബിനറ്റിൽ അന്ന് ഇന്നത്തെ ധനകാര്യ മന്ത്രി അവിടെയിരുന്ന് ഓർഡർ, ഓർഡർ വിളിക്കുകയായിരുന്നു. കഴിഞ്ഞ ദിവസവും വിളിച്ചു. അദ്ദേഹം ഇപ്പോഴും അതിന്റെയൊരു ഹാങ്ങ്ഓവറിലാണ്. അപ്പോൾ അദ്ദേഹത്തിന്റെ മേൽ അത് പറയാൻ പാടില്ല. ബഹുമാനപ്പെട്ട ടി.എം. ജേക്കബ് പറയുന്നു ഞങ്ങളെല്ലാവരുംകൂടി ഇരുന്നപ്പോഴാണ് ഈ പണികളൊക്കെ ചെയ്തതെന്ന്. അതിനേക്കാൾ വലിയ സാക്ഷിപത്രം വേണോ? കൂടെക്കിടന്നവർക്കല്ലേ രാപ്പനി അറിയൂ. ഞങ്ങൾ ഇപ്പുറത്തായിരുന്നു. ഉള്ളകാര്യം അദ്ദേഹം തുറന്നു പറഞ്ഞു. ഓൺലൈൻ ലോട്ടറി പൂർണ്ണമായും നിരോധിക്കുകയും കേരള സംസ്ഥാന ലോട്ടറി കേരള സംസ്ഥാനത്ത് നടപ്പിലാക്കുകയും ഒപ്പം അന്യ സംസ്ഥാന പേപ്പർ ലോട്ടറിയുടെ വരവ് തടയുകയും ചെയ്യുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് ഇവിടെ ഉണ്ടാക്കേണ്ടത്. അതിന്റെ വരവ് തടയുക എന്നു പറഞ്ഞാൽ നിരോധിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നല്ല അർത്ഥം. മലയാളത്തിൽ അതിന്റെ അർത്ഥം വരവ് തടയുക എന്നു പറഞ്ഞാൽ അതിന്റെ തുക കുറയ്ക്കുക എന്നുള്ളതാണ്. അതല്ലാതെ നിരോധിക്കണമെന്നല്ല. അതിനാണ് ഞാൻ ഒന്നു രണ്ട് നിർദ്ദേശങ്ങൾ വച്ചത്. ആ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി വലിയ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മെച്ചമല്ല എങ്കിലും ഒരു പൊതു പ്രവർത്തകന്റെ സാമാന്യ ബോധത്തിന്റെ അടിസ്ഥാനത്തിൽ വച്ച് പരിഗണിക്കും എന്നു വിശ്വസിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, സമയം ഒൻപത് ആകുന്നു. അറുന്നൂറോളം ഭേദഗതികൾ നമുക്ക് ഇനിയും ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് വളരെ ദീർഘമായ ഒരു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ നാട്ടിൽ ഒരു 9.00 p.m. ചൊല്ലുണ്ട്. ഉണ്ണുന്ന നായർ അറിഞ്ഞില്ലെങ്കിൽ വിളമ്പുന്ന അച്ചി അറിയണമെന്ന്. അതുകൊണ്ട് ഞാൻ എന്റെ മറുപടി കുറച്ച് ചുരുക്കുന്നതിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ക്ഷമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഒരു ഉദ്യോഗസ്ഥന്റെ കാര്യമാണ് എല്ലാവർക്കും പറയാനുള്ളത്. ഞാൻ ഒരു ഉദ്യോഗസ്ഥന്റെ കാര്യവും പറയാൻ ആഗ്രഹിക്കുന്നില്ല. പല പ്രാവശ്യം പറഞ്ഞതുകൊണ്ടാണ് ഞാൻ ഒരു പ്രാവശ്യം പറഞ്ഞു പോയത്. പല പ്രാവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. എന്നിട്ടും ഞാൻ മിണ്ടിയില്ല. ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരുദിവസം ഞാൻ പറഞ്ഞു. കാരണം ഈ ഉദ്യോഗസ്ഥരൊന്നും ഈ നിയമസഭയിൽ അത്ര വലിയ പ്രശ്നമല്ല. അതുകൊണ്ടാണ് ഒന്നും പറയാതിരുന്നത്. ഇന്ന് എല്ലാ അംഗങ്ങളും പറഞ്ഞു. പക്ഷേ 45 ലക്ഷം രൂപയുടെ കാര്യമല്ല. കൈരളിക്ക് കൊടുത്തിരിക്കുന്ന സവിശേഷതകൾ ശ്രീ. ബാലൻ പറഞ്ഞതുപോലെ നോക്കി പറഞ്ഞതൊന്നുമല്ല, അദ്ദേഹത്തിന്റെ അഭിപ്രായമായി എഴുതിയിരിക്കയാണ്. നോട്ടീസിൽ പറഞ്ഞിരിക്കുന്നതല്ല. അദ്ദേഹത്തിന്റെ അഭിപ്രായമാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇതിൽ ആദ്യം കൊടുത്ത കമ്മട്ടേഷൻ എത്രയാണെന്നും അത് ഏഷ്യാനെറ്റിനേക്കാൾ ഒരു ലക്ഷം കുറഞ്ഞ് എങ്ങനെ വേറൊരു തുക വന്നെന്നും ഒന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. കാരണം എന്നെ സംബന്ധിച്ചിടത്തോളം ഈ ഉദ്യോഗസ്ഥൻ എന്നു പറയുന്നത് അപ്രസക്തമാണ്. അതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ ഇപ്പോഴും പറയുന്നു അയ്യായിരത്തിന്റെ കണക്ക്. ഞാൻ എത്ര പറഞ്ഞു, അവർക്ക് മനസിലാകാത്തതല്ല. കാരണം നിങ്ങൾ ബുദ്ധിയുള്ളവരാണ്. മനസിലായിട്ടും മനസിലായില്ലെന്ന് നടിച്ചാൽ എങ്ങനെയാണ്? ഉറങ്ങുന്നവരെയല്ലേ ഉണർത്താൻ പറ്റൂ. ഉറക്കം നടിക്കുന്നവരെ പറ്റില്ലല്ലോ. അയ്യായിരം കോടി രൂപ ടാക്സ് വേണമെന്നുണ്ടെങ്കിൽ നമ്മുടെ കേരളത്തിലെ വരുമാനത്തിന്റെ 70 ശതമാനം കളിയിൽ കൊടുക്കണം. മുഴുവൻ ആളുകളുടേയും നിങ്ങളുടേയും എന്റേയും ശമ്പളം ഉൾപ്പെടെ കേരളത്തിലുള്ള തൊഴിലാളികളുടേയും ഉദ്യോഗസ്ഥരുടേയും കച്ചവടക്കാരുടേയും

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളികളുടേയും എല്ലാം വരുമാനത്തിന്റെ 70 ശതമാനം കൊണ്ട് കളിച്ചാൽ മാത്രമേ അയ്യായിരം കോടി രൂപ ടാക്സ് വരികയുള്ളൂ. കാരണം 8 ശതമാനം ടാക്സ് കൊടുത്താൽ അയ്യായിരം കോടി രൂപ വരണമെന്നുണ്ടെങ്കിൽ 62,500 കോടി വേണം. അതാണ് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത്. നമ്മുടെ ഇക്കണോമിക് റിവ്യൂവിൽ ഉണ്ട്. കേരളത്തിലെ 03-04 -ലെ മൊത്തം വരുമാനം എന്നു പറയുന്നത് 90,000 കോടിയേ ഉള്ളൂ. ഇപ്പോൾ ഇത് പറയുന്നതിന്റെ എത്രയോ ചെറിയ അംശമാണെന്ന് നമ്മൾ ആലോചിക്കണം. പിന്നെ പല കണക്കുകൾ ഇവിടെ പറഞ്ഞു. ഒരു ഉദ്യോഗസ്ഥൻ പറയുന്ന കണക്കിന് അത്രയൊന്നും sanctity ഇല്ല. പല ഉദ്യോഗസ്ഥരും പറയും. ഞാൻ തന്ന മറുപടി ഒരു ഉദ്യോഗസ്ഥൻ എഴുതി തന്നതാണ്. അതിൽ വലിയ sanctity ഒന്നുമില്ല. നമ്മൾ common sense ഉള്ളവരാണ്. നമ്മൾ കണക്കാക്കാൻ ബാധ്യസ്ഥരാണ്. അതനുസരിച്ച് ആണ് പറയേണ്ടത്. ഇന്ന് ഇവിടെ ഡോ. തോമസ് ഐസക് പറഞ്ഞു, സുപ്രീം കോടതിയിൽ contempt case വന്നതിനുമുമ്പേ ഓൺലൈൻ ലോട്ടറി നിരോധിച്ചിരുന്നില്ലേ എന്ന്. നിരോധിച്ചിരുന്നു. നമ്മൾ ഓൺലൈൻ ലോട്ടറി നിരോധിച്ചിരുന്നിട്ടും അതിനെ വക വയ്ക്കാതെ സുപ്രീം കോടതിയിൽ നിന്ന് ഓൺലൈൻ ലോട്ടറിയുടെ എല്ലാം വിട്ടുകൊടുക്കണം, കേസ് കൊടുക്കാൻ പാടില്ല എന്നു പറഞ്ഞപ്പോൾ നമുക്ക് മറ്റൊന്നും ചെയ്യാൻ പറ്റിയില്ല. ഓൺലൈൻ ലോട്ടറി നിരോധിച്ചിരുന്നെങ്കിലും അതിനുശേഷമാണ് ആ ഓർഡർ വരുന്നത്. അപ്പോൾ നമ്മൾ നിസഹായകരായിപ്പോയി. അതുകൊണ്ടാണ് അങ്ങനെ ചെയ്യേണ്ടിവന്നത്. റൂളിന്റെ കാര്യം പറഞ്ഞു, റൂൾസ് എല്ലാം റെഡി ആയിരിക്കുകയാണ്. റൂൾസ് നമ്മൾ ക്യാൻസൽ ചെയ്യുമെന്ന് പറഞ്ഞു. ക്യാൻസൽ ചെയ്യേണ്ടത് ആദ്യത്തെ ആവശ്യമായിരുന്നു. ലോട്ടറികളെല്ലാം നിരോധിക്കുമ്പോൾ റൂൾസ് നിലനിർത്താനൊക്കില്ല. അതുകൊണ്ടാണ് അന്ന് റൂൾസ് ക്യാൻസൽ ചെയ്തത്. പക്ഷേ ഇപ്പോൾ ഇങ്ങനെ വരുമ്പോൾ റൂൾസും ഉടൻ തന്നെ നോട്ടിഫൈ ചെയ്യുന്നതിനുവേണ്ടി എല്ലാം തയ്യാറാക്കി വച്ചിട്ടുണ്ട്. അടിയന്തിരമായി അത് ചെയ്യും. ഈ അധികാരം മുഴുവൻ ടാക്സസ് ഡിപ്പാർട്ടുമെന്റിന് കൊടുത്തു. ഇതെല്ലാം ലോട്ടറിയിൽ കൊടുക്കണമെന്ന് പറഞ്ഞു. നമ്മുടെ ലോട്ടറി ഡിപ്പാർട്ടുമെന്റിനുപോലും നികുതി പിരിക്കാത്ത ആളുകളാണ് ഇത്. നമ്മുടെ ഡിപ്പാർട്ടുമെന്റ് നികുതി കൊടുക്കണം. കേരളത്തിൽ ലോട്ടറി ഡിപ്പാർട്ടുമെന്റ് നികുതി കൊടുക്കണം. അപ്പോൾ നികുതി കൊടുക്കേണ്ട വരെത്തന്നെ അത് പിരിക്കുന്ന ജോലി ഏൽപ്പിക്കുന്നത് എങ്ങനെയാണ്? അതല്ലെങ്കിൽ ടാക്സസ് ഡിപ്പാർട്ടുമെന്റാണ് എല്ലാക്കാലത്തും ചെയ്യുന്നത്. ഞാൻ ആദ്യമേ പറഞ്ഞു. Set aside ചെയ്യുകയില്ലെന്ന് ഞാൻ പറയുന്നില്ല. ഞാൻ ആവർത്തിച്ച് പറയുന്ന ഒരു കാര്യമുണ്ട്. ശ്രീ. മത്തായി ചാക്കോ, നമ്മുടെ ആവശ്യം പേപ്പർ ലോട്ടറി തുടങ്ങുകയും ഓൺലൈൻ ലോട്ടറി നിരോധിക്കുകയും ചെയ്യുക എന്നുള്ളതാണ്. അപ്പോൾ ഇത് നിരോധിക്കാതെ പേപ്പർ ലോട്ടറി തുടങ്ങാൻ നിയമം കൊണ്ടുവരാനൊക്കില്ല. അപ്പോൾ ഇത് നിരോധിക്കണം. നിരോധിക്കണമെന്നു പറഞ്ഞാൽ ആ നിയമം 100% foolproof ആയിരിക്കില്ലെങ്കിൽ മതി. ചെയ്തേ ഒക്കുകയുള്ളൂ. പക്ഷേ ultimate intention, നമ്മുടെ main aim പേപ്പർ ലോട്ടറി തുടങ്ങണം എന്നുള്ളതാണ്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആദ്യം മുതൽ പറയുന്നത്. പക്ഷേ ഇതിൽ നമ്മളൊരു പരീക്ഷണം നടത്തിയത് എന്താണെന്നുവച്ചാൽ ഓൺലൈൻ ലോട്ടറി ഒരു ഗെയിം ആണ്. ഗെയിമിംഗ് ആക്ട് ഉണ്ടായിരുന്ന കാലത്ത് ഓൺലൈൻ ലോട്ടറി ഇല്ല. ലോട്ടറി ആക്ട് ഉണ്ടായിരുന്ന കാലത്തും ഓൺലൈൻ ലോട്ടറി ഇല്ല. അതുകൊണ്ടാണ് നമ്മൾ ഇപ്പോൾ പുതുതായി ഇതിനകത്ത് കൊണ്ടുവരാൻ ശ്രമിക്കുന്നതിന്റെ കാര്യം. നമ്മൾ ഒരു പരീക്ഷണം നടത്തുകയാണ്. നമുക്ക് വിജയിക്കണം. ഒരു കോടതിയിൽ നമുക്ക് അനുകൂലമായി interpret ചെയ്യാം. അതിന്റെ ഓപ്പറേഷന്റെ മെതേഡ് അനുസരിച്ച് ഇത് ഗെയിമിംഗ് ആക്ടിൽ കൊണ്ടുവരാം എന്ന് നമുക്ക് ശക്തമായി വാദിക്കാം. പേപ്പർ ലോട്ടറിയുടെ ഫങ്ഷൻ പോലെയല്ല ഓൺലൈൻ ലോട്ടറിയുടെ ഫങ്ഷൻ. അത് ഡിഫറന്റാണ്. ഗ്യാമ്പ്ളിംഗിൽ വരും എന്ന് വാദിക്കാം. 100% അല്ലെങ്കിലും നമുക്കിത് നല്ലതാണ്. പിന്നെ ഇത് നടന്നില്ലെങ്കിൽ നമുക്ക് വേറെ മാർഗ്ഗം നോക്കാം. വേറെ നിയമം കൊണ്ടുവരാം. 24 മണിക്കൂറിനകം വേറെ ഓർഡിനൻസ് കൊണ്ടുവരാം. നടപടികൾ സ്വീകരിക്കാം. പിന്നെ അൾട്ടിമേറ്റായി നമുക്കെല്ലാം ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തയയ്ക്കാം. ഇവിടെയിപ്പോൾ ശ്രീ. ദേവകുമാർ ഉൾപ്പെടെ പ്രമേയം കൊണ്ടുവരുന്നതിനെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രി ഇവിടെയില്ല മുഖ്യമന്ത്രി വന്നു കഴിഞ്ഞാൽ അദ്ദേഹവും ബഹുമാനപ്പെട്ട സ്പീക്കറും കൂടി ചർച്ച ചെയ്ത് അടുത്ത ആഴ്ച തന്നെ ഒരു ദിവസം നമുക്കെല്ലാവർക്കും കൂടി ഏകകണ്ഠമായി ഒരു റെസല്യൂഷൻ പാസ്സാക്കാം. 'വാറ്റ്'-നെക്കുറിച്ച് പറഞ്ഞു. 'വാറ്റ്' നെക്കുറിച്ച് പറഞ്ഞപ്പോൾ പലർക്കും കള്ള വാറ്റിനേക്കുറിച്ചാണ് ഓർമ്മ വരുന്നത്. എനിക്ക് അതേപ്പറ്റി ഒന്നും പറയാനില്ല. പക്ഷേ 'വാറ്റ്'-നെപ്പറ്റി ഇത്രയും അജ്ഞത വേണ്ട. കുറച്ചെങ്കിലും അറിവ് വേണം. കള്ളവാറ്റാണ് 'വാറ്റ്' എന്ന് ഒരു മെമ്പർക്കും സംശയം വരാൻ പാടില്ല. നമുക്ക് അത്രയും അജ്ഞത ഉണ്ടെങ്കിൽ അതേപ്പറ്റി ഒരു ക്ളാസെടുക്കാം. അസംബ്ളി പിരിയുന്നതിനു മുമ്പ് ഒരു ദിവസം, ആഫ്റ്റർ നൂൺ സിറ്റിംഗ് ഇല്ലാത്ത ദിവസം ആഫ്റ്റർ നൂണിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഞാനും നിങ്ങളെല്ലാവരും കൂടിയിരുന്ന് നമുക്ക് അറിയാവുന്നതെല്ലാം സ്ലൈഡസ് വച്ച് നിങ്ങളെ പഠിപ്പിക്കാം. നിങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കാം. ഞാനും കൂടി ഉണ്ടായിരിക്കുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. ഞാൻ നിങ്ങളുടെ അടുത്ത് പറഞ്ഞു, ഏപ്രിൽ ഒന്നാം തീയതി മുതൽ 'വാറ്റ്' നടപ്പാക്കുമെന്ന്. പല സംസ്ഥാനങ്ങളും യൂണിയൻ ടെറിട്ടറി അടക്കം നടപ്പിലാക്കുന്നില്ലെങ്കിൽ നമ്മൾ മാറ്റി വയ്ക്കും. നടപ്പിലാക്കില്ല എന്നല്ല പറഞ്ഞത്. കുറച്ചുകൂടി മാറ്റി വയ്ക്കും. കാരണം എനിക്ക് വിശ്വാസമുണ്ട്. എനിക്ക് അതിൽ കൺവിക്ഷനുണ്ട്. ഇത് നല്ലതാണ്. സ്റ്റേറ്റിന് നല്ലതാണ്. നിത്യോപയോഗ സാധനങ്ങളുടെ വില കുറയാൻ നല്ലതാണ്. കുറെ ട്രാൻസ്പേരൻസി വരും. ഇവേഷൻ ഒഴിവാകും. ഇതൊരു നല്ല സിസ്റ്റം ആണെന്നുള്ളതുകൊണ്ട് ഇത് നടപ്പിലാക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. 34-ൽ 18 സംസ്ഥാനങ്ങളെങ്കിലും നടപ്പാക്കുമെങ്കിൽ കേരളവും നടപ്പാക്കും. അതിന് യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാനിവിടെ സൂചിപ്പിച്ചത് സമൂഹത്തിലാകെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആശയക്കുഴപ്പത്തെക്കുറിച്ചാണ്. എം.എൽ.എ.-മാർക്ക് ക്ലാസ് കൊടുക്കുന്നത് നല്ലകാര്യമാണ്, സംശയങ്ങൾ ദൂരീകരിക്കാൻ കഴിയും. പക്ഷേ ഇവിടെ അതല്ല പ്രശ്നം. നസുറുദീനെപ്പോലെയുള്ള ചിലയാളുകൾ സമൂഹത്തിലാകെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആശയ കുഴപ്പങ്ങൾ പരിഹരിക്കാൻ, ഇപ്പോൾ അങ്ങുതന്നെ ഈ കാര്യത്തിൽ ഒരു സ്റ്റെപ്പ് പുറകോട്ടുമാറിയോ എന്ന് എനിക്ക് സംശയമുണ്ട്. ഇത് ഭൂരിപക്ഷം സംസ്ഥാനങ്ങൾ നടപ്പിലാക്കുന്നില്ലെങ്കിൽ നമുക്കല്പം മാറ്റിവയ്ക്കാമെന്നാണ് പറഞ്ഞത്. അതുതന്നെയാണ് ഈ സമ്മർദ്ദ തന്ത്രത്തിന്റേയും രാഷ്ട്രീയ ഉപജാപത്തിന്റേയും പിന്നിലുള്ളതെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് സമൂഹത്തിൽ ആകെയുള്ള ആശങ്ക പരിഹരിക്കാൻ കുറേക്കൂടി ശക്തമായ നിലപാട് എടുക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: അല്ല, മി. ടി. കെ. ദേവകുമാർ, ഇത് പുറകോട്ടുപോകലല്ല. കാരണം ഇത് എല്ലാ സ്ഥലത്തും നടപ്പിലാക്കണം. കുറെ സ്ഥലത്ത് നടപ്പിലാക്കുന്നില്ലെങ്കിൽ ബുദ്ധിമുട്ടുവരും. അതുകൊണ്ടാണ് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടപ്പിലാക്കുമെങ്കിൽ കേരളവും നടപ്പിലാക്കുമെന്ന് പറഞ്ഞത്. അതല്ലാതെ നടപ്പിലാക്കിയാൽ ചില ബുദ്ധിമുട്ടുകൾ വരും. അന്യസംസ്ഥാന ലോട്ടറിക്കുമാത്രം സെയിൽസ്ടാക്സ് ഏർപ്പെടുത്തണമെന്ന് ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു. അത് നമുക്ക് ചെയ്യാൻ പറ്റില്ല, discrimination പറ്റില്ല. കേരള ലോട്ടറിക്ക് ഇല്ലാതെ അന്യസംസ്ഥാനലോട്ടറികൾക്കുമാത്രം നമുക്ക് ചെയ്യാൻ പറ്റില്ല. ഇതിൽ കൂടുതലായി ഒന്നും പറയുന്നില്ല. ഇത് പിരിച്ചെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നില്ല എന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. നമുക്ക് തരാനുള്ളത് സംബന്ധിച്ച് നേരത്തേ ചില കാൽക്കുലേഷൻസൊക്കെ വന്നിട്ടുണ്ടല്ലോ, അതിൽ ഒരെണ്ണത്തിലും ആ taxation method ശരിയല്ലെന്ന് ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടില്ല. ചില സംശയങ്ങളൊക്കെയുണ്ടെങ്കിലും ഒരൊറ്റയെണ്ണവും ശരിയല്ലെന്നുള്ള ഉത്തരവ് കൊടുത്തിട്ടില്ല. ഒരെണ്ണവും പിരിക്കേണ്ട എന്നുള്ള ഉത്തരവ് നൽകിയിട്ടില്ല. പിന്നെ പുതിയ സിസ്റ്റം വന്നാൽപ്പോലും അതൊന്നും ആട്ടോമെറ്റിക്കായി ക്യാൻസലായി പോവുകയുമില്ല. അതുകൊണ്ട് ടാക്സേഷന്റെ കാര്യത്തിൽ അങ്ങനെയുള്ള സംശയങ്ങളൊന്നും വേണ്ട. പക്ഷേ അസ്സസ് ചെയ്ത രീതിയെക്കുറിച്ചെല്ലാം പല സംശയങ്ങളും പല തർക്കങ്ങളും പല കേസുകളും പല സ്റ്റേകളുമൊക്കെയുണ്ട്. അതിന്റെ ബുദ്ധിമുട്ടാണെന്നുള്ളതല്ലാതെ ഗവൺമെന്റ് അതിനെതിരായിട്ടൊന്നും ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് നമുക്ക് അടിയന്തിരമായി ഇത് പാസ്സാക്കുകയാണ് വേണ്ടത്. അതുകൊണ്ട് clause by clause ആയി ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരുംകൂടി സഹകരിച്ച് ഏറ്റവും അത്യാവശ്യമായിട്ടുള്ള അമെന്റുമെന്റ് കൾ മാത്രം മൂവ് ചെയ്ത് ഏറ്റവും വേഗം ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 2 ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115) 2-ാം ഖണ്ഡത്തിൽ,

(എ) "എ" ഉപഖണ്ഡത്തിൽ "സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും ആക്ടിൻ കീഴിൽ നിയമപരമായ വ്യക്തിത്വത്തോടുകൂടിയതും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "കൂട്ട് പങ്കാളിത്തം അഥവാ" എന്നീ വാക്കുകൾക്കുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്, അതായത്:

"സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഏതെങ്കിലും ആക്ടിൻകീഴിൽ നിയമപരമായ വ്യക്തിത്വത്തോടുകൂടിയ ഒരു";

(ബി) "എൻ" ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:

LIBRARY ARCHIVES Kerala Legislative Assembly

"(ഒ)" "വർഷം" എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(115) ഖണ്ഡം 2 (എ)-യിൽ "ഏതെങ്കിലും ആക്ടിൻ കീഴിൽ" എന്നതിനുപകരം "ഏതെങ്കിലും ആക്ടിൻ കീഴിലോ, ചട്ടങ്ങളുടെ കീഴിലോ" എന്ന് ചേർക്കുക.

(134) ഖണ്ഡം 2 (സി)-യുടെ അവസാനഭാഗത്തെ "നറുക്കെടുപ്പാകുന്നു" എന്ന വാക്കിനു പകരം താഴെ കാണുന്ന വാക്കുകൾ ചേർക്കുക:

"നറുക്കെടുപ്പ് എന്നർത്ഥമാകുന്നതും, ഇപ്രകാരമുള്ള പേപ്പർ ലോട്ടറി ടിക്കറ്റിൽ ബംബർ നറുക്കെടുപ്പ് എന്ന് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അത്തരം നറുക്കെടുപ്പുകൾ ബംബർ നറുക്കെടുപ്പാണോ അല്ലയോ എന്ന പ്രശ്നത്തിൽ അന്തിമ തീരുമാനമെടുക്കാൻ അസിസ്റ്റന്റ് കമ്മീഷണറന്മാർക്ക ധികാരമുണ്ടായിരിക്കുന്നതുമാണ്."

(152) ഖണ്ഡം 2 (ഐ)-യിൽ "ഭാരത സർക്കാരോ" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(159) 2-ാം ഖണ്ഡത്തിൽ "ജെ" ഇനത്തിലെ "ഏതൊരു ലോട്ടറിയും" എന്നതിനു പകരം "ഏതെങ്കിലും സംസ്ഥാന സർക്കാരോ കേന്ദ്രഭരണ പ്രദേശമോ അല്ലെങ്കിൽ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യമോ നടത്തുന്ന ഏതൊരു ലോട്ടറിയും" എന്നുചേർക്കുക.

ഇതിൽ യഥാർത്ഥത്തിൽ 115 തന്നെയാണ് എന്റെ 116. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ official ഭേദഗതി ആയി അത് കൊണ്ടുവന്നതായി കാണുന്നു. ഈ നിയമത്തിലെ ഏറ്റവും കാതലായ ഒരു വശമാണ് നിർവ്വചനം. അതുകൊണ്ടുതന്നെ ഈ നിയമത്തിൽ പ്രതിപാദിക്കുന്ന എല്ലാ വകുപ്പുകൾക്കും നിർവ്വചനം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ഈ ബില്ലിൽ പലവകുപ്പുകൾക്കും നിർവ്വചനം മനഃപ്പൂർവ്വം നൽകിയതായി കാണുന്നില്ല. അതുകൂടാതെ പല തരത്തിലുള്ള അവ്യക്തതയുണ്ടാക്കുന്ന തരത്തിലാണ് നിർവ്വചനം കൊടുത്തിട്ടുള്ളത്. ഇതിനു പ്രധാന കാരണം ഈ ബിൽ നമ്മുടെ നിയമവകുപ്പ് തയ്യാറാക്കിയതു തന്നെയാണോ എന്നൊക്കെയുള്ള സംശയമുണ്ടാക്കുന്ന രൂപത്തിലാണ് ഇതിന്റെ രീതി നോക്കുമ്പോൾ കാണാൻ കഴിയുന്നത്. ഇവിടെ "എ" ഉപവകുപ്പിൽ ഏജന്റിന്റെ നിർവ്വചനമാണ് കൊടുത്തിരിക്കുന്നത്. ഇത് സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഏതെങ്കിലും ആക്ടിൻകീഴിൽ നിയമപരമായ വ്യക്തിത്വത്തോടുകൂടി ലോട്ടറി വിൽക്കുന്നവരെയാണ് ഏജന്റ് എന്നു പറഞ്ഞിരിക്കുന്നത്. സംസ്ഥാന സർക്കാർ ലോട്ടറി നിയമത്തിൻകീഴിൽ അല്ല ഇവിടെ ലോട്ടറി നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് lottery regulation rules ആണ് ഉള്ളത്. അതുപോലെതന്നെ മിക്ക സംസ്ഥാനങ്ങളിലും ലോട്ടറിക്ക് പ്രത്യേക ആക്ടുകളില്ല. ഏതെങ്കിലും എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയാണ് ഇത്തരം ലോട്ടറികൾ നടത്തുന്നത്. ആ തരത്തിലുള്ള അവ്യക്തത നീക്കാനുള്ളതാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി. മന്ത്രി അതിനു സമാനമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. എന്റെ 134, 2(സി) വകുപ്പിൽ ബംബർ നറുക്കെടുപ്പിന്റെ നിർവ്വചനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സാധാരണ നറുക്കെടുപ്പിൽ നിന്നും കൂടുതൽ തുക സമ്മാനമായി നൽകുന്ന നറുക്കെടുപ്പുകളെ ബംബർ ലോട്ടറിയായി കണക്കാക്കും. അതിന് സമ്മാനത്തുക പലവിധത്തിലുണ്ട്. ഒന്നാം സമ്മാനാർഹമായ തുക നറുക്കെടുത്തുകൊണ്ടുതന്നെ കൂടുതൽ പേർക്ക് തുക വാഗ്ദാനം ചെയ്യുന്നു. ബംബർ നറുക്കെടുപ്പുകളുണ്ടാകും. അതുകൂടാതെതന്നെ നറുക്കെടുപ്പ് ടിക്കറ്റിൽ, ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ബംബർ എന്ന വാക്ക് ചേർക്കാതിരുന്നാൽ അത്തരം സാഹചര്യത്തിൽ ആ ലോട്ടറികൾ ബംബർ ലോട്ടറിയാണോ അല്ലയോ എന്നുള്ള തർക്കം ഉയർന്നുവരും. അത് പരിഹരിക്കുന്ന കാര്യത്തിൽ ഒരു തീരുമാനം ആരെടുക്കും? ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് കമ്മീഷണർക്കു നൽകുന്നതിനുവേണ്ടിയാണ് എന്റെ ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 152-ാം നമ്പർ ഭേദഗതി, ലോട്ടറികളുടെ നിർവ്വചനമാണ് "ഐ" വകുപ്പിൽ നൽകിയിരിക്കുന്നത്. ഇതിൽ ഭാരത സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും രാജ്യമോ സംഘടിപ്പിക്കുന്നതാണ് ലോട്ടറി എന്നാണ് വന്നിരിക്കുന്നത്. ഇത് ശരിയല്ല. ഭാരതസർക്കാർ നേരിട്ടോ ഏജൻസി വഴിയോ ലോട്ടറി നടത്തുന്നില്ല. അതുകൊണ്ട് ഭാരത സർക്കാർ എന്ന വാക്ക് ഇതിൽനിന്നും നീക്കം ചെയ്യേണ്ടതാണ്. അതുപോലെതന്നെ 159, "ജെ" വകുപ്പുകൾക്കുള്ള ഭേദഗതിയാണ്. ഓൺലൈൻ ലോട്ടറി ഒഴികെയുള്ള ഏതൊരു ലോട്ടറിയും പേപ്പർ ലോട്ടറിയുടെ പരിധിയിൽ വരും. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ സ്വകാര്യ ലോട്ടറികൾ നടത്തുന്നില്ല. സംസ്ഥാന സർക്കാർ മാത്രമേ ലോട്ടറി നടത്തുന്നുള്ളൂ. അതുകൊണ്ടുതന്നെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നടത്തുന്ന ലോട്ടറികൾ ഒഴിച്ച് മറ്റെല്ലാ ലോട്ടറികളും നമ്മുടെ നിയമംവഴി നിരോധിക്കാൻ സാധിക്കും. അന്യ സംസ്ഥാന ലോട്ടറികൾ നടത്തുന്ന പേപ്പർ ലോട്ടറികൾക്ക് നമ്മൾ നിരോധനം ഏർപ്പെടുത്തുന്നില്ല. പക്ഷേ അന്യസംസ്ഥാനങ്ങൾ നടത്തുന്ന സ്വകാര്യ ലോട്ടറികളെ നമ്മൾ നിരോധിക്കണം. ഓൺലൈൻ ലോട്ടറികൾ പോലെതന്നെ നിരോധിക്കേണ്ടതാണ് സ്വകാര്യ ഏജൻസികൾ നടത്തുന്ന പേപ്പർ ലോട്ടറികൾ. ഒറ്റനമ്പർ ലോട്ടറികളും അതുപോലെതന്നെ നിരോധിക്കേണ്ടതാണ്. അതിനാൽ പേപ്പർ ലോട്ടറിയുടെ നിർവ്വചനത്തിൽ ഭേദഗതി വരുത്തണമെന്നാണ് 159-ാം ഭേദഗതിയിലൂടെ ഞാൻ നിർദ്ദേശിക്കുന്നത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(117) ഖണ്ഡം 2 (എ)-യിൽ "വ്യക്തിത്വത്തോടുകൂടിയതും" എന്നതിനുപകരം "പരിരക്ഷയോടുകൂടിയതും" എന്നുചേർക്കുക.

(128) ഖണ്ഡം 2 (എ)-യിൽ,

"എന്നിവർ ഉൾപ്പെടുന്നതുമാകുന്നു" എന്നതിനുപകരം "ലോട്ടറി വകുപ്പിൻകീഴിൽ ഉള്ള രജിസ്റ്ററിൻപ്രകാരം ലൈസൻസ് നേടിയവർ" എന്നുചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(153) ഖണ്ഡം 2 (ഐ)യിൽ "പദ്ധതി" എന്നർത്ഥമാകുന്ന എന്നതിനുപകരം "പദ്ധതി എന്നർത്ഥമാകുന്നതും ഈ പദ്ധതി പ്രകാരം അവർ വിൽക്കുന്ന ടിക്കറ്റ്, വില്ക്കപ്പെടാത്തവ, ഏതെല്ലാം നമ്പറുകൾക്ക് സമ്മാനം ലഭിച്ചു, മൊത്തം എത്ര ടിക്കറ്റ് അച്ചടിച്ചു തുടങ്ങിയവ ജനങ്ങളുടെ അറിവിനായി ലോട്ടറി വകുപ്പ് മുഖാന്തിരം പ്രസിദ്ധീകരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

(181) ഖണ്ഡം 2 (എൻ) നുശേഷം താഴെപറയുന്നത് ചേർക്കുക:

"(ഒ) 'ടിക്കറ്റ്' എന്നാൽ നറുക്കെടുപ്പിനുശേഷം സമ്മാനം കൊടുക്കുന്നതിന് പരിഗണിക്കപ്പെടുന്ന നമ്പർ മുദ്രണം ചെയ്യപ്പെട്ടതും, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന്റെ ഇംപ്രിന്റും, ലോഗോയും സ്വന്തം ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലും അച്ചടിച്ച് വിതരണം ചെയ്യുന്നതുമായ പേപ്പർ ലോട്ടറി ടിക്കറ്റ് എന്ന് അർത്ഥമാകുന്നു."

128-ാം നമ്പർ ഭേദഗതിയിൽ ഏജന്റുമാർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കണം. ലോട്ടറി വകുപ്പിന്റെ കീഴിൽ രജിസ്ട്രേഷൻ നടപടി സ്വീകരിക്കണം. 132-ാം ഭേദഗതി ഒരു അക്ഷരപ്പിശകാണ്. നറുക്കെടുപ്പ് എന്നുള്ളത് നടുക്കെടുപ്പ് എന്നാണ് വന്നത്. അത് നറുക്കെടുപ്പ് എന്ന് മാറ്റേണ്ടിവരും. അപ്പോൾ അത് അംഗീകരിക്കണമെന്ന് പറയുകയാണ്. 153-ാം നമ്പർ ഭേദഗതിയിൽ ഇത് എത്രയെന്ന് പറയണം, കാരണം ഇതിൽ യാതൊരു വ്യക്തതയുമില്ല. ശിവകാശിയിൽ നിന്നും ഇഷ്ടംപോലെ അച്ചടിച്ചുകൊണ്ടുവന്ന് ജനങ്ങളെ കബളിപ്പിക്കുകയാണ്. അപ്പോൾ ഇവിടെ കൊണ്ടുവരുന്നത് എത്ര നമ്പർ വിറ്റു, അതിൽ ഏതെല്ലാമാണ് പ്രൈസ് വന്നത് ഇങ്ങനെയുള്ള ഒരു വ്യക്തതയുണ്ടാകുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി. മറ്റൊന്ന് 181-ാം നമ്പർ ഭേദഗതിയാണ്. അനധികൃത വില്പന തടയുന്നതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്, ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എം. വി. ജയരാജൻ:</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(118) ഖണ്ഡം 2(എ)-യിലെ മൂന്നാമത്തെ വരിയുടെ ആരംഭത്തിൽ "സംസ്ഥാനത്ത്" എന്നതിനുപകരം "കേരള സംസ്ഥാന" എന്ന് ചേർക്കുക.

(126) ഖണ്ഡം 2 (എ)-യിലെ,

ഏഴാമത്തെ വരിയിൽ "അതിൽ" എന്ന വാക്കിനുശേഷം വരുന്ന "സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റുകൾ" എന്നതിനുപകരം "കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ" എന്ന് ചേർക്കുക.

(129) ഖണ്ഡം 2 (സി)-യിൽ "ഏതെങ്കിലും ഉത്സവവേളയിലോ പ്രത്യേക വിശേഷ സന്ദർഭങ്ങളിലോ" എന്നീ വാക്കുകൾ ഒഴിവാക്കി "സർക്കാർ അതത് സന്ദർഭങ്ങളിൽ തീരുമാനിക്കുമ്പോലെ" എന്നീ വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

(142) ഖണ്ഡം 2 (ജി)-യിലെ മൂന്നാമത്തെ വരിയിൽ "സംവിധാനത്തിലൂടെയോ" എന്ന വാക്കിനുശേഷം വരുന്ന "റാൻഡം പ്രവർത്തനങ്ങൾ" എന്നീ വാക്കുകളും "വിധത്തിലുള്ള" എന്ന വാക്കിനുശേഷം വരുന്ന "റാൻഡം" എന്ന വാക്കും നീക്കം ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(144) ഖണ്ഡം 2 (ഐ)-യിൽ "ലോട്ടറി" എന്ന വാക്കിനു പകരം "പേപ്പർ ലോട്ടറി "എന്ന് ചേർക്കേണ്ടതാണ്.

(149) ഖണ്ഡം 2 (ഐ)-യിൽ മൂന്നാമത്തെ വരിയിൽ "നറുക്കെടുപ്പിലൂടെയോ, ഭാഗ്യപരീക്ഷണങ്ങളിലൂടെയോ" എന്നീ വാക്കുകൾ ഒഴിവാക്കി പകരം "നറുക്കെടുപ്പിലൂടെ" എന്ന വാക്ക് മാത്രം ചേർക്കേണ്ടതാണ്.

(154) ഖണ്ഡം 2(ഐ)-യുടെ അവസാനത്തെ വരിയിൽ

"പദ്ധതി എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്കുശേഷം താഴെപ്പറയുന്ന ഭാഗം കൂടി ചേർക്കുക.

"എന്നാൽ പ്രസ്തുത സംസ്ഥാന സർക്കാരുകളോ രാജ്യങ്ങളോ സംഘടിപ്പിക്കുന്ന ഓൺലൈൻ ലോട്ടറികൾ ഈ നിർവചനത്തിൽപ്പെടുന്നതല്ല."

(161) ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്.:

"(ജെ) പേപ്പർ ലോട്ടറി എന്നതിനുശേഷം ഓൺലൈൻ ലോട്ടറി എന്നാൽ സാധുത പരിശോധിക്കുന്നതിന് ഒരു പ്രത്യേക നമ്പർ നൽകുന്ന സെൻട്രൽ കമ്പ്യൂട്ടർ സെർവറുമായി, കളിക്കാരൻ തെരഞ്ഞെടുക്കുന്ന നമ്പരിന്റെയോ നമ്പരുകളുടെ സമ്മിശ്രണത്തിന്റെയോ വിശദ വിവരങ്ങൾ സംബന്ധിച്ച വിവരം ഒപ്പം രജിസ്റ്റർ ചെയ്തുകൊണ്ടുള്ള സംവിധാനം, ലോട്ടറി ടെർമിനലുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള മറ്റുപകരണങ്ങൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ പെരിഫെറലുകൾ എന്നിവ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ മുഖേന നടത്തുകയും വിപണനം ചെയ്യുകയും ചെയ്യുന്ന സമ്പ്രദായം ആകുന്നു" എന്നു ചേർക്കുക.

(175) ഖണ്ഡം 2(എൽ)-ൽ " എന്നർത്ഥമാകുന്നതും" എന്ന വാക്കിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ, സർക്കാർ നേരിട്ട് വിൽപ്പന നടത്താത്തിടത്ത് സർക്കാർ നിർദ്ദേശിക്കുന്ന മറ്റു വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ ലോട്ടറി വിൽപ്പന നടത്തുന്നതിനു അനുമതി നൽകാത്തതുമാകുന്നു."

118-ാം നമ്പർ ഭേദഗതി ഇതിന്റെ വാചക ഘടനയിൽ ഒരു മാറ്റം വരുത്തണമെന്നുള്ളതാണ്. ഇപ്പോൾ സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റുകൾ എന്നാണ് പറയുന്നത്. അതു കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിനുവേണ്ടി എന്നാക്കി മാറ്റണം. എന്നാലേ അതു ശരിയാകൂ. ശരിയായിട്ടുള്ള ഒരു ഭേദഗതി ഏജന്റിന്റെ ഡെഫനിഷനിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

(126) ഇപ്പോഴുള്ളത് സംസ്ഥാനത്തെ ലോട്ടറി ടിക്കറ്റുകൾ എന്നാണ്. നമ്മുടെ സംസ്ഥാനത്താണെങ്കിൽ കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ മാത്രമേയുള്ളൂ. അതുകൊണ്ട് കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ എന്നു തന്നെ വ്യക്തമായി അതിൽ ഭേദഗതി ചെയ്യേണ്ടതുണ്ട്. ഏജന്റുമാരുടെ ഡെഫനിഷനിലാണ് ഈ രണ്ടു കാര്യങ്ങളും വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

129, എന്നുപറയുന്നത് 2(സി) ബംബർ നറുക്കെടുപ്പുസംബന്ധിച്ച നിർവ്വചനമാണ്. അതിനകത്ത് ഉത്സവവേളയിലോ പ്രത്യേക വിശേഷ സന്ദർഭങ്ങളിലോ അങ്ങനെയാണ് ബമ്പർ ലോട്ടറിയെപ്പറ്റി പറയുന്നത്. ചില പ്രത്യേക ഘട്ടങ്ങളിൽ നമ്മൾ ഉത്സവവേളയിലോ വിശേഷ സന്ദർഭത്തിലോ അല്ലാതെ തന്നെ ബംബർ നറുക്കെടുപ്പു നടത്താൻ കഴിയും. അതുകൊണ്ട് അതിനുള്ള അധികാരം സർക്കാരിന് കൊടുക്കുന്നതായിരിക്കും നല്ലത്. സർക്കാർ അതതു സന്ദർഭങ്ങളിൽ തീരുമാനിക്കുംപോലെ എന്ന വാക്ക് കൂട്ടി ചേർക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

142, അതു നറുക്കെടുപ്പ് സംബന്ധിച്ചുള്ള നിർവ്വചനമാണ്. ഇവിടെ റാൻഡം എന്ന ഒരു വാക്കാണ് ഉപയോഗിച്ചു കാണുന്നത്. അതു ഡിക്ഷ്ണറിയിൽ നോക്കിയപ്പോൾ റാൻഡം എന്നു പറഞ്ഞാൽ ക്രമമില്ലാത്ത, തോന്നിയതുപോലെ എന്നും കാണുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ ഇതു ഭേദഗതി ചെയ്യണം എന്നു പറഞ്ഞത്. അതിവിടെ ആവശ്യമില്ല. അതുകൊണ്ട് റാൻഡം എന്നതു അവിടെ നിന്നും ഒഴിവാക്കണം. അങ്ങനെ വന്നാൽ ഏതെങ്കിലും സംവിധാനത്തിലൂടെയോ കാഴ്ചക്കാർക്ക് സുതാര്യമായി കാണാൻ കഴിയുന്ന സമ്പ്രദായത്തിലൂടെയോ എന്നായി മാറും. റാൻഡം എന്നുള്ളത് ഇവിടെ നിന്നും ഒഴിവാക്കണം.

144, ലോട്ടറി സംബന്ധിച്ച ഡെഫനിഷനാണ്. നമ്മുടെ സംസ്ഥാനത്ത് പേപ്പർ ലോട്ടറി മാത്രമേയുള്ളൂ. ലോട്ടറി എന്നാൽ പേപ്പർ ലോട്ടറി എന്ന വിധത്തിൽ തന്നെ ഡെഫനിഷനിൽ മാറ്റണം. മറ്റുള്ളതൊന്നും നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ പൊതുവിൽ അംഗീകരിക്കുന്നില്ല. അതുകൊണ്ട് ലോട്ടറി എന്നാൽ പേപ്പർ ലോട്ടറിയാണ്. എന്നാൽ മറ്റുള്ള കാര്യങ്ങളും അതിനകത്തു ചേർക്കാവുന്നതാണ്.

161, പേപ്പർ ലോട്ടറി എന്നാൽ എന്നു പറഞ്ഞിട്ട് ഓൺലൈൻ ലോട്ടറി ഒഴികെയുള്ള എല്ലാ ലോട്ടറിയും എന്നാക്കിയാൽ ഞാൻ ഇപ്പോൾ 144-ാം നമ്പർ ഭേദഗതി തരുന്നതുകൊണ്ടു തന്നെ 161 ആയി. ഓൺലൈൻ ലോട്ടറി എന്നതിനു ഒരു ഡെഫനിഷൻ ഇവിടെ കൊടുക്കുന്നതു നല്ലതാണ്. അപ്പോൾ ഓൺലൈൻ ലോട്ടറി എന്നാലെന്ത്? അതു നേരത്തെയുള്ള നിയമത്തിന്റെ ഭാഗമായി എടുത്ത ഡെഫനിഷനിൽത്തന്നെ നമുക്കു കൊടുക്കാം. ഈ നിയമത്തിൽ ഓൺലൈൻ ലോട്ടറി നമ്മൾ പറയാതെയിരുന്നാൽ സ്വാഭാവികമായും ഇതു നടപ്പിൽ വരുത്തുന്ന സമയത്തു ഇതു രണ്ടും തമ്മിലുള്ള വേർതിരിവ് ഈ ആക്ടിന്റെ ഭാഗമാകാതിരുന്നാൽ പ്രായോഗികമായി ഒരുപാടു ബുദ്ധിമുട്ട് ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് അതു പ്രത്യേകമായി പറയാൻ കാരണം.

175, ഇതു ഇപ്പോഴുള്ള പ്രൊമോട്ടർമാരെ സംബന്ധിച്ച ഡെഫനിഷനാണ്. അതു വിശദമാക്കിക്കൊണ്ടു പറയുന്നത് പ്രൊമോട്ടർമാർ ഒരു ലോട്ടറി സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്ന, ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ കേന്ദ്ര ഭരണ പ്രദേശമോ അല്ലെങ്കിൽ ഭാരത സർക്കാരുമായി ഉടമ്പടിയിലോ കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യമോ എന്നർത്ഥമാകുന്നതും എന്നു കഴിഞ്ഞാൽ എന്നാൽ സർക്കാർ നേരിട്ടു വിൽപ്പന നടത്താത്തിടത്ത് സർക്കാർ നിർദ്ദേശിക്കുന്ന മറ്റു വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ ലോട്ടറി വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിന് അനുമതി നൽകാത്തതുമാകുന്നു എന്ന നിലയ്ക്ക് വേർതിരിച്ചു പറയുന്നില്ലെങ്കിൽ സ്വകാര്യ ലോട്ടറിക്കാർക്ക് ഇതു പ്രയോജനപ്പെടുന്ന വിധത്തിലേയ്ക്ക് അതു മാറുമെന്നുള്ളതാണ്. ഇത്രയും ഭേദഗതികളാണ് എനിക്കു അവതരിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(122) ഖണ്ഡം 2(എ)-യിൽ,

"ഏതെങ്കിലും കേന്ദ്ര ഭരണ പ്രദേശമോ" എന്നതിനുപകരം "ഏതെങ്കിലും കേന്ദ്രഭരണ പ്രദേശത്തെ സർക്കാരുമായോ" എന്ന് ചേർക്കുക.

(155) ഖണ്ഡം 2(ജെ)-യിൽ "പേപ്പർ ലോട്ടറി എന്നതിനുശേഷം" "എന്നാൽ" എന്ന വാക്കിനു മുമ്പായി "എന്നാൽ 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിന് അനുസൃതമായി നടത്തുന്നതും" എന്നും ചേർക്കുക.

(187) ഖണ്ഡ 2-ൽ (എൻ) ഇനത്തിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(ഒ) "സെക്യൂരിറ്റി" എന്നാൽ "പ്രൊമോട്ടർ, അപ്രകാരം, കേരള സംസ്ഥാനത്ത് സ്വയം രജിസ്റ്റർ ചെയ്യുന്നതിനപേക്ഷിക്കുമ്പോൾ, ലോട്ടറി ടിക്കറ്റ് വിൽക്കാനുദ്ദേശിക്കുന്ന പ്രദേശത്തിന്റെ വലിപ്പത്തിനനുസൃതമായി സർക്കാർ നിശ്ചയിക്കുന്നതും രജിസ്ട്രേഷൻ ഫീസിനോടൊപ്പം മുൻകൂറായി അടയ്ക്കേണ്ടുന്നതുമായ തുക എന്നർത്ഥമാകുന്നു."

(189) ഖണ്ഡം 2-ൽ (ബി) മുതൽ (എൽ) വരെയുള്ള ഇനങ്ങൾ താഴെ പറയും പ്രകാരം പുനഃക്രമീകരിക്കുക:

ബി-ജെ ആയി

സി-ജി ആയി

ഡി-എച്ച് ആയി

ഇ-ജെ ആയി

എഫ്-കെ ആയി

ജി-എഫ് ആയി

എച്ച്-ഐ ആയി

ഐ-സി ആയി

ജെ-ഡി ആയി

കെ-ഇ ആയി

എൽ-ബി ആയി

ശ്രീ. ടി. കെ. ബാലൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(123) ഖണ്ഡം 2 (എ)-യിൽ,

(എ) ഇനത്തിൽ "പ്രദേശമോ" എന്ന വാക്കിനുപകരം "പ്രദേശവുമായോ" എന്ന് ചേർക്കുക.

(137) ഖണ്ഡം 2(സി)–യിൽ "ബംബർ നറുക്കെടുപ്പ് " എന്നാൽ "ഏതെങ്കിലും ഉത്സവവേളയിലോ പ്രത്യേക വിശേഷ സന്ദർഭങ്ങളിലോ ഉള്ള പ്രത്യേക നറുക്കെടുപ്പ് എന്നർത്ഥമാകുന്നതും അതതു ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യപ്പെടുന്നതിനേക്കാളും കൂടുതൽ തുക സമ്മാനമായി വാഗ്ദാനം ചെയ്യപ്പെടുന്ന എല്ലാ നറുക്കെടുപ്പുകളും ഉൾപ്പെടുന്നതുമാകുന്നു ."

(171) ഖണ്ഡം 2 (എൽ)-ലെ "ആൾ" എന്നതിന് പകരം "വ്യക്തി, കൂട്ടുപങ്കാളിത്തം അഥവാ ഏകാംഗീകൃത നികായം" എന്ന വാക്കുകൾ ചേർക്കുക. .

(184) ഖണ്ഡം 2-ൽ (എൻ) ഇനത്തിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

" (ഒ) "രജിസ്റ്റേർഡ് ഏജന്റ് /ബൾക്ക് ഏജന്റ് " എന്നാൽ 1998-ലെ ലോട്ടറീസ് (നിയന്ത്രണം) നിയമത്തിന്റെ 4-ാം വകുപ്പ് (സി) ഉപവകുപ്പ് പ്രകാരം നിയമിതരായ ഏജന്റ് എന്നർത്ഥമാകുന്നു."

171, അതിൽ വ്യക്തികളുടെ കൂട്ടുപങ്കാളിത്തം അതായത് കമ്പനിയായി നടത്തുന്ന ആളുകൾ എന്നതാണ് അതിനെ സംബന്ധിച്ച അമെന്റുമെന്റ്.

ശ്രീ. കെ. പി. മോഹനൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(127) ഖണ്ഡം 2(എ)-യിൽ,

"ഏജന്റുമാർ ബൾക്ക് ഏജന്റുമാർ സ്റ്റോക്കിസ്റ്റുകൾ, സോൾ സെല്ലിംഗ് ഏജന്റുമാർ" എന്നതിനുപകരം "ഇതുമായി ബന്ധപ്പെട്ട വിവിധ ജോലികളിൽ ഏർപ്പെടുന്ന എല്ലാ വിഭാഗം ആൾക്കാരും" എന്ന് ചേർക്കുക.

(131) ഖണ്ഡം 2 (സി)-യിൽ "ലോട്ടറിയുടെ പ്രത്യേക എന്നതിനുശേഷം നടുക്കെടുപ്പാകുന്നു" എന്നതിനുപകരം "നറുക്കെടുപ്പാകുന്നു " എന്നു ചേർക്കുക.

(168) ഖണ്ഡം 2 (എൽ)-ൽ "ടിക്കറ്റുകൾ സർക്കാർ നേരിട്ട് വില്പന" എന്നതിനുശേഷം "നടത്താത്തിടിത്ത് " എന്നതിനു പകരം "നടത്താത്തിടത്ത്" എന്നു ചേർക്കുക.

ഏജന്റുമാർ എന്നതിനുപകരം ഇതുമായി ബന്ധപ്പെട്ട വിവിധ ജോലികളിൽ ഏർപ്പെടുന്ന എല്ലാ വിഭാഗവും. അതുപോലെ 168-ൽ 'നടത്താത്തിടിത്ത് 'എന്നുള്ളത് നടത്താത്തിടത്ത് എന്നു മാറ്റണം. അതൊരു സ്പെല്ലിംഗ് മിസ്റ്റേക്കാണ്.

ശ്രീ. പി. ജെ. ജോയി: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(130) ഖണ്ഡം 2 (സി)-യിൽ "വിശേഷസന്ദർഭങ്ങളിലോ " എന്നതിനുശേഷം മറ്റവസരങ്ങളിലോ എന്ന് ചേർക്കുകയും "പ്രത്യേക നടുക്കെടുപ്പാകുന്നു " എന്നതിനു പകരം "പ്രത്യേക നറുക്കെടുപ്പ് " എന്നർത്ഥമാകുന്നു എന്നും ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(135) ഖണ്ഡം 2 (സി)-യിൽ

"ബംബർ നറുക്കെടുപ്പ്" എന്നാൽ "പ്രത്യേക ഉത്സവവേളകളിലോ വിശേഷ സന്ദർഭങ്ങളിലോ ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യുന്നതിനേക്കാളും കൂടുതൽ തുക സമ്മാനമായി വാഗ്ദാനം ചെയ്യുന്ന പേപ്പർ ലോട്ടറിയുടെ "പ്രത്യേക നറുക്കെടുപ്പ് എന്ന് അർത്ഥമാകുന്നു."

ഈ ബംബർ നറുക്കെടുപ്പു സംബന്ധിച്ചുള്ള ഡെഫനിഷനിൽ ഒരു മാറ്റം വമുത്തേണ്ടത് ബംബർ നറുക്കെടുപ്പ് എന്നാൽ പ്രത്യേക ഉത്സവ കാലങ്ങളിലോ വിശേഷ സന്ദർഭങ്ങളിലോ ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യുന്നതിനെക്കാളും കൂടുതൽ തുക സമ്മാനമായി വാഗ്ദാനം ചെയ്യുന്ന പേപ്പർ ലോട്ടറിയുടെ പ്രത്യേക നറുക്കെടുപ്പ് എന്നർത്ഥമാകുന്ന വിധത്തിൽ മാറ്റണം.

ശ്രീ. എ. കെ. ബാലൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(136) ഖണ്ഡം 2(സി)-യിൽ

"ബംബർ നറുക്കെടുപ്പ്" എന്നാൽ "ഏതെങ്കിലും ഉത്സവവേളയിലോ പ്രത്യേക വിശേഷ സന്ദർഭങ്ങളിലോ ഉള്ള പ്രത്യേക നറുക്കെടുപ്പ് എന്നർത്ഥമാകുന്നതും അതു ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യപ്പെടുന്നതിനേക്കാളും കൂടുതൽ തുക സമ്മാനമായി വാഗ്ദാനം ചെയ്യപ്പെടുന്ന എല്ലാ നറുക്കെടുപ്പുകളും ഉൾപ്പെടുന്നതുമാകുന്നു"

(150) ഖണ്ഡം 2 (ഐ)-യിൽ "സംഘടിപ്പിച്ച" എന്നതിനുപകരം "1998-ലെ കേന്ദ്ര ലോട്ടറീസ് (നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സംഘടിപ്പിച്ച" എന്ന് ചേർക്കുക.

(183) ഖണ്ഡം 2-ൽ (എൻ) ഇനത്തിനുശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(ഒ) "രജിസ്റ്റേർഡ് ഏജന്റ്/ബൾക്ക് ഏജന്റ് എന്നാൽ 1998-ലെ ലോട്ടറീസ് (നിയന്ത്രണം) നിയമത്തിന്റെ 4-ാം വകുപ്പ് (സി) ഉപവകുപ്പ് പ്രകാരം നിയമിതരായ ഏജന്റ് എന്നർത്ഥമാകുന്നു."

കേരളത്തിനു പുറത്തുള്ള ലോട്ടറിക്കാരെ നല്ല രൂപത്തിൽ നിയന്ത്രിക്കുന്നതിനുവേണ്ടിയിട്ടാണ് നമ്മൾ ഈ നിയമം കൊണ്ടുവരുന്നത്. സാധാരണ നിലയിൽ ബംബർ നറുക്കെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് നല്ല ഒരു തുക നമുക്കു പുറത്തുള്ള ലോട്ടറികളിൽ നിന്നും കിട്ടും. ഇന്നത്തെ ഈ ബംബർ നിർവ്വചനം ഉപയോഗപ്പെടുത്തി കഴിഞ്ഞാൽ, ആ ബംബറിന്റെ നിർവ്വചനത്തിൽ നിന്നും മാറുന്നതിനാണ് ഈ കേരളത്തിനു വെളിയിലുള്ള സംസ്ഥാന ഗവൺമെന്റുകൾ ശ്രമിക്കുക. അപ്പോൾ ഉത്സവവേളകളിലോ പ്രത്യേക വിശേഷ ദിവസങ്ങളിലോ സന്ദർഭങ്ങളിലോ എന്നുള്ളത് മാറ്റണം. എന്നിട്ട് ഏതെങ്കിലും ഉത്സവവേളകളിലോ

പ്രത്യേക വിശേഷ സന്ദർഭങ്ങളിലോ ഉള്ള പ്രത്യേക നറുക്കെടുപ്പ് എന്നർത്ഥമാകുന്നതും അതു ലോട്ടറികളുടെ സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യപ്പെടുന്നതിനെക്കാളും, കൂടുതൽ തുക സമ്മാനമായി വാഗ്ദാനം ചെയ്യപ്പെടുന്ന എല്ലാ നറുക്കെടുപ്പുകളും ബംബറിൽപ്പെടുത്തിയാലേ ബംബറിന്റെ ഉപയോഗം നമുക്കു കിട്ടൂ. ഒരു ബംബറിന്റെ നറുക്കെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പ്രൊമോട്ടർമാർ 10 ലക്ഷംരൂപ കൊടുക്കേണ്ടതാണ്. ഈ നിർവ്വചനം ഉപയോഗപ്പെടുത്തിക്കഴിഞ്ഞാൽ കേരളത്തിനു പുറത്തുള്ള ലോട്ടറി ഉടമകൾ ബംബർ ഡെഫനിഷനിൽ വരാതിരിക്കാനാണ് ശ്രമിക്കുക. അപ്പോൾ സാധാരണ നിലയിലുള്ള ലോട്ടറികളിൽ നിന്നും തുകയിൽ വ്യത്യാസം ഉണ്ടായാൽ തന്നെ അതു ബംബർ ആകണമെന്ന രൂപത്തിൽ നിർവ്വചനം വരുന്നില്ലെങ്കിൽ ഒരൊറ്റ ബംബർ ലോട്ടറിയുടെയും ഗുണം നമുക്ക് കിട്ടില്ല. പുറത്തുള്ള ലോട്ടറികളെ നിയന്ത്രിക്കലാണ് ഉദ്ദേശമെങ്കിൽ ഇതു മാറ്റിയേ പറ്റൂ. 150-ൽ ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യമോ സംഘടിപ്പിച്ച സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി എന്നർത്ഥമാകുന്നു. സംഘടിപ്പിച്ച സമ്മാനങ്ങൾ എന്നുള്ളതിന്റെ ഭാഗമായി കൃത്യമായി നമ്മൾ എഴുതണം. 1998-ലെ കേന്ദ്ര ലോട്ടറീസ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥയ്ക്ക് അനുസൃതമായി സംഘടിപ്പിച്ച എന്നാകണം. സംഘടിപ്പിച്ചത് എന്നുപറയുന്നത് ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അപ്പോൾ അതു സ്പെസിഫിക്കായി ഏതു നിയമത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചതാണ് എന്നുള്ളത് അതിന്റെ ഭാഗമായി എഴുതി ചേർക്കണം. 183 (ഒ) എന്നു പറയുന്ന ഒരു വകുപ്പുകൂടി ചേർക്കണം. അതു രജിസ്റ്റേർഡ് ഏജന്റ്/ബശർക്ക് എജന്റ് എന്നാൽ 1998-ലെ ലോട്ടറീസ് നിയന്ത്രണ നിയമത്തിന്റെ 4-ാം വകുപ്പ് (സി) ഉപവകുപ്പ് പ്രകാരം നിയമിതമായ ഏജന്റ് എന്നർത്ഥമാകുന്നു. അതു പറയാൻ കാരണം 2003-ലെ ലോട്ടറീസ് റെഗുലേഷൻ റൂൾസിൽ തന്നെ രജിസ്റ്റേർഡ് ഏജന്റ്/ബശർക്ക് ഏജന്റ് എന്ന നിർവ്വചനം ഉണ്ട്. അപ്പോൾ നിർവ്വചനം ഏതു വകുപ്പിന്റെ തണലിൽ എന്നുള്ളത് സ്പെസിഫിക്കായി ആക്ടിൽ പറയുന്നത് നന്നായിരിക്കും.

<u>ശ്രീ. മത്തായി ചാക്കോ:</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(138) ഖണ്ഡം 2 (സി)യിൽ "ബംബർ നറുക്കെടുപ്പ്" എന്നാൽ "ഏതെങ്കിലും ഒരു പേപ്പർ ലോട്ടറിയുടെ കാര്യത്തിൽ ആ പേപ്പർ ലോട്ടറി സാധാരണ നറുക്കെടുപ്പിന് വാഗ്ദാനം ചെയ്യപ്പെടുന്നതിനെക്കാളും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന പ്രത്യേക നറുക്കെടുപ്പ് എന്നർത്ഥമാകുന്നു".

(177) ഖണ്ഡം 2 (എൻ) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

(എൽ) "നികുതി" എന്നാൽ ഈ ആക്ടിന്റെ 6-ാം വകുപ്പ് പ്രകാരം ഈടാക്കുന്ന നികുതി എന്നർത്ഥമാകുന്നു.

(179) ഖണ്ഡം 2 (എൻ)-നുശേഷം താഴെ പറയുന്നത് കൂട്ടിച്ചേർക്കുന്നത്

(ഒ) "ലോട്ടറി ഡയറക്ടർ" എന്നാൽ കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടർ എന്നർത്ഥമാകുന്നു.

(182): ഖണ്ഡം 2(എൻ)-നുശേഷം താഴെ പറയുന്നത് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

"(ഒ) "ടിക്കറ്റ്" എന്നാൽ നറുക്കെടുപ്പിനുശേഷം സമ്മാനം കൊടുക്കുന്നതിന് പരിഗണിക്കപ്പെടുന്ന നമ്പർ മുദ്രണം ചെയ്യപ്പെട്ടതും, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന്റെ ഇംപ്രിന്റും, ലോഗോയും സ്വന്തം ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലും അച്ചടിച്ച് വിതരണം ചെയ്യുന്നതുമായ പേപ്പർ ലോട്ടറി ടിക്കറ്റ് എന്ന് അർത്ഥമാകുന്നു."

മിനിസ്റ്റർ തന്നെ ഒരു ഔദ്യോഗിക ഭേദഗതി ഇവിടെ കൊണ്ടു വന്നിട്ടുണ്ട് ഉത്സവ വേളകളിലോ വിശേഷസന്ദർഭങ്ങളിലോ എന്നു പ്രത്യേകമായി പറയേണ്ട കാര്യമില്ല. സാധാരണ നറുക്കെടുപ്പിന്റെ സമയത്ത് വാഗ്ദാനം ചെയ്യുന്ന തുകയെക്കാൾ കൂടിയ തുകകൾ വാഗ്ദാനം ചെയ്യുന്ന എല്ലാ സന്ദർഭങ്ങളും എന്നാക്കി മാറ്റണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(145) ഖണ്ഡം 2 (ഐ) യിൽ "ടിക്കറ്റുകൾ വാങ്ങിക്കൊണ്ട്" എന്ന വാക്കുകൾക്ക് പകരം "പേപ്പർ ലോട്ടറി ടിക്കറ്റുകൾ വാങ്ങിക്കൊണ്ട്" എന്ന വാക്കുകൾ ചേർക്കുക.

(166) ഖണ്ഡം 2 (എൽ) ഇനത്തിൽ "സംസ്ഥാന സർക്കാരോ" എന്ന വാക്കുകൾക്കുശേഷം "മറ്റ് ഏതെങ്കിലും സംസ്ഥാന സർക്കാരുകളോ" എന്നു ചേർക്കുക.

(173) ഖണ്ഡം 2 (എൽ)-നുശേഷം താഴെപ്പറയുന്ന പുതിയ ഇനം ചേർക്കേണ്ടതും ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

" (എം) "സെക്യൂരിറ്റി" എന്നാൽ ഒരു പ്രൊമോട്ടർ ഈ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ നൽകേണ്ടതായ സെക്യൂരിറ്റി എന്നർത്ഥമാകുന്നു."

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(146) ഖണ്ഡം 2 (ഐ)-യിൽ " അറിയപ്പെട്ടിരുന്നാലും" "ടിക്കറ്റുകൾ വാങ്ങിക്കൊണ്ട്" എന്നീ വാക്കുകൾക്കിടയിൽ "സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പ്രസുകളിലോ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മേൽനോട്ടത്തിൽ അച്ചടിക്കുന്നതോ; സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പരിശോധിച്ച് നിയമാനുസരണമുള്ളതാണെന്ന് ഉറപ്പു വരുത്തി സർക്കാർ ഔദ്യോഗിക മുദ്ര പതിപ്പിച്ച് " എന്നത് കൂട്ടിച്ചേർക്കുക.

(148) ഖണ്ഡം 2 (ഐ) യിൽ " ആളുകൾക്ക്" "നറുക്കെടുപ്പിലൂടേയോ" എന്നീ വാക്കുകൾക്കിടയിൽ "കേന്ദ്ര ലോട്ടറി നിയമമോ; സംസ്ഥാന ലോട്ടറി നിയമമോ നിഷ്ക്കർഷിക്കുന്ന പ്രകാരമുള്ളതും സംസ്ഥാന ലോട്ടറി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള" എന്നത് കൂട്ടിച്ചേർക്കുക.

(150) ഖണ്ഡം 2 (ജെ)-യിൽ കേന്ദ്ര ലോട്ടറി ആക്ട് 4-ാം വകുപ്പ് പ്രകാരമുള്ളതോ സംസ്ഥാന ഭാഗ്യക്കുറി നിയമമോ പ്രകാരമുള്ള എന്നത് "ഒഴികെയുള്ള ഏതൊരു" എന്നീ വാക്കുകൾക്കിടയിൽ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(169) ഖണ്ഡം 2 (എൽ)-ൽ "സർക്കാമിന്റേയോ സംസ്ഥാന ലോട്ടറി വകുപ്പിന്റേയോ ഔദ്യോഗിക മുദ്രയോടുകൂടിയ" എന്നീ വാക്കുകൾ "സംസ്ഥാനത്തിനകത്ത്" "ലോട്ടറി ടിക്കറ്റുകൾ" എന്നീ വാക്കുകൾക്കിടയിൽ കൂട്ടിച്ചേർക്കുക.

(172) ഖണ്ഡം 2 (എൽ)-ലെ "ആൾ" എന്നതിനുപകരം "വ്യക്തി, കൂട്ടുപങ്കാളിത്തം അഥവാ ഏകാംഗീകൃത നികായം" എന്ന വാക്കുകൾ ചേർക്കുക.

(185) ഖണ്ഡം 2 -ൽ (എൻ) ഇനത്തിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

" (ഒ) "സെക്യൂരിറ്റി ഡെപ്പോസിറ്റ്" എന്നാൽ പ്രൊമോട്ടർ കരാർ വ്യവസ്ഥയ്ക്ക് നടപ്പിലാക്കുമെന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്കായി അധികാരികളെ ഡെപ്പോസിറ്റായി ഏൽപ്പിക്കേണ്ട തുക എന്നർത്ഥമാകുന്നു."

(146) കണക്കിൽപ്പെടാത്ത വ്യാജ ലോട്ടറി ടിക്കറ്റുകൾ അടിച്ച് വിൽപ്പന നടത്താൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നത്. അതുപോലെ 169-ാം നമ്പർ ഭേദഗതി കൊണ്ടുവരാൻ കാരണം വ്യാജ ലോട്ടറി ടിക്കറ്റുകൾ ഒഴിവാക്കാൻവേണ്ടിയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(156) ഖണ്ഡം 2 (ജെ)-യിൽ "എന്നാൽ ഓൺലൈൻ ലോട്ടറി എന്നീ വാക്കുകൾക്കുശേഷം ഇലക്ട്രോണിക് ട്രാൻസാക്റ്റഡ് ലോട്ടറി" എന്ന് ചേർക്കുക.

ശ്രീ. ടി. എം. ജേക്കബ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(162) ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റിയെഴുതുക:

" (ജെ) പേപ്പർ ലോട്ടറി എന്നാൽ ഓൺലൈൻ ലോട്ടറി ഒഴികെയുള്ളതും 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്ടിലെ 4-ാം വകുപ്പിലെ നിബന്ധനപ്രകാരം നടത്തുന്നതുമായ ഏതൊരു ലോട്ടറിയും എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

ഇവിടെ സംസാരിച്ച കൂട്ടത്തിൽ പേപ്പർ ലോട്ടറി എന്നാൽ ഓൺലൈൻ ലോട്ടറി ഒഴികെയുള്ള ഏതൊരു ലോട്ടറികളും എന്ന് അർത്ഥമാകുന്നു എന്നാണ് പറഞ്ഞത്. ഇതിൽ പറഞ്ഞിരിക്കുന്നത് പേപ്പർ ലോട്ടറി എന്നാൽ ഓൺലൈൻ ലോട്ടറി ഒഴികെയുള്ളതും 1998-ലെ Lotteries Regulation Act-ലെ 4-ാം വകുപ്പിലെ നിബന്ധനപ്രകാരം നടത്തുന്നതുമായ ഏതൊരു ലോട്ടറിയും എന്ന് അർത്ഥമാകുന്നു. ഞാൻ ഇത് ചേർക്കാനുണ്ടായ കാരണം, അരുണാചൽ പ്രദേശ് ഗവൺമെന്റ് നമ്മുടെ ചീഫ് സെക്രട്ടറിക്ക് 2004 സെപ്റ്റംബർ 25-ാം തീയതി അയച്ച ഒരു കത്തിൽ അവരുടെ വരുമാനമാർഗ്ഗം ലോട്ടറിയാണെന്ന് പറയുന്നു. അതിനുശേഷം അവർ പറയുന്ന സെക്ഷൻ (4) (എച്ച്) മൂലനിയമത്തിലെ അതല്ലെങ്കിൽ 1998-ലെ ആക്ടിൽ 11 വ്യവസ്ഥകളാണ് ലോട്ടറി നടത്തുന്നതിനെ സംബന്ധിച്ച് പറയുന്നത്. ഇതിൽ (എച്ച്) എന്ന് പറയുന്നത് No lotteries shall have more than one draw in a week അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഞങ്ങൾ നടപ്പിലാക്കുന്നുണ്ട്. 11 കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ട് ഇത് ഞങ്ങൾ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞതിനുശേഷം അതിന്റെ കൂട്ടത്തിൽ ഒരു Annexure കൊടുക്കുന്നു. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഫയലിനകത്ത് ഉണ്ട്. Annexure-ൻകത്ത് List of weekly lotteries of Government of Arunachal Pradesh എന്ന് പറഞ്ഞാണ് കൊടുത്തിരിക്കുന്നത്. ഒരാഴ്ചയിൽ Monday to Tuesday .ഉണ്ട്. തിങ്കളാഴ്ച മാത്രം അവർ 109 ലോട്ടറി നടത്തുന്നുണ്ട്. അപ്പോൾ അവർ (എച്ച്)-ൽ പറയുന്ന നിബന്ധനയ്ക്ക് വിരുദ്ധമായിട്ടാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ ചെയ്യുന്നു എന്ന് അവർ അഡ്മിറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്തായാലും നമ്മൾ ഒരു നിയമം കൊണ്ടു വരുകയാണ്. നേരത്തേ ഇത് സംബന്ധിച്ച് റൂൾസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനകത്ത് കൃത്യമായി പറയുന്നത് 1998-ലെ സെക്ഷൻ (4)-ലെ നിബന്ധനയ്ക്ക് വിധേയമായി എന്നാണ്. അതനുസരിച്ച് വരുമ്പോൾ അതിന് വിരുദ്ധമായി ഏതെങ്കിലും പേപ്പർ ലോട്ടറിക്കാർ ഇവിടെ എന്തുചെയ്താലും നമുക്ക് അതിൽ നടപടി സ്വീകരിക്കാൻ സാധിക്കും. അതുകൊണ്ട് ഇത് അക്സപ്റ്റ് ചെയ്യണം.

ശ്രീ. പി. എസ്. സുപാലിനുവേണ്ടി (ശ്രീ. വിനോയ് വിശ്വം): സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(163) ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്: പേപ്പർ ലോട്ടറി എന്നാൽ ഓൺലൈൻ ലോട്ടറി ഒഴികെയുള്ള "മുൻകൂർ ടിക്കറ്റ് വിറ്റഴിച്ച് നിശ്ചിത തീയതിയിൽ പൊതുവായി നറുക്കെടുപ്പ് നടത്തുന്ന ഏതൊരു ലോട്ടറിയും എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

(170) ഖണ്ഡം 2 (എൽ)- ലെ "ആൾ" എന്ന വാക്കിനുപകരം " വ്യക്തിയോ, സ്ഥാപനമോ" എന്ന് ചേർക്കേണ്ടതാണ്.

(174) ഖണ്ഡം 2 (എൽ) -ലെ " ആക്ടിൻകീഴിലുള്ള" എന്ന വാക്കുകൾക്കു പകരം " ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കേണ്ടതാണ്.

പേപ്പർ ലോട്ടറി എന്താണെന്ന കാര്യം ഡിഫൈൻ ചെയ്യുമ്പോൾ ഈ ചുറ്റുപാടിൽ പ്രത്യേകിച്ച് അത് കൂടിയേ തീരൂ. അല്ലെങ്കിൽ ഒട്ടേറെ പഴുതുകളിലൂടെ ലക്ഷ്യങ്ങളെയെല്ലാം തകർക്കാൻ നീക്കം ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ പറയുന്നത് മുൻകൂർ ടിക്കറ്റ് വിറ്റഴിച്ച് നിശ്ചിത തീയതിയിൽ പൊതുവായി നറുക്കെടുപ്പ് നടത്തുന്ന ഏതൊരു ലോട്ടറിയും എന്ന് അർത്ഥമാകുന്നു എന്ന് കൂട്ടിച്ചേർക്കണമെന്ന്. അതിന് ഒന്നുകൂടി വ്യക്തത വരുത്താൻവേണ്ടിയാണ്. അതുപോലെ തന്നെ 170 ഖണ്ഡം 2 (എൽ) -ൽ ആൾ എന്ന ഒരു വാക്കാണ് കാണുന്നത്. ഒരു ബിൽ നിയമമാകുമ്പോൾ അതിനകത്തുള്ള ആൾ എന്ന വാക്കിനുപകരം കുറേക്കൂടി വ്യക്തത വരുത്താനും ഭംഗി വരുത്താനും sharpness ഉണ്ടാകുന്നത് നല്ലതാണ് വ്യക്തിയോ സ്ഥാപനമോ എന്ന് വയ്ക്കുന്നതായിരിക്കും നല്ലത്. അതുപോലെ തന്നെ ആക്ടിന്റെ കീഴിലുള്ള എന്നൊരു പ്രയോഗം ഉണ്ട്. ഖണ്ഡം 2-ൽ തന്നെ ആക്ടിൻ കീഴിലുള്ള എന്നതിനേക്കാൾ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എന്നതായിരിക്കും നല്ലത്.

ശ്രീ. സി. കെ. നാണു: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(164) ഖണ്ഡം 2 (ജെ)-ക്കുനേരെയുള്ള നിർവ്വചനത്തിന് (കെ) എന്നും "(കെ) ഇനത്തിന് നേരെയുള്ള നിർവ്വചനത്തിന് (ജെ)" എന്നും നമ്പർ ചെയ്യേണ്ടതാണ്

(178) ഖണ്ഡം 2 (എൻ) - ൽ " ഈ ആക്റ്റിൻകീഴിലുള്ള" എന്നതിനുപകരം "ഈ ആക്റ്റിൻ പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(167) ഖണ്ഡം 2 (എൽ) ഇനത്തിൽ " ഏതെങ്കിലും രാജ്യമോ" എന്നതിനുശേഷം "അഥവാ ഭാരത സർക്കാരിനോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോ കേന്ദ്രഭരണ പ്രദേശത്തിനോ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഒരു രാജ്യത്തിനുവേണ്ടി മറ്റ് ആരെങ്കിലും സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഒരു ലോട്ടറി" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. കോടിയേരി ബാലകൃഷ്ണൻ പട്ടങ്ങളുടെ കാര്യം ആക്ടിൽ പറയേണ്ടതില്ല. അങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമില്ല. ശ്രീ. ബാലൻ പല കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞു. അതെല്ലാം റൂൾസിൽ വരാവുന്നതാണ്. അത് പരിശോധിക്കാം. അതിനകത്ത് കൂടുതൽ വിവരങ്ങളൊന്നും പറയുന്നില്ല. ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതിയും ശ്രീ.എം.വി. ജയരാജൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ.ടി.എം. ജേക്കബ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതിയും ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതിയും ശ്രീ. എം.വി. ജയരാജൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 134,136,144,146 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി

അനുകൂലിക്കുന്നവർ—24

1. ശ്രീ. എ. എ അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെത്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, എം. കുമാരൻ
12. ,, കോവൂർ കുഞ്ഞുമോൻ
13. ,, വി. കെ. സി. മമ്മത് കോയ
14. ,, മത്തായി ചാക്കോ
15. ,, കെ. പി. മോഹനൻ
16. ,, എ. സി. മൊയ്തീൻ
17. ,, പിരപ്പൻകോട് മുരളി
18. ,, സി. കെ. നാണു
19. ,, കെ. രാധാകൃഷ്ണൻ
20. ,, എൻ. രാജൻ
21. ,, രാജു എബ്രഹാം
22. ,, ടി. പി. രാമകൃഷ്ണൻ
23. ,, എ. സി. ഷൺമുഖദാസ്
24. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ—41

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, ടി. വി. ചന്ദ്രമോഹൻ
7. ,, കെ. എ. ചന്ദ്രൻ
8. ,, എം. എ. ചന്ദ്രശേഖരൻ
9. ,, പി. പി. ജോർജ്
10. ,, ജോർജ്ജ് ജെ. മാത്യു
11. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
12. ശ്രീ. ടി. എം. ജേക്കബ്
13. ,, ജോസഫ് എം. പതുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. പി. ജെ. ജോയി
15. ,, വർക്കല കഹാർ
16. ,, ലൂഡി ലൂയിസ്
17. ,, സി. മമ്മൂട്ടി
18. ,, എ. കെ. മണി
19. ,, സി. മോയിൻകുട്ടി
20. ,, ആര്യാടൻ മുഹമ്മദ്.
21. ,, എഴുകോൺ നാരായണൻ
22. ,, കടവൂർ ശിവദാസൻ
23. ,, സ്റ്റീഫൻ ജോർജ്ജ്
24. ,, എം. കെ. പോൾസൺ മാസ്റ്റർ
25. ,, വി. ജെ. പൗലോസ്
26. ,, അടൂർ പ്രകാശ്
27. ,, വക്കം പുരുഷോത്തമൻ
28. ശ്രീമതി രാധാ രാഘവൻ
29. ശ്രീ. യു. സി. രാമൻ
30. ,, തമ്പാനൂർ രവി
31. ,, റോഷി അഗസ്റ്റിൻ
32. ,, ടി. പി. എം. സാഹിർ
33. ,, കെ. ശങ്കരനാരായണൻ
34. ശ്രീമതി മാലേത്ത് സരളാദേവി
35. ശ്രീ. വി. ഡി. സതീശൻ
36. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
37. ശ്രീ. സി. എഫ് തോമസ്
38. ,, പി. ടി. തോമസ്
39. ,, ഉമേഷ് ചള്ളിയിൽ
40. ,, എം. എ. വാഹീദ്
41. ,, കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—24

പ്രതികൂലിക്കുന്നവർ—41

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 116, 152,159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 117, 128, 153, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 118, 126, 129, 149, 154, 161, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 122, 155,187, 189 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 123, 137, 171, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 127, 131, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 150, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 138, 177, 179, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 145, 166, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 148,160, 169, 172, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 163, 170, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 164, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(190) 3-ാം ഖണ്ഡത്തിൽ, (1) ഉപഖണ്ഡത്തിൽ "അവർക്ക്" എന്ന വാക്കിനുപകരം "സർക്കാരിന്" എന്ന വാക്ക് ചേർക്കേണ്ടതും പ്രസ്തുത ഉപഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയിൽ "ബാധിക്കാത്ത വിധം" എന്നീ വാക്കുകൾക്ക് പകരം "ബാധിക്കുന്ന വിധം" എന്നീ വാക്കുകൾ ചേർക്കേണ്ടതും ആണ്.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(191) ഖണ്ഡം 3 (1)-ൽ "ഈ ആക്ടിന്റെ നടത്തിപ്പിലേയ്ക്കായി" എന്ന വാക്കുകൾക്കുശേഷം " ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി" എന്ന വാക്കുകൾകൂടി ചേർക്കുക.

ശ്രീ. പി. എസ്. സുപാലിനുവേണ്ടി (ശ്രീ. ബിനോയ് വിശ്വം): സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(194) ഖണ്ഡം 3 (1)-ൽ "ആളുകൾക്കും" എന്ന വാക്കിനുപകരം "വ്യക്തികൾക്കും" എന്നും "ആളുകളും" എന്ന വാക്കിനു പകരം "വ്യക്തികളും" എന്നും ചേർക്കുക.

(199) ഖണ്ഡം 3 (1)-ൽ "കൽപ്പനകളും" എന്ന വാക്ക് ഒഴിവാക്കുക

(200) ഖണ്ഡം 3 (1)-ൽ "അത്തരത്തിലുള്ള എല്ലാ" എന്ന വാക്കുകൾക്കുപകരം " നിർദ്ദിഷ്ട" എന്ന വാക്ക് ചേർക്കുക.

(201) ഖണ്ഡം 3 (1)-ൽ "അനുവർത്തിക്കേണ്ടതുമാണ്" എന്ന വാക്കിനുപകരം "അനുസരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

(225) ഖണ്ഡം 3 (2) ചുവടെ ചേർത്തിരിക്കുന്ന വിധം മാറ്റുക.

"(2) ഈ ആക്ട് നടപ്പിലാക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും വ്യക്തികളും, അവരുടെ മാർഗ്ഗനിർദ്ദേശത്തിനായി കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ഭരണപരമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അനുവർത്തിക്കേണ്ടതുമാണ്."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(195) ഖണ്ഡം 3 (1)-ൽ "അനുയോജ്യമെന്ന് തോന്നുന്ന" എന്ന വാക്കുകൾക്കുപകരം "അനുയോജ്യമെന്ന് തോന്നുന്നതും രേഖപ്പെടുത്തിയതുമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(196) ഖണ്ഡം 3 (1)-ൽ "അനുയോജ്യമെന്ന് തോന്നുന്ന" എന്ന വാക്കുകൾക്കുശേഷം "നിയമാനുസൃതം" എന്ന വാക്കുകൂടി ചേർക്കുക.

അതോറിറ്റികൾക്ക് അധികാരം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള amendment ആണ്. ഇതിൽ ഉദ്യോഗസ്ഥൻമാർക്കും ആളുകൾക്കും അവർക്ക് അനുയോജ്യമെന്ന് തോന്നുന്ന നിയമാനുസൃതമായ ഉത്തരവും നിർദ്ദേശവും കൽപ്പനയും കാലാകാലങ്ങളിൽ നൽകാവുന്നതും അപ്രകാരം എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും ഇത്തരത്തിലുള്ള എല്ലാ ഉത്തരവുകളും നിർദ്ദേശങ്ങളും കൽപ്പനകളും പാലിക്കുന്നതുമാണ് എന്റെ ഭേദഗതി.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(197) ഖണ്ഡം 3 (1)-ൽ "കാലാകാലങ്ങളിൽ" എന്ന വാക്കിനുശേഷം "ലോട്ടറി വകുപ്പുവഴി" എന്നീ വാക്കുകൾ ചേർക്കുക.

(222) ഖണ്ഡം 3 (2)-ൽ "കമ്മീഷണർ" എന്ന വാക്കിനുപകരം "ലോട്ടറി വകുപ്പ് ഡയറക്ടർ" എന്നീ വാക്കുകൾ ചേർക്കുക.

'കാലാകാലങ്ങളിൽ' എന്ന വാക്കിനുശേഷം 'ലോട്ടറി വകുപ്പുകൾ' എന്ന വാക്കുകൾ ചേർക്കുക. കാലാകാലങ്ങളിൽ നൽകുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കൽപ്പനകളും ടാക്സസ് വകുപ്പിന്റേയും ലോട്ടറി വകുപ്പിന്റേയും അറിവോടെ ആയിരിക്കണം. 'കമ്മീഷണർ' എന്ന വാക്കിനു പകരം 'ലോട്ടറി വകുപ്പ് ഡയറക്ടർ' എന്ന് ചേർക്കണം. മുഖ്യ ചുമതല ലോട്ടറി ഡയറക്ടർക്ക് ആയിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(198) ഖണ്ഡം 3 (1) "ആളുകൾക്കും" "ആളുകളും" എന്നീ വാക്കുകൾ നീക്കം ചെയ്യുകയും, "അവർക്ക്" എന്ന വാക്കിനുപകരം "സർക്കാരിന്" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

സർക്കാർ ആർക്കൊക്കെയാണ് അധികാരം നൽകുന്നത് എന്നതാണ് ഈ വകുപ്പുകൾ വ്യക്തമാക്കുന്നത്. സാധാരണഗതിയിൽ നിയമം നടപ്പിലാക്കേണ്ടത് സർക്കാർ ഉദ്യോഗസ്ഥൻമാരാണ്. എന്നാൽ ഈ നിയമത്തിന്റെ കാര്യത്തിൽ എന്തോ

ഒരു ഒളിച്ചുകളി മന്ത്രി നടത്തുന്നില്ലേ എന്ന് സംശയിക്കുന്ന തരത്തിൽ ചില വാചകങ്ങൾ ഇതിനകത്തുണ്ട്. സംസ്ഥാന സർക്കാർ ഈ ആക്ട് നടപ്പിലാക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും. ആരാണ് ഈ ആളുകൾ? ഉദ്യോഗസ്ഥൻമാരും ആളുകളും എന്ന് മന്ത്രി ഉദ്ദേശിക്കുന്നത് ഈ നിയമം നടപ്പിലാക്കാൻവേണ്ടി ആർക്കോ കോൺട്രാക്ട് കൊടുക്കാൻ പോവുകയാണ്. അതുകൊണ്ടാണ് ഉദ്യോഗസ്ഥൻമാരും ആളുകളും എന്ന പ്രയോഗം ഇതിനകത്ത് വന്നിട്ടുള്ളത്. സാധാരണഗതിയിൽ നിയമം നടപ്പിലാക്കാനുള്ള ബാദ്ധ്യത സർക്കാർ ഉദ്യോഗസ്ഥൻമാർക്കാണ്. അതിനുപകരം ഇവിടെ സ്വകാര്യ വ്യക്തികൾക്കുകൂടി ഏൽപ്പിച്ചു കൊടുത്തുകൊണ്ട് എന്തോ ഒരു തട്ടിപ്പ് ഇവിടെ നടക്കാൻ പോവുകയാണ്. മറ്റൊരു കാര്യം, ഈ ബിൽ തയ്യാറാക്കിയതിൽ ഒരുപാട് പാളിച്ചകൾ വ്യക്തമാക്കുന്ന വാചകം ഉണ്ട്. അത് മന്ത്രി മാറ്റി ഔദ്യോഗിക ഭേദഗതിയായിട്ട് ഇവിടെ കൊണ്ടുവന്നു. പക്ഷേ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇത് എങ്ങനെ വന്നു എന്ന് പരിശോധിക്കണം. അങ്ങനെയുള്ള യാതൊരു നിർദ്ദേശങ്ങളും കൽപ്പനകളും തന്റെ അപ്പീൽ അധികാരം നിർവ്വഹിക്കുന്നതിൽ appellate authority-ക്കുള്ള വിവേചനാധികാരത്തിൽ ബാധിക്കാത്ത വിധം പുറപ്പെടുവിക്കാവുന്നതല്ല. ഇങ്ങനെ ആരെങ്കിലും എഴുതി വയ്ക്കുമോ? പക്ഷേ ഇപ്പോൾ ബിൽ തയ്യാറാക്കുന്നത് യാതൊരു ജാഗ്രതയും ഇല്ലാതെയാണ് എന്നുള്ളതിന്റെ തെളിവാണ്. ഇത് തയ്യാറാക്കുന്നത് ആരാണെന്ന് സംശയം ഉണ്ടാകുന്നു. അതാണ് ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(203) ഖണ്ഡം 3(1)-ന്റെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന്റെ ഒരു തുടർച്ചയാണ്. ആ പ്രൊവിസോ മാറ്റണം. ഗവൺമെന്റിന്റെ നിയന്ത്രണത്തിന് വിധേയനായ ഉദ്യോഗസ്ഥന്റെ ഉത്തരവിന് വിധേയമായിട്ട് ഗവൺമെന്റ് നിൽക്കണമെന്നാണ് എഴുതിവച്ചിട്ടുള്ളത്. ആ പ്രൊവിസോ ഒന്ന് വായിച്ചുനോക്കൂ. എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവുകളും നിർദ്ദേശങ്ങളും കൽപ്പനകളും തന്റെ അപ്പീൽ അധികാരങ്ങൾ നിർവ്വഹിക്കുന്നതിൽ അപ്പലേറ്റ് അധികാരികൾക്കുള്ള വിവേചനാധികാരത്തെ ബാധിക്കുന്ന വിധം പുറപ്പെടുവിക്കാവുന്നതല്ല എന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ ഒരു ഉത്തരവ് ഈ അപ്പലേറ്റ് അതോറിറ്റിക്കു മുകളിൽ വന്നുകഴിഞ്ഞാൽ അത് ബാധകമല്ല. അപ്പലേറ്റ് അതോറിറ്റി എന്നുപറയുന്നത് ഗവൺമെന്റിനു താഴെയുള്ള ഒരു ഉദ്യോഗസ്ഥനാണ്. ആ ഉദ്യോഗസ്ഥന്റെ തീരുമാനത്തിനനുസരിച്ച് ഗവൺമെന്റ് നിന്നുകൊള്ളണമെന്നാണ്. അതുകൊണ്ട് ആ പ്രൊവിസോ അങ്ങനെതന്നെ മാറ്റണം. അപ്പലേറ്റ് അതോറിറ്റി ഗവൺമെന്റിന്റെ കീഴിൽ അല്ല. ഗവൺമെന്റ് നോക്കിനിന്നോളണം എന്നാണ് എഴുതിവച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല. 190-ാം ഭേദഗതിയിൽ വാചകത്തിന്റെ ഘടന മാറ്റി. അത് കറക്ട്. പക്ഷെ ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥൻ പറയുന്നത് ഗവൺമെന്റ് കേട്ടുകൊള്ളണമെന്ന് പറഞ്ഞതിനർത്ഥം എന്താണ്? അത് മാറ്റിയേ പറ്റൂ.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(205) ഖണ്ഡം 3 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ വിവേചനാധികാരത്തെ "ബാധിക്കാത്ത വിധം പുറപ്പെടുവിക്കാവുന്നതല്ല" എന്ന വാക്കുകൾക്കു പകരം "വിവേചനാധികാരത്തെ ബാധിക്കാത്ത വിധം പുറപ്പെടുവിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(224) ഖണ്ഡം 3(2)-ൽ "ആളുകളും കമ്മീഷണർ അവരുടെ മാർഗ്ഗ നിർദ്ദേശത്തിനായി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അത്തരം" എന്നീ വാക്കുകളിൽ "കമ്മീഷണർ" എന്ന വാക്ക് ഒഴിവാക്കേണ്ടതും "അദ്ദേഹം" എന്ന വാക്കിന് പകരം "കമ്മീഷണർ" എന്ന വാക്ക് ചേർക്കേണ്ടതും "അത്തരം" എന്ന വാക്ക് നീക്കം ചെയ്യേണ്ടതുമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(226) ഖണ്ഡം 3 (2) താഴെ പറയും വിധം മാറ്റുക:

"(2) ഈ ആക്ട് നടപ്പിലാക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും അവരുടെ മാർഗ്ഗ നിർദ്ദേശത്തിനായി കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അനുവർത്തിക്കേണ്ടതുമാണ്."

ഇവിടെ ശ്രീ. കോടിയേരിയും ശ്രീ. എ. കെ. ബാലനും ചൂണ്ടിക്കാണിച്ചതു തന്നെയാണ്, അപ്പോൾ ഈ നിയമം ശരിയായ വിധത്തിൽ അല്ല ഡ്രാഫ്റ്റ് ചെയ്തത് എന്നുള്ളത് ഉദാഹരണമാണ്. മറ്റൊരു കാര്യം അങ്ങയിൽ നിന്ന് സംരക്ഷണം കിട്ടേണ്ട ഒരു വിഷയം ഇതിലുണ്ട്. രണ്ടോ മൂന്നോ തവണയായി ബഹുമാനപ്പെട്ട മുൻ സ്പീക്കർ കൂടിയായ വക്കം ഇത് തുടരുകയാണ്. ഇവിടെ അംഗങ്ങൾ ഒരു ഭേദഗതി അവതരിപ്പിച്ചു കഴിഞ്ഞാൽ അതിനു സമാനമായിട്ടുള്ള ഭേദഗതി ഔദ്യോഗികമായിട്ടുതന്നെ കൊണ്ടുവരിക. എന്നിട്ട് അംഗങ്ങൾ അവതരിപ്പിക്കുന്ന ഭേദഗതി സ്വീകരിക്കാതിരിക്കുക എന്നുള്ളത് ഒരു നല്ല ലെജിസ്ലേഷന്റെ സൂചനയല്ല. ഞാൻ കൊണ്ടുവന്ന അതേ ഭേദഗതിയാണ് വന്നത്, കോടിയേരിയുടെ ഭേദഗതി ഘടനയിൽ കുറച്ച് മാറ്റം ഉണ്ടെന്നുള്ളതാണ്. ഞാൻ 213 ആയി പറഞ്ഞത് എന്താണോ അതുതന്നെയാണ് 190 ആയിട്ട് അങ്ങ് കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ബില്ലിൽ വരുന്ന പഴുതുകൾ എന്തൊക്കെയാണോ അതിലെ തെറ്റ് എന്താണോ എന്നുള്ളത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയുള്ള ചുമതല നിർവ്വഹിക്കുമ്പോൾ ആ ചുമതല നിർവ്വഹണത്തിൽ ഇടപെടൽ കൂടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടേത് എന്ന് തോന്നുകയാണ്. 226 ഇതുപോലെ ഒരു വാചകഘടന നമ്മൾ തിരുത്തുന്നില്ല എങ്കിൽ അപകടത്തിൽ ആവുന്നതാണ് എന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. ഈ 3(2)-ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാർ അവർ ചെയ്യേണ്ടതു സംബന്ധിച്ചാണ് ഇതിൽ പറയുന്നത്. ഈ ആക്ട് നടപ്പിലാക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും കമ്മീഷണർ അവരുടെ മാർഗ്ഗനിർദ്ദേശത്തിനായി പുറപ്പെടുവിച്ചിട്ടുള്ള അത്തരം ഭരണപരമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അനുവർത്തിക്കേണ്ടതുമാണ് എന്നാണ്. ഈ കമ്മീഷണർ അവരുടെ മാർഗ്ഗനിർദ്ദേശത്തിനായി എന്നുപറയുമ്പോൾ അത് ഒരുപാട് വ്യാഖ്യാനം തെറ്റായി നടത്താൻ കഴിയുന്ന വിധത്തിലാണ്. അതുകൊണ്ട് മാറ്റേണ്ടതുണ്ട്. മാറ്റുന്നില്ലെങ്കിൽ വരുന്ന അപകടം ശ്രീ. മുരളീധരൻ അങ്ങയെപ്പറ്റി പറഞ്ഞതുപോലെയാകും. വക്കം എന്നുള്ളത് വാക്കും എന്ന് ആയിപ്പോകും. അതുകൊണ്ട് ഇത് ശ്രദ്ധിക്കണം. ഈ ആക്ട് നടപ്പിലാക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും അവരുടെ മാർഗ്ഗ നിർദ്ദേശത്തിനായി എന്ന രീതിയിൽ മാറുന്നില്ല എങ്കിൽ കമ്മീഷണർ എന്നുള്ളത് ആദ്യം പറയുകയാണ്, കമ്മീഷണർ രണ്ടാമതാക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(219) ഖണ്ഡം 3(2)-ൽ "ആളുകളും" എന്ന വാക്കിനുപകരം "വ്യക്തികളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(220) ഖണ്ഡം (2)-ൽ "ആളുകളും കമ്മീഷണർ അവരുടെ മാർഗ്ഗ നിർദ്ദേശത്തിനായി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള" എന്നീ വാക്കുകളിൽ "കമ്മീഷണർ" എന്ന വാക്ക് ഒഴിവാക്കേണ്ടതും "അദ്ദേഹം" എന്ന വാക്കിന് പകരമായി "കമ്മീഷണർ" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(221) ഖണ്ഡം 3(2)-ൽ "കമ്മീഷണർ" എന്ന വാക്കിനുപകരം "സംസ്ഥാന ലോട്ടറി ഡയറക്ടർ" എന്ന് ചേർക്കുക.

കമ്മീഷണർ എന്ന വാക്കിനു പകരം സംസ്ഥാന ലോട്ടറി ഡയറക്ടർ എന്നാക്കി മാറ്റണം എന്നുള്ളതാണ്. അത് ഇപ്പോൾ ലോട്ടറിയുടെ നടത്തിപ്പ്, ഫീസ് ചുമത്തൽ മേൽനോട്ടം എന്നിവയൊക്കെത്തന്നെ വിൽപ്പന നികുതി വകുപ്പിന് കൈമാറുന്നത് ശരിയല്ല, ഇത് ലോട്ടറി വകുപ്പിനുതന്നെ നിലനിർത്തണം എന്നാണ് എന്റെ ഭേദഗതിയിലുള്ളത്. ഇത് അംഗീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(227) ഖണ്ഡം 3 (2)-ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂടി ചേർക്കുക:

"(3) സർക്കാരിന് ഉത്തരവ് പ്രകാരം ഈ ആക്ട് മുഖേന കമ്മീഷണർ നിർവ്വഹിക്കേണ്ട എതെങ്കിലും അധികാരമോ ചുമതലയോ ഏതെങ്കിലും പ്രദേശങ്ങളിൽ ജോയിന്റ് കമ്മീഷണർക്ക് ഭരമേൽപ്പിച്ചുകൊടുക്കാവുന്നതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി ഞാൻ അംഗീകരിക്കുകയാണ്. ശ്രീ. ജയരാജൻ പറഞ്ഞു ബഹുമാനപ്പെട്ട അംഗങ്ങൾ കൊണ്ടുവരുന്ന ഭേദഗതികൾ മന്ത്രി കൊണ്ടുവരുന്നു എന്ന്. ബഹുമാനപ്പെട്ട അംഗങ്ങൾ കൊടുക്കുന്ന സമയപരിധിക്കകത്തുതന്നെയാണ് ഗവൺമെന്റും അമെന്റ്മെന്റ് കൊടുക്കുന്നത്. അല്ലാതെ നിങ്ങളുടെ അമെന്റ്മെന്റ് കണ്ടതിനുശേഷമല്ല സർക്കാർ കൊടുക്കുന്നത്. ഇതിൽ ഒരുപാട് ഒഫിഷ്യൽ അമെന്റ്മെന്റുകൾ വന്നിട്ടുണ്ട്. കാരണം ഇത് വളരെ hurry burry-യായിട്ട് ട്രാൻസ്ലേറ്റ് ചെയ്യേണ്ടിവന്നു, അപ്പോൾ ട്രാൻസ്ലേഷനിലും ഒരുപാട് തകരാറുകൾ വന്നു. ഞാൻ തന്നെ സമ്മതിക്കുന്നു. ട്രാൻസ്ലേഷനിൽ ഇംഗ്ലീഷ് മലയാളമായി. പലതും ഇംഗ്ലീഷ് മലയാളമാണ്. അത് കുറേയെല്ലാം പരിഹരിക്കാനായിട്ട് ശ്രമിച്ചിട്ടുണ്ട്. അതല്ലാതെ വ്യക്തിപരമായിട്ട് പറയുകയാണെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ കൊണ്ടുവരുന്ന ഭേദഗതികൾ പരമാവധി അംഗീകരിക്കണമെന്നുള്ളതു തന്നെയാണ് എന്റെ നയം. അതാണ് ഞാൻ ചെയ്തിട്ടുള്ളത്. ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുള്ള അമെന്റ്മെന്റ് നിങ്ങൾ കൊണ്ടുവന്നിട്ടുള്ള അമെന്റ്മെന്റ് കാണുന്നതിനു മുൻപാണ്. പിന്നെ ശ്രീ. ജയരാജൻ ഇത് നിയമസഭയാണെന്നും ഇവിടെ കുറെ സംസ്കാരം വേണമെന്നും കൂടി ചിന്തിക്കുന്നത് കൊള്ളാമെന്നാണ്എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതിയും ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 194, 199, 200, 201, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 197, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 205, 224 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. പി. എസ്. സുപാലിനുവേണ്ടി (ശ്രീ. ബിനോയ് വിശ്വം): സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(232) ഖണ്ഡം 4(1)-ൽ "പ്രകാരമുള്ള അത്തരം" എന്ന വാക്കുകൾക്ക് പകരം "പ്രകാരമുള്ള നിർദ്ദിഷ്ട" എന്ന വാക്കുകൾ ചേർക്കുക.

(233) "ആ വിഭാഗത്തിൽപ്പെട്ട വിഷയങ്ങളേയോ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(234) ഖണ്ഡം 4(1)-ൽ "ഡെപ്യൂട്ടി കമ്മീഷണർ" എന്ന വാക്കുകൾക്ക് പകരം "ജോയിന്റ് ലോട്ടറി ഡയറക്ടർ" എന്ന് ചേർക്കുക.

(239) ഖണ്ഡം 4(2)-ൽ "കമ്മീഷണർ" എന്ന വാക്കിന് പകരം "സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ" എന്ന് മാറ്റി ചേർക്കുക.

(240) ഖണ്ഡം 4(2)-ൽ "അസിസ്റ്റന്റ് കമ്മീഷണർ" എന്നതിനുപകരം "ജില്ലാ ഭാഗ്യക്കുറി ആഫീസർ" എന്ന് ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(236) ഖണ്ഡം 4-ന്റെ 1-ാം ഉപഖണ്ഡം (1 എ) ഉപഖണ്ഡമായി മാറ്റം വരുത്തേണ്ടതും അപ്രകാരം മാറ്റം വരുത്തിയ (1 എ) ഉപഖണ്ഡത്തിന് മുൻപേ താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്.

"(1) കമ്മീഷണർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അത്തരം പ്രദേശങ്ങളിലോ അത്തരം പ്രൊമോട്ടർമാരെയോ പ്രൊമോട്ടർമാരുടെ വിഭാഗങ്ങളെയോ അത്തരം വിഷയങ്ങളേയോ ആ വിഭാഗത്തിൽപ്പെട്ട വിഷയങ്ങളേയോ സംബന്ധിച്ച അവരുടെ ചുമതലകൾ ജോയിന്റ് കമ്മീഷണർ നിർവ്വഹിക്കേണ്ടതാണ്."

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(237) ഖണ്ഡം 4(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) കമ്മീഷണർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും പ്രദേശങ്ങളിലെ പ്രൊമോട്ടർമാരെയോ, പ്രൊമോട്ടർമാരുടെ വിഭാഗങ്ങളേയോ, ഏതെങ്കിലും വിഷയങ്ങളേയോ ആ വിഭാഗത്തിൽപ്പെട്ട വിഷയങ്ങളേയോ സംബന്ധിച്ച ചുമതലകൾ ഡെപ്യൂട്ടി കമ്മീഷണർമാർ നിർവ്വഹിക്കേണ്ടതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഒരു ഭേദഗതിയും അംഗീകരിക്കുന്നില്ല.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 232, 233 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 234, 239, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 237-ാം ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. പി. എസ്. സുപാലിനുവേണ്ടി (ശ്രീ. ബിനോയ് വിശ്വം): സർ, ഞാൻ എന്റെ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(242) ഖണ്ഡം 5-ന്റെ ശീർഷകത്തിൽ "മാറുമ്പോൾ" എന്ന വാക്കിന് പകരം "സ്ഥാനം ഒഴിയുമ്പോൾ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(249) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രൊമോട്ടർക്ക്" എന്ന വാക്ക് ഒഴിവാക്കുക.

(251) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "അയാൾക്കെതിരെ" എന്ന വാക്കിന് പകരം "പ്രൊമോട്ടർക്കെതിരെ" എന്ന വാക്ക് ചേർക്കുക.

(253) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "അയാൾക്ക്" എന്ന വാക്കിന് പകരം "പ്രൊമോട്ടർക്ക്" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(244) ഖണ്ഡം 5-ൽ "അതേ ഘട്ടത്തിൽ നിന്ന് തന്നെ" എന്നതിനു ശേഷം "നിയമാനുസൃതമായി" എന്നുകൂടി ചേർക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(245) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(248) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "എന്നാൽ, പ്രൊമോട്ടർക്ക്" എന്നതിനു ശേഷം 'എതിരെ' എന്ന വാക്കുകൂടി ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ ഭേദഗതി സ്വീകരിക്കാവുന്നതേയുള്ളൂ. കാരണം ആ പ്രൊവിസോയിൽ എന്നാൽ പ്രൊമോട്ടർക്ക് അപ്രകാരം എന്നുള്ളത് പ്രൊമോട്ടർക്ക് എതിരെ അപ്രകാരം എന്നാണ് ഉദ്ദേശിക്കുന്നത്. അതുകൂടി ചേർക്കുമ്പോഴാണ് നിയമം നന്നായിട്ട് നടപ്പാക്കാൻ സാധിക്കുക. ആ വാക്ക് ഇല്ലെങ്കിൽ പിന്നെ ഭാവിയിൽ ബുദ്ധിമുട്ട് വരും.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(250) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "പുനരാരംഭിക്കുന്നതിനോ" എന്നതിന് പകരം "പുനഃപരിശോധന നടത്തുന്നതിനോ" എന്ന് ചേർക്കുക.

(252) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ മുമ്പ്" എന്നതിനുശേഷം 'അയാൾക്ക് പറയുവാനുള്ളത് കേൾക്കേണ്ടതും യുക്തമായ നടപടികൾ എടുക്കേണ്ടതുമാണ്' എന്ന് ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(254) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധനയിൽ "പറയുവാനുള്ളത് കേൾക്കേണ്ടതാണ്" എന്നതിനു പകരം "പറയുവാനുള്ളത് കേൾക്കേണ്ടതും നടപടി 6 മാസത്തിനുള്ളിൽ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഭേദഗതി മൂവ് ചെയ്യുന്നതോടൊപ്പം ഒരു കാര്യം കൂടി പറയുന്നു, നേരത്തെ ബഹുമാനപ്പെട്ട വക്കം എന്നോട് പറഞ്ഞതായിരിക്കില്ല, ശ്രീ. മുരളീധരനെപ്പറ്റി പറഞ്ഞതായിരിക്കും എന്നു ഞാൻ കരുതുകയാണ്. സംസ്കാരം ഇല്ലാത്തവൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് മുരളീധരനോട് പറയേണ്ട കാര്യമാണ്. മുരളീധരൻ പറഞ്ഞതേ ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളൂ. വക്കം എന്നുള്ളത് വാക്കം എന്ന് അദ്ദേഹം പറഞ്ഞതാണ്. ഭേദഗതി 254-ൽ നിർവ്വചിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് പ്രൊമോട്ടറെ കേൾക്കണം എന്നുള്ളതാണ്. അയാൾക്ക് പറയാനുള്ളത് കേൾക്കേണ്ടതാണ്. അതോടൊപ്പം ആറു മാസത്തിനകം നടപടിയെടുക്കുകയും ചെയ്യേണ്ടതാണ് എന്നുള്ളതുകൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(255) ഖണ്ഡം 5-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(1) "എന്നാൽ പ്രൊമോട്ടർക്ക് എതിരെ അപ്രകാരം നടപടി മുൻഗാമി നിറുത്തിവച്ച നടപടിയുടെ അതേഘട്ടത്തിൽ തന്നെ അപ്രകാരമുള്ള നടപടിയുടെ തുടർച്ചയെന്നോണം പിൻതുടർന്ന് വരുന്ന ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്."

നിലവിൽ എടുത്ത ഒരു നടപടി ആ ഉദ്യോഗസ്ഥൻ മാറി പുതിയ ഒരു ഉദ്യോഗസ്ഥൻ വരുമ്പോൾ ബന്ധപ്പെട്ട കക്ഷിയോട് വീണ്ടും ഒരു വിശദീകരണം ചോദിക്കുക എന്നുള്ളതാണ് അതിനകത്തു വരുന്നത്. അപ്പോൾ അതിന്റെ ആവശ്യമില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. സുഗതൻ നൽകിയിട്ടുള്ള ഭേദഗതിയാണ് ശ്രീ. ജേക്കബും അവതരിപ്പിച്ചത്. ശ്രീ. സുഗതൻ അത് മൂവ് ചെയ്യാത്ത സ്ഥിതിക്ക് ശ്രീ. ജേക്കബ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കുകയാണ്. മറ്റു ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 242, 249, 251, 253 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. രാജൻ അവതരിപ്പിച്ച 250, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(259) 6-ാം ഖണ്ഡത്തിൽ, (1)-ാം ഉപഖണ്ഡത്തിൽ "നിരക്കുകളിൽ" എന്ന വാക്കിനുശേഷം "പേപ്പർ" എന്ന വാക്ക് ചേർക്കേണ്ടതും "ലോട്ടറികൾക്ക്" എന്ന വാക്കിനുശേഷമുള്ള ബ്രാക്കറ്റുകളും "പേപ്പർ ലോട്ടറി" എന്നീ വാക്കുകളും വിട്ടുകളയേണ്ടതുമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(260) ഖണ്ഡം 6(1)-ൽ "നികുതി" എന്നതിനുപകരം "ലൈസൻസ് ഫീസ്" എന്നാക്കി മാറ്റണം.

(263) ഖണ്ഡം 6(1)-ൽ "ലോട്ടറികൾക്ക് (പേപ്പർ ലോട്ടറി)" എന്നതിനുപകരം "പേപ്പർ ലോട്ടറികൾക്ക്" എന്ന് ചേർക്കുക.

(285) ഖണ്ഡം 6(3)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(4) കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ വകുപ്പ് 4-ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സർട്ടിഫൈ ചെയ്യുന്ന ലോട്ടറി ടിക്കറ്റുകൾക്ക് മാത്രമേ നികുതി ഈടാക്കാൻ പാടുള്ളൂ."

(291) ഖണ്ഡം 6 താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

നികുതിയും ലൈസൻസ് ഫീസും

(1) താഴെപ്പറയുന്ന നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്:

(എ) ബമ്പർ നറുക്കെടുപ്പിന് ഓരോന്നിനും 10 ലക്ഷം രൂപ.

(ബി) സാധാരണ നറുക്കെടുപ്പിന് ഓരോന്നിനും രണ്ടര ലക്ഷം രൂപ.

(2) 1-ാം ഉപവകുപ്പ് പ്രകാരമുള്ള ലൈസൻസ് ഫീസിനുപുറമെ ഓരോ ടിക്കറ്റിലും അതിന്റെ വിലയുടെ 12.5 ശതമാനം വില്പന നികുതിയായി ഈടാക്കേണ്ടതാണ്.

(3) 1-ഉം 2-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള നികുതി അതാതു ലോട്ടറികളുടെ പ്രൊമോട്ടർ നല്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ 260, ലൈസൻസ് ഫീസ് എന്നാക്കി മാറ്റണമെന്നാണ്. നികുതി പിരിക്കുന്നതിൽ പല തടസ്സങ്ങളും സാങ്കേതികമായിട്ടുള്ള പല പ്രയാസങ്ങളും ഒക്കെയുണ്ടാകും. അതുകൊണ്ട് ഫീസ് എന്നത് ലൈസൻസ് ഫീസ് എന്നുതന്നെ ആക്കി മാറ്റണമെന്നതാണ് എന്റെ 260-ാം നമ്പർ ഭേദഗതി.

263 പേപ്പർ ലോട്ടറി എന്നുപറയുന്നതിനു പകരം പേപ്പർ ലോട്ടറികൾ എന്നാക്കി മാറ്റണം.

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(261) ഖണ്ഡം 6(1)-ൽ "താഴെപ്പറയുന്ന നിരക്കുകളിൽ" എന്നതിനു മുമ്പായി "മറ്റു സംസ്ഥാനങ്ങളിൽ നികുതി എന്തുതന്നെ ആയിരുന്നാലും" എന്നുകൂടി ചേർക്കുക.

സർ, സ്റ്റേറ്റിന്റെ ലോട്ടറിക്കുമാത്രമായിട്ട് ചില പ്രത്യേകതകൾ കൊടുക്കണം. ബിൽ വായിച്ചാൽ മൊത്തത്തിൽ നമ്മുടെ കേരള സംസ്ഥാന ലോട്ടറി എന്നതിന് പ്രാമുഖ്യം കൊടുക്കുന്നില്ല എന്നുള്ള സംശയം പുറത്തുണ്ട്. അത് പരിഹരിക്കാൻ സഹായകരമാകുന്ന രൂപത്തിലുള്ള ഇതടക്കമുള്ള ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(265) ഖണ്ഡം 6(1) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(1) താഴെപ്പറയുന്ന നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് ഈ ആക്ട് പ്രകാരമുള്ള നികുതി ചുമത്തി ഈടാക്കേണ്ടതാണ്, അതായത്.—"

പേപ്പർ ലോട്ടറിക്ക് ബ്രാക്കറ്റ് കൊടുക്കേണ്ട ആവശ്യമില്ല. നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് എന്ന് ആകാവുന്നതാണ്. ബ്രാക്കറ്റിന്റെ ആവശ്യം അവിടെയില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(267) ഖണ്ഡം 6(1) (എ)-യിൽ "പത്തു ലക്ഷം", എന്ന വാക്കിനു പകരം "അഞ്ചു ലക്ഷം രൂപ" എന്ന വാക്കു ചേർക്കുക.

(272) ഖണ്ഡം 6 (1) (ബി)-യിൽ "രണ്ട് ലക്ഷത്തി അൻപതിനായിരം" എന്ന വാക്കിനു പകരം "അൻപതിനായിരം", എന്ന വാക്കു ചേർക്കുക.

(283) ഖണ്ഡം 6 (3)-ന് ശേഷം 6(4) ആയി താഴെപ്പറയുന്നത് ചേർക്കുക:

"നികുതി നൽകിയിട്ടുള്ള പ്രൊമോട്ടർ 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്ടിനു വിധേയമായി ലോട്ടറികൾ നടത്തേണ്ടതാണ്."

ഈ ഭേദഗതിയുടെ ബേയിസിക് ചെയിഞ്ച് മന്ത്രി അക്സെപ്റ്റ് ചെയ്യുമോയെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. അത് ഞാൻ പറയാൻ കാരണം, നമ്മുടെ ഗവൺമെന്റ് ഇപ്പോൾ ബമ്പർ ലോട്ടറി നടത്തുന്നുണ്ട്. അത് കൃത്യമായിട്ടും

LIBRARY ARCHIVES Kerala Legislative Assembly

നടക്കും. കൃത്യമായിട്ടും പത്തു ലക്ഷം രൂപ അടയ്ക്കണം. സ്റ്റേറ്റ് ലോട്ടറി നമ്മൾ നടത്തുന്നുണ്ട്. അത് കൃത്യമായിട്ട് രണ്ടര ലക്ഷം രൂപ അടച്ചേ പറ്റൂ. അതേസമയം മറ്റ് സ്റ്റേറ്റുകളിൽ ആരും ഈ ബംബർ ലോട്ടറി നടത്താൻ പോകുന്നില്ല. ഈ സാഹചര്യത്തിൽ അതിന് വേറെ പേരും കാര്യങ്ങളും കൊടുത്ത് അവർ കൊണ്ടുപോകും. ആ സാഹചര്യത്തിൽ നമ്മുടെ സ്റ്റേറ്റ് ലോട്ടറി നിലനിന്നു കിട്ടാനേറ്റവും ആവശ്യം ഞാൻ ഇപ്പോൾ ബമ്പർ ലോട്ടറിക്ക് പത്തു ലക്ഷം രൂപയെന്നുള്ളത് അഞ്ചു ലക്ഷം ആക്കാൻ പറഞ്ഞു. മറ്റേത് രണ്ടര ലക്ഷം രൂപയെന്നുള്ളത് അൻപതിനായിരം രൂപയാക്കാൻ പറഞ്ഞു. സാധാരണ നറുക്കെടുപ്പിന് രണ്ടര ലക്ഷം എന്ന് ഇട്ടാലും മറ്റേത് അഞ്ചു ലക്ഷം ആക്കി മാറ്റുന്നതായിരിക്കും നമ്മുടെ സ്റ്റേറ്റ് ലോട്ടറിയെ സേവ് ചെയ്യാനായിട്ട് നല്ലത്. പിന്നെ ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒരു പുതിയതു കൂടി ചേർക്കാനാണ്. ഇപ്പോൾ ഇവിടെ പറഞ്ഞിരിക്കുന്നതനുസരിച്ച് കേന്ദ്ര സർക്കാരോ സംസ്ഥാനത്തേയോ, കേന്ദ്ര ഭരണപ്രദേശത്തെ സർക്കാരോ, രാജ്യമോ സംസ്ഥാനത്ത് ഒന്നിൽക്കൂടുതൽ പ്രൊമോട്ടർമാരെ നിയമിക്കുകയാണെങ്കിൽ അതാതു സർക്കാരോ രാജ്യമോ അധികാരപ്പെടുത്തിയ ഒരു പ്രൊമോട്ടർ ഒന്നാം വകുപ്പുപ്രകാരം ചുമത്തപ്പെട്ട നികുതി നൽകേണ്ടതാണ്. അതുകഴിഞ്ഞ് നികുതി നൽകിയിട്ടുള്ള പ്രൊമോട്ടർ 1998-ലെ ലോട്ടറി റഗുലേഷൻസിന് വിധേയമായി ലോട്ടറികൾ നടത്തേണ്ടതാണ്. 'അതുകൂടെ വരുന്നെങ്കിലേ ശരിയാകുകയുള്ളൂ. കാരണം ഈ പ്രൊമോട്ടർ ആരാണെന്ന് നമ്മൾ ഇവിടെ നിർവചനത്തിൽ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അപ്പോൾ അതനുസരിച്ച് പ്രൊമോട്ടർ ലോട്ടറി സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്ന എന്നാണ് തുടങ്ങിയിരിക്കുന്നത്. അപ്പോൾ പ്രൊമോട്ടർക്ക് ലയബിലിറ്റിയുണ്ടാകണം. അയാളുടെ ജോലി ഈ കേന്ദ്ര നിയമപ്രകാരം ലോട്ടറി നടത്തലാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(268) ഖണ്ഡം 6 (1) (എ)-യിൽ "പത്ത് ലക്ഷം" എന്നത് "അഞ്ചു ലക്ഷം" എന്നായി മാറ്റേണ്ടതാണ്.

(ബി)-യിൽ "രണ്ട് ലക്ഷത്തി അമ്പതിനായിരം" എന്നത് "ഒരു ലക്ഷം" എന്നാക്കി മാറ്റേണ്ടതാണ്.

(277) ഖണ്ഡം 6 (2)-ൽ 'ചുമത്തിയിട്ടുള്ള നികുതി' എന്നതിനുശേഷം '(3)-ാം ഉപവകുപ്പിനു വിധേയമായി' എന്നുചേർക്കുക

(282) ഖണ്ഡം 6 (3)-ൽ അവസാനം താഴെപ്പറയുന്നതുകൂടി ചേർക്കുക:

"ഇപ്രകാരം നികുതി അടച്ചയാൾ, 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിനു വിധേയമായി പ്രവർത്തിക്കേണ്ടതാണ്."

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(269) ഖണ്ഡം 6 (1) (എ)-യിൽ "പത്തു ലക്ഷം" എന്നതിനു പകരം "പതിനഞ്ച് ലക്ഷം" എന്നും 1 (ബി)-യിൽ "രണ്ട് ലക്ഷത്തി അൻപതിനായിരം" എന്നതിനുപകരം "അഞ്ച് ലക്ഷം" എന്നും ചേർക്കുക. .

(275) ഖണ്ഡം 6 ഉപഖണ്ഡം (1)-ന് താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ 1998-ലെ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സാക്ഷ്യപ്പെടുത്തുന്ന ലോട്ടറികളിൽ നിന്ന് മാത്രമേ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവൂ."

സർ, ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. പത്തു ലക്ഷം എന്നുള്ളതിനുപകരം 15 ലക്ഷം മിനിമം ആക്കണം. പത്തു ലക്ഷമെന്നുള്ളത് കുറയ്ക്കുകയല്ല ചെയ്യേണ്ടത്. രണ്ടു ലക്ഷത്തി അൻപതിനായിരം എന്നുള്ളത് അഞ്ചു ലക്ഷം ആക്കണം. എന്തുകൊണ്ടാണ് ഈ തുക വർദ്ധിപ്പിക്കുന്നത്? പുറത്തുള്ള ലോട്ടറി പ്രൊമോട്ടേഴ്സ് ഇവിടെ ഇതു കൊണ്ടുവരുന്ന സമയത്ത് ഏറ്റവും നല്ല നികുതി നമ്മൾ അവരിൽനിന്നു വാങ്ങണം. മാക്സിമം നികുതി വാങ്ങിക്കഴിഞ്ഞാൽ മാത്രമേ അവരുടെ സ്വാധീനം ഇല്ലാതാക്കാൻ പറ്റൂ. അപ്പോൾ യഥാർത്ഥത്തിൽ കേരളത്തിന് പുറത്തുള്ള സംസ്ഥാന ഗവൺമെന്റുകൾ ഇവിടെ നടത്തുന്ന ലോട്ടറിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് ഒരു ബംബറിന് പത്തു ലക്ഷം രൂപയാണ് വാങ്ങുന്നത്. അത് 15 ലക്ഷം രൂപയാക്കണം. മാത്രമല്ല ബംബർ ഇല്ലാതാകാൻ പോകുകയാണ്. ബംബറിന്റെ ഡെഫനിഷനിൽ ബംബർ വരികേയില്ല. സാധാരണ ലോട്ടറിയേ വരികയുള്ളൂ. അവരേ രക്ഷപ്പെടൂ. അതുകൊണ്ട് നിർബന്ധമായും പത്തു ലക്ഷം രൂപയെന്നുള്ളത് 15 ലക്ഷം രൂപയാക്കണം. രണ്ടര ലക്ഷം രൂപയെന്നുള്ളത് അഞ്ചു ലക്ഷം രൂപയാക്കണം. നമ്മൾ ഇപ്പോൾ കൊടുത്തിട്ടില്ലായെങ്കിൽ എന്താ സാർ? നമ്മുടെ കേരളത്തിലെ ലോട്ടറിയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളാ ഗവൺമെന്റുമായി കുറച്ചു കടം പറഞ്ഞാലും പ്രശ്നമില്ലല്ലോ. മറ്റവരെ പിടിക്കാൻ ഇതാണ് ഏറ്റവും നല്ലത്. അതുപോലെ 275— സർ, പുറത്തുള്ള ലോട്ടറി പ്രായോഗികമായി അവർക്ക് ഇവിടെ നടത്തുന്നതിന് കുറച്ചു ബുദ്ധിമുട്ട് ഉണ്ടാകണം. അപ്പോൾ 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സാക്ഷ്യപ്പെടുത്തുന്ന ലോട്ടറികളിൽ നിന്ന് മാത്രമേ നികുതി ഈടാക്കാൻ പാടുള്ളൂ. അല്ലാത്ത അവിടെയുള്ള ഒരു പ്രൊമോട്ടർ വന്നു ഇതാ പത്തുലക്ഷം പിടിച്ചോ, രണ്ടര ലക്ഷം പിടിച്ചോ എന്നുപറഞ്ഞിട്ട് നികുതി വാങ്ങുകയല്ല വേണ്ടത്. 1998-ലെ ലോട്ടറി റഗുലേഷൻ ആക്ട് അവർ comply ചെയ്യുന്നുണ്ടോ എങ്കിൽ മാത്രമേ നമ്മൾ നികുതി വാങ്ങാൻ പാടുള്ളൂ. അല്ലെങ്കിൽ നികുതി വാങ്ങാൻ പാടില്ല. ഈ രണ്ട് ഭേദഗതികൾ മൂവ് ചെയ്യുന്നു.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(273) ഖണ്ഡം 6 (1) (എ), (ബി) താഴെപ്പറയും വിധം ഭേദഗതി ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഓരോ നറുക്കെടുപ്പിനും രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ വീതം;

(ബി) ഓരോ ബംബർ നറുക്കെടുപ്പിനും ഏറ്റവും കുറഞ്ഞത് പത്ത് ലക്ഷം രൂപ വീതവും, വാഗ്ദാന തുക വർദ്ധിപ്പിക്കുന്നതനുസരിച്ച് ആനുപാതികമായി നികുതി വർദ്ധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(276) ഖണ്ഡം 6 (1) -നു പകരം താഴെക്കാണുന്നതു ചേർക്കുക:

6. നികുതിയും ഫീസും ചുമത്തൽ :

(1) താഴെപ്പറയുന്ന നിരക്കിൽ പേപ്പർ ലോട്ടറികൾക്ക് ഫീസും നികുതിയും ചുമത്തേണ്ടതും ഈടാക്കേണ്ടതുമാണ്; അതായത്;—

(എ) "ഓരോ ബംബർ നറുക്കെടുപ്പിനും ഇരുപത്തിയഞ്ചു ലക്ഷം രൂപ ലൈസൻസ് ഫീസ്,

(ബി) മറ്റേതൊരു നറുക്കെടുപ്പിനും പത്തു ലക്ഷം രൂപ ലൈസൻസ് ഫീസ് "

(സി) " ഓരോ ബംബർ നറുക്കെടുപ്പിന്റേയും ടിക്കറ്റുകൾക്ക് ഇരുപത് ശതമാനം നിരക്കിൽ നികുതി.

(ഡി) മറ്റേതൊരു നറുക്കെടുപ്പിന്റേയും ടിക്കറ്റുകൾക്ക് പതിനഞ്ചു ശതമാനം നികുതി"

(286) ഖണ്ഡം 6 (3)–നുശേഷം താഴെക്കാണുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

" (4) സംസ്ഥാന സർക്കാരിന്റെ ലോട്ടറി ടിക്കറ്റുകൾ ഒഴികെയുള്ള ലോട്ടറി ടിക്കറ്റുകൾ, സംസ്ഥാനത്തു വിതരണത്തിനായി എത്തിച്ചതിനുശേഷം കഴിയുന്നത്രവേഗം അവ ബന്ധപ്പെട്ട ലോട്ടറി വകുപ്പ് ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, അതിൽ സംസ്ഥാന ലോട്ടറി വകുപ്പിന്റെ ഔദ്യോഗിക മുദ്ര പതിപ്പിക്കേണ്ടതുമാണ് "

" (5) ഇപ്രകാരം ഔദ്യോഗിക മുദ്ര പതിച്ച ടിക്കറ്റുകളുടെ എണ്ണം ഓരോ ജില്ലാ ലോട്ടറി ഉദ്യോഗസ്ഥനും കൃത്യമായി രേഖപ്പെടുത്തി, അതിൻമേൽ (1)-ാം ഉപവകുപ്പനുസരിച്ച് നിശ്ചയിച്ച നികുതി മുൻകൂറായി ഈടാക്കേണ്ടതുമാണ്"

" എന്നാൽ ഓരോ ലോട്ടറികളുടേയും ഓരോ നറുക്കെടുപ്പിനും നിശ്ചയിച്ചിട്ടുള്ള ഫീസ് നിശ്ചയിച്ച് വസൂലാക്കുന്നതിനുള്ള അധികാരം സംസ്ഥാന ലോട്ടറി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്."

നമ്മൾ ഇത് കൊണ്ടുവരുന്നത്, നമ്മുടെ സംസ്ഥാനത്ത് പേപ്പർ ലോട്ടറി നടത്തുന്നുണ്ട്. അതുകൊണ്ടുതന്നെ അന്യസംസ്ഥാനങ്ങളിലെ പേപ്പർ ലോട്ടറികൾ നിരോധിക്കാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് കൂടുതൽ നികുതി

LIBRARY ARCHIVES Kerala Legislative Assembly

അ'തിൽനിന്ന് ഈടാക്കണമെന്നു പറയുന്നത് യഥാർത്ഥത്തിൽ അന്യ സംസ്ഥാനങ്ങളിലെ ലോട്ടറികൾ പലതും ഈ ഓൺലൈൻ ലോട്ടറി പോലെയുള്ള തട്ടിപ്പാണ്. അതുകൊണ്ട് കൂടുതൽ ടാക്സ് ചുമത്തിക്കൊണ്ടു മാത്രമേ നമുക്ക് അവരെ ഇവിടെനിന്ന് കെട്ടുകെട്ടിക്കാൻ സാധിക്കൂ. അതിനുപറ്റിയ വിധത്തിൽ ഈ തുകയിൽ വർദ്ധനവ് വരുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. അതുപോലെതന്നെ ഇപ്പോൾ ഇവിടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലോട്ടറി എത്രയാണ് വിൽപ്പന നടത്തുന്നത് എന്നതിനെ സംബന്ധിച്ച് നമ്മുടെ ഡിപ്പാർട്ടുമെന്റിന് യാതൊരു വിവരവും കിട്ടുന്നില്ല. അതുകൊണ്ടുതന്നെ ഇവിടെ വിറ്റഴിക്കുന്ന ലോട്ടറിക്ക് നമ്മുടെ സംസ്ഥാന ലോട്ടറി ഡയറക്ടറേറ്റിന് ഇടപെടാൻ കഴിയണം. അതനുസരിച്ച് ഇവിടത്തെ സീൽ കൂടി പതിച്ചുകൊണ്ട് മാത്രമേ നമ്മുടെ സംസ്ഥാനത്തെ ലോട്ടറികൾ വിൽക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യണം. ആ വിധത്തിൽ ഒരു ഭേദഗതി കൊണ്ടുവരണം.

<u>ശ്രീ. എം. വി. ജയരാജൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(280) ഖണ്ഡം 6(3) -ൽ മൂന്നാമത്തെ വരിയിൽ "അധികാരപ്പെടുത്തിയ" എന്ന വാക്കിനുശേഷം വരുന്ന "ഒരു ....." തുടങ്ങിയ വാക്കുകൾക്കുപകരം "മുഖ്യ പ്രൊമോട്ടർ (1)-ാം വകുപ്പു പ്രകാരം ചുമതലപ്പെട്ട നികുതി നൽകേണ്ടതും പ്രൊമോട്ടർമാരുടെ രജിസ്ട്രേഷൻ സമയത്ത് നികുതി നൽകുന്നതിന് ചുമതലപ്പെടുത്തിയ പ്രൊമോട്ടറെ മുഖ്യ പ്രൊമോട്ടറായി രജിസ്റ്റർ ചെയ്യേണ്ടതുമാകുന്നു" എന്നു ചേർക്കുക.

(288) ഖണ്ഡം 6 താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

<u>നികുതിയും ലൈസൻസ് ഫീസും ചുമത്തൽ</u>

(1) താഴെപ്പറയുന്ന നിരക്കുകളിൽ ലോട്ടറിയുടെ ലൈസൻസ് ഫീസ് ചുമത്തേണ്ടതും പ്രൊമോട്ടറിൽ നിന്ന് അഡ്വാൻസായി ഈടാക്കേണ്ടതുമാണ്.

(എ) ഓരോ ബമ്പർ നറുക്കെടുപ്പിനും 10 ലക്ഷം രൂപ വീതം.

(ബി) സാധാരണ നറുക്കെടുപ്പിന് 5 ലക്ഷം രൂപ വീതം

(2) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ലോട്ടറിയുടെ 20 ശതമാനം വില്പന നികുതിയായി ലൈസൻസ് ഫീസിന് പുറമേ വില്പനയുടെ ഒന്നാം ഘട്ടത്തിൽ ഈടാക്കേണ്ടതാണ്.

280—ഇപ്പോൾ പ്രൊമോട്ടർമാർ രണ്ടുപേർ ചേർന്ന് ഇവിടെ രജിസ്റ്റർ ചെയ്യുന്നുണ്ട് എന്നു വിചാരിക്കുക. അപ്പോൾ അതിൽ മുഖ്യപ്രൊമോട്ടർക്ക് ഉത്തരവാദിത്വം കൊടുത്തുകഴിഞ്ഞാൽ അത് കുറച്ചുകൂടി നന്നായിരിക്കും. അപ്പോൾ മുഖ്യപ്രൊമോട്ടർ പിന്നീട് അതിന്റെ ഡഫനിഷനിൽ അത് പറയുന്നുണ്ട്. 288, ഇവിടെ ശ്രീ. എ. കെ. ബാലനും ശ്രീ. കോടിയേരിയും ചൂണ്ടിക്കാട്ടിയതുപോലെ മറ്റു സ്ംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ടുവരുന്ന ലോട്ടറിയെ നമുക്ക് നിയന്ത്രിക്കാൻ കഴിയണമെങ്കിൽ നമ്മുടെ ലൈസൻസ് ഫീസ് കൂട്ടണം. അതോടൊപ്പം ഒരു പുതിയ. നികുതിയും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തണം. ലൈസൻസ് ഫീസ് കൂട്ടേണ്ടതുണ്ട്. ഒരു 20 ശതമാനം വിൽപ്പന നികുതിയായി ലൈസൻസ് ഫീസിന് പുറമേ വിൽപ്പനയുടെ ഒന്നാം ഘട്ടത്തിൽ ഈടാക്കുന്ന വിധത്തിലുള്ള ഒരു നികുതിയും കൊണ്ടുവരുന്നുണ്ടെങ്കിൽ മാത്രമേ അന്യസംസ്ഥാനങ്ങളിലെ പേപ്പർ ലോട്ടറിയെ നമുക്ക് റഗുലേറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തിന്റെ ലോട്ടറി നല്ല രീതിയിൽ നടത്തുന്നതിന് കഴിയുകയും ചെയ്യുമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(292) ഖണ്ഡം 6-നുശേഷം താഴെപ്പറയുന്നത് ഖണ്ഡം 6 (എ) ആയി ചേർക്കുക.

"6 (എ) ലോട്ടറികളുടെ നടത്തിപ്പിൻമേലുള്ള പരിശോധന

സംസ്ഥാനത്ത് ലോട്ടറികളുടെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറുന്ന ചുമതലകൾ ലോട്ടറീസ് ഡയറക്ടർ നിർവഹിക്കേണ്ടതാണ്:

(i) ലോട്ടറി നടത്തിപ്പ് 1998-ലെ ലോട്ടറീസ് (നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുനൽകുക;

(ii) വില്പനയ്ക്കും വിതരണത്തിനും ഉള്ള എല്ലാ ടിക്കറ്റുകളും ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ സീല് പതിച്ചു നൽകുക;

(iii) ലോട്ടറി ടിക്കറ്റുകളുടെ നമ്പരുകൾ വ്യത്യസ്തമാണെന്നും എല്ലാ ടിക്കറ്റുകൾക്കും സമ്മാനത്തിനുള്ള സാദ്ധ്യത തുല്യമാണെന്നും ഉറപ്പുവരുത്തുക;

(iv) വ്യാജവും, കൃത്രിമവും, നികുതി അടയ്ക്കാത്തതുമായ ലോട്ടറികൾ നടത്തുന്നത് പരിശോധിച്ച് കണ്ടെത്തി പിടിച്ചെടുക്കുക;

(v) വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതും, നികുതി ഈടാക്കാവുന്നതുമായ ലോട്ടറികൾ ഏതൊക്കെ എന്ന് സർട്ടിഫിക്കറ്റ് നൽകുക;"

ശ്രീ. ടി. കെ. ദേവകുമാർ: സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(295) അദ്ധ്യായം iii താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

"പേപ്പർ ലോട്ടറികളിൻമേലുള്ള ലൈസൻസ് ഫീസ്

6. ലൈസൻസ് ഫീസ് ചുമത്തൽ: (1) താഴെപ്പറയുന്ന നിരക്കിൽ പേപ്പർ ലോട്ടറികൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതും ഈടാക്കേണ്ടതും ആണ്, അതായത്:

(എ) ഓരോ ബമ്പർ നറുക്കെടുപ്പിനും പത്തു ലക്ഷം രൂപ വീതം.

(ബി) ഓരോ സാധാരണ നറുക്കെടുപ്പിനും രണ്ടു ലക്ഷത്തി അമ്പതിനായിരം രൂപ വീതം.

(2) 1-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള ലൈസൻസ് ഫീസ് അതാതു പേപ്പർ ലോട്ടറിയുടെ പ്രൊമോട്ടർ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ പ്രൊമോട്ടർമാർ ഉള്ളിടത്ത് ഇതിനായി ചുമതലപ്പെടുത്തപ്പെട്ട പ്രൊമോട്ടർ നല്കേണ്ടതാണ്"

LIBRARY ARCHIVES Kerala Legislative Assembly

294—എന്നു പറയുന്നത് നികുതി ചുമത്തൽ എന്നുള്ളത് ലൈസൻസ് ഫീസ് ആക്കണം എന്നുള്ളതാണ്. ഞാൻ ഇതിനകത്തു കൊടുത്തിരിക്കുന്ന ഒരു ഭേദഗതി. ധനകാര്യമന്ത്രി അതൊന്നു പരിശോധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ലൈസൻസ് ഫീസ് ചുമത്തിയാൽ അന്യസംസ്ഥാന ലോട്ടറിയും മറ്റുള്ളതും . വിൽപ്പന നികുതിയുടെ പരിധിയിൽ അത് കൊണ്ടുവരാൻ കഴിയും. ഒരു പോയിന്റ് ടാക്സ് ചുമത്താൻ കഴിയും. ലൈസൻസ് ഫീസാകുമ്പോൾ മുൻകൂർ വാങ്ങിക്കാൻ കഴിയും. മുൻകൂർ വാങ്ങിക്കാതെ ഈ പ്രൊമോട്ടർമാർ കുറി നടത്തിക്കഴിഞ്ഞാൽ പിന്നെ അവരെ തിരക്കി നടക്കേണ്ട സ്ഥിതി നമുക്ക് ഉണ്ടാകുന്ന ഒരു സ്ഥിതി വരും. നികുതി ചുമത്തണമെന്നുള്ള രൂപത്തിൽ നിന്നും ലൈസൻസ് ഫീസ് ആക്കാമെങ്കിൽ ലൈസൻസ് ഫീസ് മുൻകൂർ വാങ്ങിക്കാം. പിന്നെ ഒരു പോയിന്റ് നികുതി നമുക്ക് ചുമത്താനും കഴിയുമെന്നുള്ളതാണ് അതിന്റെ പ്രത്യേകത. അത് സ്വീകരിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. രാധാകൃഷ്ണൻ പറഞ്ഞ പേപ്പർ ലോട്ടറിയെന്നുള്ളത് ഔദ്യോഗിക ഭേദഗതിക്കകത്ത് വരുന്നുണ്ട്. അതിൽ അത് കവർ ചെയ്യുന്നുണ്ട്. അതുകൊണ്ട് അതിന്റെ ആവശ്യമില്ല. അതുപോലെ ശ്രീ. ബാലൻ പറഞ്ഞു പത്തു ലക്ഷം രൂപയെന്നുള്ളത് 15 ലക്ഷം രൂപ ആക്കണമെന്ന്, അതേസമയത്ത് ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞിരിക്കുന്നത് പത്തു ലക്ഷം എന്നുള്ളത് രണ്ടു ലക്ഷമാക്കി ചുരുക്കണമെന്നാണ്. ഇങ്ങനെ പലർക്കും പല അഭിപ്രായമാണ്. പല കാഴ്ചപ്പാടാണ്. പക്ഷെ പത്തു ലക്ഷമെന്നു പറയുന്നത് വളരെ റീസണബിൾ ആയിട്ടുള്ള ഒരു വലിയ എമൗണ്ട് തന്നെയാണ്. അതുകൊണ്ട് മറ്റ് ഭേദഗതികൾ ഒന്നും ഞാൻ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 260, 263, 285, 291 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 267, 272, 283, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 268, 277, 282 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 269, 275, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. രാജൻ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 276, 286 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 280, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(296) 7-ാം ഖണ്ഡത്തിൽ (1)-ാം ഉപഖണ്ഡത്തിൽ അത്തരം എന്ന വാക്കിനുശേഷം "സമയ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(297) ഖണ്ഡം 7(1)-ന്റെ തുടക്കത്തിൽ "ലോട്ടറി ടിക്കറ്റ് വില്ക്കുന്ന" എന്ന
10.00 p.m.] വാക്കുകൾക്കു മുൻപിലായി "സംസ്ഥാന സർക്കാരിന്റെ ലോട്ടറി ടിക്കറ്റ് വില്ക്കുന്നവർ ഒഴികെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

സംസ്ഥാന സർക്കാരിന്റെ ലോട്ടറി സർക്കാർ നേരിട്ട് നടത്തുകയാണ് ചെയ്യുന്നത്. അന്യസംസ്ഥാന ലോട്ടറികൾ സ്വകാര്യ ഏജൻസികളെ പ്രൊമോട്ടർമാരായി നിശ്ചയിച്ച് അവർ നടത്തുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാന ലോട്ടറിക്ക് നമ്മുടെ കേരളത്തിൽ പ്രൊമോട്ടർമാരില്ല അഥവാ ഉണ്ടെങ്കിൽത്തന്നെ ലോട്ടറി ഡയറക്ടറാണ് നമ്മുടെ സംസ്ഥാന ലോട്ടറിയുടെ പ്രൊമോട്ടറായിട്ട് പ്രവർത്തിക്കുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ പ്രമോട്ടർമാർ രജിസ്റ്റർ ചെയ്യണമെന്ന 7-ാം വകുപ്പിന്റെ നിബന്ധന സംസ്ഥാന ലോട്ടറിക്കുകൂടി ബാധകമാകുന്ന സ്ഥിതിവരും. അതുകൊണ്ട് സംസ്ഥാന ലോട്ടറിയെ പ്രൊമോട്ടർമാർ വന്ന് രജിസ്റ്റർ ചെയ്യണമെന്നുള്ള നിബന്ധനയിൽ നിന്നും ഒഴിവാക്കണം. സംസ്ഥാന ലോട്ടറി വകുപ്പ് പിരിച്ചുവിട്ട് മറ്റേതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അത് ചേർത്താ ഇല്ലെങ്കിൽ ഇതിന്റെ ആവശ്യമില്ല. ഇത് സ്വകാര്യ വ്യക്തികൾക്കു കൊടുക്കാനുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടു വരുന്നതാണെങ്കിൽ മാത്രമേ ഇതിന്റെ ആവശ്യമുള്ളൂ. ഇല്ലെങ്കിൽ സംസ്ഥാന ലോട്ടറിയെ ഒഴിവാക്കണം. ഈ തരത്തിലുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(298) ഖണ്ഡം 7(1)-ൽ "ലോട്ടറി ടിക്കറ്റ്" എന്ന വാക്കുകൾക്കുപകരം "പേപ്പർ ലോട്ടറി ടിക്കറ്റ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(300) ഖണ്ഡം 7(1)-ൽ "നിർദ്ദേശിച്ചിട്ടുള്ള രീതിയിലും അപ്രകാരമുള്ള ഫീസും സെക്യൂരിറ്റിയും നൽകിയും അത്തരം പരിധിക്കുള്ളിലും സ്വയം രജിസ്റ്റർ ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്രകാരമുള്ള ഫീസും ജാമ്യത്തുകയും നൽകി അത്തരം പരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(301) ഖണ്ഡം 7(1)-ൽ " അത്തരം പരിധിക്കുള്ളിലും" എന്നീ വാക്കുകൾക്കുശേഷം " കേരള സംസ്ഥാന ലോട്ടറി ഡയറക്ടർ മുമ്പാകെയോ ലോട്ടറി വകുപ്പിനുകീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുമ്പാകെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(320) ഖണ്ഡം 7(3)-ൽ മൂന്നാമത്തെ വരിയിൽ "കിട്ടാനുള്ള" എന്ന വാക്കിനുശേഷമുള്ള "എല്ലാമോ ഏതെങ്കിലുമോ" എന്ന വാക്കുകൾക്കു പകരം "എല്ലാ" എന്ന വാക്കും "തുക" എന്ന വാക്കിനു ശേഷമുള്ള "ക്രമീകരിച്ച്" എന്ന വാക്കിനു പകരം " ഈടാക്കിയതിനു ശേഷം" എന്ന വാക്കുകളും ചേർക്കുക.

(323) ഖണ്ഡം 7 (3)-നുശേഷം താഴെപ്പറയുന്ന ഒരു ഉപഖണ്ഡംകൂടി ചേർക്കുക.

"(4)-രജിസ്ട്രേഷൻ പ്രാബല്യത്തിലുള്ള പ്രൊമോട്ടറുടെ തിരിച്ചറിയൽ അടയാളം സംസ്ഥാനത്ത് വിൽപന നടത്തുന്ന ഓരോ ലോട്ടറി ടിക്കറ്റിലും ഉണ്ടായിരിക്കേണ്ടതാണ്".

രജിസ്ട്രേഷൻ സംബന്ധിച്ച അതോറിറ്റിയുടെ മുമ്പാകെ പ്രൊമോട്ടർമാർ രജിസ്റ്റർ ചെയ്യണമെന്നുള്ളതാണ്. ലോട്ടറി ഡയറക്ടറുണ്ട്. ഇതുകൊണ്ട് കേരള സംസ്ഥാന ലോട്ടറി ഡയറക്ടർ മുമ്പാകെയോ ലോട്ടറി വകുപ്പിന് കീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ രജിസ്ട്രേഷൻ നടത്തേണ്ടതാണ് എന്നതാണ് എന്റെ 301. 320-ാം നമ്പർ ഭേദഗതി, ഇപ്പോഴുള്ളത് രജിസ്ട്രേഷൻ റദ്ദ് ചെയ്ത് കഴിഞ്ഞാൽ അത് തുടർന്ന് പുതുക്കുന്നില്ലെങ്കിൽ എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ചുള്ള കാര്യങ്ങൾ വിവരിക്കുകയാണ് 7(3)-ൽ. എന്റെ അഭിപ്രായത്തിൽ ഇപ്പോഴുള്ളത് മാറ്റണം. അത് ഒരുപാട് അവ്യക്തതയുണ്ടാക്കും. പ്രൊമോട്ടറിൽനിന്നും കിട്ടാവുന്ന എല്ലാമോ ഏതെങ്കിലുമോ തുക ക്രമീകരിച്ചതിനുശേഷം അങ്ങനെയുള്ള പ്രൊമോട്ടർമാർക്ക് സെക്യൂരിറ്റി മടക്കി നൽകുകയോ വിട്ടുകൊടുക്കുകയോ ചെയ്യാവുന്നതാണ്. അപ്പോൾ ക്രമീകരണമെന്ന് പറഞ്ഞാൽ എന്താണെന്ന് മനസ്സിലാകുന്നില്ല. അത് മാറ്റേണ്ടതാണ്. എല്ലാ തുകകളും ഈടാക്കിയതിനുശേഷം

സെക്യൂരിറ്റി തുക തിരിച്ചു കൊടുക്കാം എന്നതാണ്. ആ നിലയിൽ അത് മാറ്റുന്നില്ലെങ്കിൽ ക്രമീകരിച്ചു എന്നുള്ളത് ഒരുപാട് ആശയക്കുഴപ്പം ഉണ്ടാക്കും എന്നുള്ളതാണ്. നമുക്ക് കിട്ടാനുള്ള തുക ഈടാക്കത്തക്ക വിധത്തിൽ അത് മാറിപ്പോകും. 323 എന്നുപറയുന്നത്, രജിസ്ട്രേഷൻ പ്രാബല്യത്തിലുള്ള പ്രൊമോട്ടർമാരുടെ തിരിച്ചറിയൽ അടയാളം സംസ്ഥാനത്ത് വിൽപന നടത്തുന്ന ഓരോ ലോട്ടറി ടിക്കറ്റിലും ഉണ്ടായിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ പുതിയതായി ചേർക്കണം എന്നുള്ളതാണ്. ഞാനത് പറയാൻ കാരണം ഒരുപാട് വ്യാജലോട്ടറി ടിക്കറ്റുകൾ നാട്ടിൽ പ്രചരിക്കുകയാണ്. അങ്ങ് നേരത്തെ പറഞ്ഞത് 27-1-2005-ലെ ലോട്ടറി നിരോധനത്തിനുശേഷം ഒറ്റ ലോട്ടറിയും വിറ്റഴിച്ചിട്ടില്ല എന്നാണല്ലോ? എന്നാൽ കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ തേഖ എന്റെ കയ്യിലുണ്ട്. 30-1-2005-ന് ഭൂട്ടാൻ ഗവണ്മെന്റിന്റെ കൂയിൽ ലോട്ടറി നറുക്കെടുത്തിട്ടുണ്ട്. അതുകൊണ്ട് വ്യാജ ലോട്ടറി ടിക്കറ്റുകൾ പ്രചരിക്കുംവിധം കാര്യങ്ങൾ പോകും. ലോട്ടറി നിരോധിച്ചതിനു ശേഷവും ലോട്ടറി വിൽക്കുന്ന സ്ഥിതി കേരളത്തിൽ കണ്ടതാണ്. അത് തടയണം എന്നുള്ളതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(305) ഖണ്ഡം 7(1)-നുശേഷം 1(എ) ആയി താഴെപ്പറയും പ്രകാരം ചേർക്കുക:

"രജിസ്റ്റർ ചെയ്യുന്ന പ്രൊമോട്ടർമാർ അവരുടെ കീഴിൽ സാധാരണയായി ലോട്ടറി ടിക്കറ്റ് വില്ക്കുന്ന ചില്ലറ വില്പനക്കാരുടെ പേരുവിവരം രജിസ്റ്റർ ചെയ്യേണ്ടതാണ്".

(317) ഖണ്ഡം 7(3)-ൽ "പുതുക്കുകയോ ചെയ്തില്ലെങ്കിൽ" എന്നതിനു പകരം "പുതുക്കാതിരിക്കുകയോ ചെയ്താൽ" എന്നു ചേർക്കുക.

(321) ഖണ്ഡം 7(3)-ൽ "എല്ലാമോ ഏതെങ്കിലുമോ തുക ക്രമീകരിച്ചതിനുശേഷം അങ്ങനെയുള്ള" എന്നതിനുപകരം "എല്ലാവിധത്തിലുള്ള ബാദ്ധ്യതകളും പിരിച്ചെടുത്ത ശേഷം" എന്നു ചേർക്കുക.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യമാണ്. ലോട്ടറി ടിക്കറ്റ് വിൽപനയുമായി ബന്ധപ്പെട്ട് മൂന്നര ലക്ഷം രൂപയെന്നും മൂന്നു ലക്ഷം രൂപയെന്നും പതിനാറായിരം രൂപയെന്നുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കണക്കാക്കി പറയുന്നുണ്ട്. ഇവിടെ പ്രൊമോട്ടർമാരാണ് ഹോൾസെയിലർമാരായി വരുന്നത്. ഒരിക്കലും പ്രൊമോട്ടർമാർ ഈ ടിക്കറ്റ് വിൽക്കുന്നില്ല. ടിക്കറ്റ് വിൽക്കുന്ന ആളുകൾ വേറെയാണ്. അവരെ സംബന്ധിച്ച കണക്ക് നമുക്കുണ്ടാകണം. പ്രൊമോട്ടർമാർ രജിസ്റ്റർ ചെയ്യുകയും അവരുടെ കീഴിൽ സാധാരണയായി ലോട്ടറി ടിക്കറ്റ് ചില്ലറയായി വിൽക്കുന്നവരുടെ പേരുവിവരം ഫീസില്ലാതെ രജിസ്റ്റർ ചെയ്യണമെന്നു കൂടി ചേർക്കണം. അതുപോലെ സെക്യൂരിറ്റി തുക തിരിച്ചു കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഇങ്ങനെയാണ് ആക്ടിൽ പറയുന്നത്, രജിസ്ടട്രേഷൻ റദ്ദ് ചെയ്യുകയോ തുടർന്ന് പുതുക്കുകയോ ചെയ്തില്ലെങ്കിൽ അതൊരു ശരിയായ പദമല്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കാതിരിക്കുകയോ എന്നാക്കി മാറ്റണം. അതുപോലെതന്നെ ഏതെങ്കിലും വിധത്തിൽ ബാദ്ധ്യത വകുപ്പിന് കൊടുക്കാനുണ്ടെങ്കിൽ അതുകൂടി കണ്ടെത്തി ബാക്കി വരുന്ന സെക്യൂരിറ്റി തുകയാണ് തിരിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നത്.

ശ്രീ. പി. എസ്. സുപാലിനുവേണ്ടി, ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(306) ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഒരാൾ" എന്ന വാക്കിനു പകരം "വ്യക്തി" എന്ന വാക്ക് ചേർക്കുക.

(313) ഖണ്ഡം 7(2)-ൽ "വർഷാ വർഷം" എന്ന വാക്കിനു ശേഷം "നിശ്ചിത തീയതിയിൽ പുതുക്കേണ്ടതാണ്" എന്നു ചേർക്കുക.

(319) ഖണ്ഡം 7(3)-ൽ "കിട്ടാനുള്ള" എന്ന വാക്കിനു ശേഷമുള്ള "എല്ലാമോ ഏതെങ്കിലുമോ തുക" എന്ന വാക്കുകൾക്കു പകരം "തുക മൊത്തമായോ, ഭാഗികമായോ" എന്നു ചേർക്കുക.

ഇന്നത്തെ രൂപത്തിൽ വല്ലാത്ത കഷ്ടതയാണ്. ആർക്കും വായിച്ചാൽ മനസ്സിലാകില്ല. അതുകൊണ്ട് രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയോ തുടർന്ന് പുതുക്കുകയോ ചെയ്തില്ലെങ്കിൽ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുമ്പോൾ ആക്ടിൻപ്രകാരം പ്രൊമോട്ടർക്ക് കിട്ടാനുള്ള തുക മൊത്തമായോ ഭാഗികമായോ എന്നാക്കിയാൽ അത് ശരിയായിരിക്കും. അത് തീർച്ചയായിട്ടും അങ്ങ് സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(308) ഖണ്ഡം 7 ഉപഖണ്ഡം (1)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ 1-ാം ഉപഖണ്ഡം പ്രകാരം രജിസ്റ്റർ ചെയ്യാതെ ഒരു പ്രൊമോട്ടറും സംസ്ഥാനത്ത് ലോട്ടറി നടത്താനോ, വിതരണം ചെയ്യാനോ, വില്ക്കാനോ പാടുള്ളതല്ല."

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് പരിശോധിക്കണം. ഉൾപ്പെടുത്താൻ സാദ്ധ്യതയുള്ളതാണ്. കാരണം രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഇത് തുടങ്ങാവൂ എന്നാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. തുടങ്ങിയതിനുശേഷം ഈടാക്കാൻ ശ്രമിച്ചാൽ കിട്ടാത്ത സ്ഥിതി വരും. രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഇത് വേറെ തുടങ്ങാവൂ എന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(310) ഖണ്ഡം 7 ഉപഖണ്ഡം (1)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഇപ്രകാരം രജിസ്ട്രേഷന് അപേക്ഷിക്കുന്ന പ്രൊമോട്ടറുടെ പിൽകാല പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് കമ്മീഷണർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്".

LIBRARY ARCHIVES Kerala Legislative Assembly

(325) ഖണ്ഡം 7-ൽ ഉപഖണ്ഡം (3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂടി ചേർക്കുക:

"(4) ഓരോ പ്രൊമോട്ടറും താഴെപ്പറയുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും സെക്യൂരിറ്റിയും നൽകേണ്ടതാണ്".

(എ) രജിസ്ട്രേഷൻ ഫീസ് - 5 ലക്ഷം

(ബി) സെക്യൂരിറ്റി ഡിപ്പോസിറ്റ് - 50 ലക്ഷം

(സി) രജിസ്ട്രേഷൻ പുതുക്കുന്നതിന് - 1 ലക്ഷം

ഇതിൽ ഏത് ക്രിമിനലിനും പ്രൊമോട്ടറാകാം. അതുകൊണ്ട് രജിസ്ട്രേഷന് അപേക്ഷിക്കുന്ന പ്രൊമോട്ടർമാരുടെ പിൻകാല പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് കമ്മീഷണർക്ക് അധികാരം ഉണ്ടായിരിക്കണം. നടക്കാൻ പോകുന്നത് കേരളത്തിലെ പേപ്പർ ലോട്ടറി ഇല്ലാണ്ടാകും. പുറത്തുള്ളവർ വരും. അധോലോകത്തിന്റെ കൈകളിലേയ്ക്കാണ് പോകുന്നത്. ചുരുങ്ങിയപക്ഷം പ്രൊമോട്ടർമാരുടെ ക്വാളിഫിക്കേഷനെ സംബന്ധിച്ചെങ്കിലും ശക്തമായ ഒരു പ്രസ്താവന നടത്തണം. 325-ൽ പറയുന്നത്, ഓരോ പ്രൊമോട്ടർമാരും താഴെപ്പറയുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും സെക്യൂരിറ്റിയും നൽകേണ്ടതാണ് എന്നുള്ളത് ആക്ടിൽത്തന്നെ വരണം. രജിസ്ട്രേഷൻ ഫീസ് അഞ്ചു ലക്ഷം രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് 50 ലക്ഷം രൂപയും രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു ലക്ഷം രൂപയും അത് റൂളിലല്ല ആക്ടിൽത്തന്നെ വരണം. പുറത്തുനിന്നും വരുന്നവരെ പിടിക്കേണ്ടേ? അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിഞ്ഞുകൂടാത്തതിന് എന്ത് ചെയ്യും. ഏത് കള്ളനും പ്രൊമോട്ടറാകാം.

ശ്രീ. ടി. കെ. ബാലൻ: ഞാൻ താഴെപ്പറയുന്ന 314-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(314) ഖണ്ഡം 7(2)-ൽ "പുതുക്കാവുന്നതാണ്" എന്ന വാക്കിനുപകരം "പുതുക്കേണ്ടതാണ്" എന്നുചേർക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(318) ഖണ്ഡം 7(3)-ലെ "കിട്ടാനുള്ള എല്ലാമോ, ഏതെങ്കിലുമോ തുക ക്രമീകരിച്ചതിനുശേഷം" എന്നതിനു പകരം "കിട്ടാനുള്ള എല്ലാ തുകയും ക്രമീകരിച്ചതിനുശേഷം" എന്നു മാറ്റുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(322) ഖണ്ഡം 7 (3)-താഴെപ്പറയും പ്രകാരം തിരുത്തിയെഴുതുക.

"(3) രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയോ തുടർന്ന് പുതുക്കുകയോ ചെയ്തില്ലെങ്കിൽ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുമ്പോൾ ഈ ആക്ട് പ്രകാരം ഒരു പ്രൊമോട്ടറിൽനിന്ന് എന്തെങ്കിലും തുക കിട്ടാനുള്ളപക്ഷം അത് ഈടാക്കിയതിനുശേഷം അങ്ങനെയുള്ള പ്രൊമോട്ടർക്ക് അതതു സംഗതിപോലെ ജാമ്യത്തുകയിൽ ബാക്കിയുള്ള തുകയോ മുഴുവൻ തുകയുമോ മടക്കി നൽകുകയോ വിട്ടു കൊടുക്കുകയോ ചെയ്യാവുന്നതാണ്".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(324) ഖണ്ഡം 7(3)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"4(1) മുതൽ (3) വരെയുള്ള ഉപ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന ഒരു പ്രൊമോട്ടർ 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്ടി(1998-ലെ 17-ാം കേന്ദ്ര ആക്ട്)-ലെ 4-ാം വകുപ്പു പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചിരിക്കേണ്ടതാണ്".

17-ാം കേന്ദ്ര ആക്ടിലെ നാലാം വകുപ്പിന് പകരമുള്ള നിബന്ധനകൾ പാലിക്കണം. ഇത് വളരെ ഗൗരവമുള്ള സംഗതിയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഒഫിഷ്യൽ അമെന്റ്മെന്റ് ഒഴികെ മറ്റ് ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 301, 320, 323 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 305, 317, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 306, 313, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 310, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(329) ഖണ്ഡം 8 (1)-ൽ "ചെയ്യാൻ ബാദ്ധ്യസ്ഥനായ" എന്നീ വാക്കുകൾക്കു പകരം "ചെയ്തിട്ടുള്ള" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(331)ഖണ്ഡം 8(1)-ൽ "പ്രൊമോട്ടറും" എന്ന വാക്കിനു പകരം "പ്രൊമോട്ടർ/മുഖ്യപ്രൊമോട്ടർ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(333) ഖണ്ഡം 8(1)-ൽ "അപ്രകാരമുള്ള വിവരങ്ങൾ" എന്നതിനുപകരം "യഥാർത്ഥ വിവരണം" എന്ന് ചേർക്കുക.

(340) ഖണ്ഡം 8 (4)-ൽ "തോന്നുകയോ ചെയ്യുകയാണെങ്കിൽ" എന്നതിനു പകരം "ബോദ്ധ്യപ്പെടുകയാണെങ്കിൽ" എന്ന് ചേർക്കുക.

(343) ഖണ്ഡം 8(4)-ൽ "നടത്തേണ്ടതാണ്" എന്നതിനുപകരം "നടത്തേണ്ടതും നടപടിക്ക് ശുപാർശ ചെയ്യാവുന്നതുമാണ്" എന്ന് ചേർക്കുക.

(346) ഖണ്ഡം 8(5)-ൽ "വെളിപ്പെടുത്താത്ത, നൽകേണ്ടതായ"എന്നതിനു പകരം "വെളിപ്പെടുത്താത്തതും എന്നാൽ നൽകേണ്ടതുമായ" എന്നും "നൽകാൻ നിർദ്ദേശം നൽകാവുന്നതാണ്" എന്നതിനു പകരം "ഈടാക്കാവുന്നതാണ്" എന്നും ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(332) ഖണ്ഡം 8(1)- "അപ്രകാരമുള്ള കാലയളവിലേയ്ക്ക്" "അപ്രകാരമുള്ള കാലയളവിനുള്ളിൽ" എന്ന വാക്കുകൾക്കു പകരം "അപ്രകാരമുള്ള കാലയളവിലേയ്ക്കും, അപ്രകാരമുള്ള കാലയളവിലുള്ളിലും" എന്ന വാക്കുകൾ ചേർക്കുക.

(341) ഖണ്ഡം 8(4)-ൽ "ഏറ്റവും യുക്തിസഹമായി" എന്ന വാക്കുകൾക്കുപകരം "യുക്തിസഹമായി" എന്ന വാക്ക് ചേർക്കുക.

(342) ഖണ്ഡം 8(4)-ൽ അവസാന ഭാഗത്ത് "നിർണ്ണയപ്പെടുത്തേണ്ടതാണ്" എന്നതിന് പകരം "നിർണ്ണയം നടത്തേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(334) ഖണ്ഡം 8(1)-ൽ "അസിസ്റ്റന്റ് കമ്മീഷണർ" എന്നതിനു പകരം "ജില്ലാ ഭാഗ്യക്കുറി ആഫീസർ" എന്ന് മാറ്റി ചേർക്കണം.

(335) ഖണ്ഡം 8(1)-ൽ "അസിസ്റ്റന്റ് കമ്മീഷണർ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം "കമ്മീഷണറോ കമ്മീഷണർ ഇക്കാര്യത്തിനായി പ്രത്യേകമായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കേണ്ടതാണ്.

(350) ഖണ്ഡം 8(5)-ന് ശേഷം താഴെപറയുന്നത് ഉപഖണ്ഡം 8(6) ആയി പുതിയ ഒരു ഉപഖണ്ഡം കൂട്ടിച്ചേർക്കുക.

"(1)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ട നിശ്ചിത കാലയളവിനുള്ളിൽ പ്രൊമോട്ടർ റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ സമർപ്പിച്ച റിട്ടേൺ വ്യാജവും അപൂർണ്ണവുമായി തോന്നുകയോ ചെയ്താൽ അങ്ങനെയുള്ള പ്രൊമോട്ടറുടെ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതും തുടർന്നുള്ള മൂന്ന് വർഷത്തേക്ക് അത് പുന:സ്ഥാപിക്കാൻ പാടില്ലാത്തതുമാണ്".

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(337) ഖണ്ഡം 8(1)-ൽ "സമർപ്പിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "സമർപ്പിക്കേണ്ടതും അതിനുശേഷം കമ്മീഷണർ പരിശോധിച്ച് അത് ലോട്ടറി വകുപ്പിന് നൽകേണ്ടതുമാണ്" എന്നത് ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(347) ഖണ്ഡം 8(5)-ൽ "നികുതിയുടെ രണ്ടിരട്ടിയും" എന്നതിനു പകരം "നികുതിയുടെ ഇരട്ടിയും" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(348) ഖണ്ഡം 8(5) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"പ്രൊമോട്ടർ റിട്ടേണിൽ ഏതെങ്കിലും നറുക്കെടുപ്പ് സംബന്ധിച്ച വിവരം ഉൾപ്പെടുത്താതെ ഇരുന്നാലും റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നുവെങ്കിലും അസിസ്റ്റന്റ് കമ്മീഷണൽ ആറാം വകുപ്പ് പ്രകാരമുള്ള നികുതിക്ക് പുറമേ, അപ്രകാരമുള്ള നികുതി തുകയുടെ മൂന്നിരട്ടിക്ക് തുല്യമായ തുക പിഴയായി ഈടാക്കേണ്ടതാണ്".

പ്രൊമോട്ടർ റിട്ടേണിൽ ഏതെങ്കിലും നറുക്കെടുപ്പ് സംബന്ധിച്ച വിവരം ഉൾപ്പെടുത്താതിരുന്നാലും റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെങ്കിലും അസിസ്റ്റന്റ് കമ്മീഷണർ 6-ാം വകുപ്പിന് പകരമുള്ള നികുതിക്ക് പുറമേ അപ്രകാരമുള്ള നികുതി തുകയുടെ മൂന്നിരട്ടിയോ തുല്യമായ തുകയോ പിഴയിടണം. ഇവന്മാരെയൊക്കെ പിടിക്കേണ്ടേ? എന്തിനാണ് നമ്മൾ ലീനിയന്റ് വ്യൂ ആക്കുന്നത്. ലോട്ടറി രക്ഷപ്പെടണമെന്നുണ്ടെങ്കിൽ ഇവരെയൊക്കെ ശക്തമായി പിടിക്കണം. അതുകൊണ്ട് നറുക്കെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പ്രൊമോട്ടർമാർ ഒളിപ്പിച്ചുവയ്ക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ നികുതിയുടെ മൂന്നിരട്ടി പിഴ വേണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ.എ. അസീസ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 332, 341, 342 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 334, 335, 350 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 303, 343, 346 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(351) 9-ാം ഖണ്ഡത്തിൽ (3)-ാം ഉപഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയിൽ "14 മുതൽ 18 വരെയുള്ള" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "14, 15, 16, 18 എന്നീ അക്കങ്ങളും വാക്കും" ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(352) ഖണ്ഡം 9- ൽ "അസിസ്റ്റന്റ് കമ്മീഷണർ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരമായി "കമ്മീഷണറോ കമ്മീഷണർ ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

സ്റ്റേറ്റിനാകെ ബാധകമായ സംഗതിയായതുകൊണ്ട് കമ്മീഷണറോ കമ്മീഷണർ അധികാരപ്പെടുത്തുന്ന അസിസ്റ്റന്റ് കമ്മീഷണറോ എന്നാക്കി മാറ്റണം.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(354) ഖണ്ഡം 9(1)-ൽ (1) "ഏതെങ്കിലും നറുക്കെടുപ്പ്"എന്നതിനു പകരം " ഏതെങ്കിലും നറുക്കെടുപ്പോ അതിന്റെ ഭാഗമോ" എന്ന് ചേർക്കുക.

(2) " കുറഞ്ഞ നിരക്കിലാണ്" എന്ന വാക്കുകൾക്കുശേഷം "ഏതെങ്കിലും നറുക്കെടുപ്പിന്റേയോ അതിന്റെ ഭാഗത്തിന്റേയോ" എന്ന് ചേർക്കുക.

(3) " ആവശ്യമെന്ന് അയാൾ കരുതുന്ന" എന്ന വാക്കുകൾക്കു പകരം "ആവശ്യമെന്ന് അദ്ദേഹം കരുതുന്ന" എന്ന് ചേർക്കുക.

(4) "അത്തരം അന്വേഷണം"എന്ന വാക്കുകൾക്കു പകരം " തരത്തിലുള്ള അന്വേഷണം" എന്ന് ചേർക്കുക.

(5) "അത്തരം നറുക്കെടുപ്പ് സംബന്ധിച്ച" എന്നീ വാക്കുകൾക്കു പകരം "അത്തരം നറുക്കെടുപ്പോ അതിന്റെ ഭാഗമോ സംബന്ധിച്ച" എന്ന് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(355)ഖണ്ഡം 9(1)-ൽ " കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നോ വിശ്വസിക്കാൻ" എന്ന വാക്കുകൾക്കുപകരം " കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നോ അല്ലെങ്കിൽ തൽസമയം നിലവിലിരുന്ന ഏതെങ്കിലും നിയമത്തിന്റെ കീഴിൽ നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള നികുതിയും ഫീസുകളും നിർണ്ണയിച്ചിട്ട് ഈടാക്കിയിട്ടില്ലെന്നോ വിശ്വസിക്കാൻ" എന്ന വാക്കുകൾ ചേർക്കുക.

(367) ഖണ്ഡം 9(2)-ന്റെ ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെ കാണുന്നത് ചേർക്കുക:

"എന്നാൽ, ഈ ഉപവകുപ്പനുസരിച്ച് നിർദ്ദേശം നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ടതും, അവരുടെ വിശദീകരണംകൂടി കണക്കിലെടുക്കേണ്ടതുമാണ്".

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി നിരോധനത്തിന് തൊട്ടു മുമ്പുവരെ നടത്തിയ അന്യസംസ്ഥാന ലോട്ടറികളുടെ കോടിക്കണക്കിന് രൂപയുടെ നികുതി പിരിച്ചെടുക്കാനുണ്ട്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ അത്തരത്തിലുള്ള നികുതി കുടിശ്ശികക്കാർ രക്ഷപ്പെടാൻ പാടില്ല. ആ നികുതികൂടി നിർണ്ണയിച്ച് ഈടാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. 367-ൽ നികുതി നിർണ്ണയം നടത്തുമ്പോൾ നറുക്കെടുപ്പ് മനപ്പൂർവ്വം വെളിപ്പെടുത്താതെ ഒഴിഞ്ഞു പോകുന്ന പ്രൊമോട്ടർമാർ നികുതിയുടെ രണ്ടിരട്ടി തുക നൽകണം എന്നതാണ് 9(2) വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്നത്. , ഇങ്ങനെ തീരുമാനം എടുക്കുന്നതിനുമുമ്പ് പ്രൊമോട്ടർക്ക് പറയാനുള്ളത് പറയാനുള്ള അവസരം കൊടുക്കണമെന്നുള്ളതാണ് ഇപ്പോഴത്തെ വ്യവസ്ഥ. അത് അപ്രായോഗികമാണ്. നാചുറൽ ജസ്റ്റീസ് നൽകണം. അന്യ സംസ്ഥാനത്തുള്ള പ്രൊമോട്ടർമാർ ഇവിടെ വരാൻ വിസമ്മതിച്ചാൽ ഈ വകുപ്പനുസരിച്ചുകൊണ്ട് നികുതി ഈടാക്കാൻ സാധിക്കാതെ വരും. അവർ നിസ്സഹകരണ മനോഭാവം സ്വീകരിച്ചാൽ നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ബന്ധപ്പെട്ട ആളുകൾക്ക് നോട്ടീസ് നൽകിക്കൊണ്ട് നികുതി നിർണ്ണയിക്കണം. എന്നാൽ മാത്രമേ നിയമത്തിന്റെ മുമ്പിൽ സംരക്ഷണം കിട്ടൂ എന്നാണ് തോന്നുന്നത്. അത്തരത്തിലുള്ളവരെ നിയമത്തിന്റെ മുമ്പിൽകൂടുക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഭേദഗതിയെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(356) ഖണ്ഡം 9(1)-ൽ "വിശ്വസിക്കാൻ കാരണമുള്ള പക്ഷം" എന്നതിനുപകരം "ബോദ്ധ്യപ്പെടുന്ന പക്ഷം" എന്നും "നാലു വർഷ" എന്നതിനുപകരം "പത്തു വർഷ" എന്നും ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(357) ഖണ്ഡം 9(1)-ൽ "പ്രൊമോട്ടർ" എന്ന വാക്കിനു പകരം "പ്രൊമോട്ടർ/മുഖ്യ പ്രൊമോട്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(358) ഖണ്ഡം 9(1)-ൽ "പ്രൊമോട്ടർ നൽകേണ്ടതായ നികുതി ഏറ്റവും യുക്തിസഹമായ രീതിയിൽ" എന്നതിനുപകരം "പ്രൊമോട്ടർ നൽകേണ്ടതായ നികുതി ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാലിനുവേണ്ടി ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(359) ഖണ്ഡം 9(1)-ൽ 13-ാം വരിയിൽ "ഉള്ള" എന്ന വാക്കിനുപകരം "ആവശ്യമായ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(366) ഖണ്ഡം 9 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പറയാനുള്ളത് പറയുവാൻ" എന്ന വാക്കുകൾക്കു പകരം "വിശദീകരണം നൽകുവാൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(360) ഖണ്ഡം 9 (2)-ൽ "രണ്ടിരട്ടിക്ക്" എന്നതിന് പകരം "മൂന്നിരട്ടിക്ക്" എന്ന് ചേർക്കുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(368) ഖണ്ഡം 9(2)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"എന്നാൽ, അപ്രകാരം നിർണ്ണയിച്ച് നിർദ്ദേശം നൽകുന്ന പിഴതുക പതിനഞ്ച് ദിവസത്തിനകം അടച്ചു എന്ന് അസിസ്റ്റന്റ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്".

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(370) ഖണ്ഡം 9(3)-ൽ "അതോറിറ്റിയോ" എന്ന വാക്കിനുപകരം "അധികാര സ്ഥനോ" എന്ന് ചേർക്കുക.

"സ്റ്റേ ഉത്തരവ്" എന്നതിനുപകരം "സ്റ്റേ ഉത്തരവോ" എന്ന് ചേർക്കുക.

"മാറ്റിവയ്ക്കപ്പെട്ട" എന്നതിനുപകരം "മാറ്റിവയ്ക്കപ്പെട്ടതോ ആയ" എന്ന് ചേർക്കുക.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(371) ഖണ്ഡം 9(3)-ൽ "പുറപ്പെടുവിച്ച സ്റ്റേ" എന്നതിനുശേഷമുള്ള "ഉത്തരവ് അഥവാ അപ്പീലോ മറ്റ് നടപടികളോ നിലനിൽക്കുന്ന കാരണത്തിന്മേൽ നികുതി നിർണ്ണയം മാറ്റിവയ്ക്കപ്പെട്ട സമയം ഒഴിവാക്കേണ്ടതാണ്" എന്നതിനുപകരമായി "ഉത്തരവോ അഥവാ അപ്പീലോ മറ്റ് നടപടികളോ നിലനിൽക്കുന്നു എന്ന കാരണത്തിന്മേൽ നികുതി നിർണ്ണയത്തിന് മാറ്റിവയ്ക്കപ്പെട്ട സമയം ഒഴിവാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 354-ാം നംപർ ഭേദഗതിയുടെ (3) "ആവശ്യമെന്ന് അയാൾ കരുതുന്ന" എന്ന വാക്കുകൾക്കു പകരം "ആവശ്യമെന്ന് അദ്ദേഹം കരുതുന്ന" എന്ന് ചേർക്കുക (4) "അത്തരം അന്വേഷണം" എന്ന വാക്കുകൾക്കു പകരം "തരത്തിലുള്ള അന്വേഷണം" എന്ന് ചേർക്കുക എന്നീ സബ് ക്ളാസ്സുകളും, ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഖണ്ഡം 9 (3)-ൽ "പുറപ്പെടുവിച്ച സ്റ്റേ" എന്നതിന് ശേഷമുള്ള "ഉത്തരവ് അഥവാ അപ്പീലോ മറ്റ് നടപടികളോ നിലനിൽക്കുന്ന കാരണത്തിൻമേൽ നികുതി നിർണ്ണയം മാറ്റിവയ്ക്കപ്പെട്ട സമയം ഒഴിവാക്കേണ്ടതാണ്" എന്നതിനു പകരമായി "ഉത്തരമോ അഥവാ അപ്പീലോ മറ്റ് നടപടികളോ നിലനിൽക്കുന്ന എന്ന കാരണത്തിൻമേൽ നികുതി നിർണ്ണയത്തിന് മാറ്റിവയ്ക്കപ്പെട്ട സമയം ഒഴിവാക്കേണ്ടതാണ്" എന്ന് ചേർക്കുക എന്ന 371-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതിയിലെ (3), (4) എന്നീ സബ് ക്ളാസ്സുകളും ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 355, 367, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി.കെ. ചന്ദ്രൻ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി.കെ. ദേവകുമാർ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 359, 366 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(373) 10-ാംഖണ്ഡത്തിൽ (എ) (1)-ാം ഉപഖണ്ഡത്തിൽ, "സമർപ്പിക്കേണ്ടതും" എന്ന വാക്കിനുശേഷം "വരുന്ന" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(ബി) (3)-ാം ഉപഖണ്ഡത്തിൽ "ആവശ്യത്തിലേക്കായി" എന്ന വാക്കിന് പകരം "നികുതി" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(374) ഖണ്ഡം 10(1)-ൽ "പ്രൊമോട്ടർ" എന്ന വാക്കിനുപകരം "പ്രൊമോട്ടർ/ മുഖ്യപ്രൊമോട്ടർ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(384) ഖണ്ഡം 10(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ഇപ്രകാരം മുൻകൂർ നികുതി പ്രൊമോട്ടറിൽനിന്ന് വാങ്ങുന്നതിനു മുമ്പായി പ്രൊമോട്ടർ വിൽപന നടത്തുന്ന ലോട്ടറി 1998-ലെ കേന്ദ്ര ലോട്ടറീസ് (നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നവയാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്".

LIBRARY ARCHIVES Kerala Legislative Assembly

(396) ഖണ്ഡം 10(3)-ൽ അവസാനത്തെ വരിയിൽ "തുകയിൽ" എന്ന വാക്കിനുശേഷം "ക്രമീകരിക്കേണ്ടതുമാണ്" എന്ന വാക്കിനുപകരം "ഈടാക്കേണ്ടതാണ്" എന്ന് വാക്ക് ചേർക്കേണ്ടതാണ്.

10-ാം വകുപ്പിൽ മുൻകൂർ നികുതി ഈടാക്കുന്നതിനുള്ള വ്യവസ്ഥയാണ്. അത്തരത്തിൽ പ്രൊമോട്ടറിൽനിന്നും മുൻകൂർ നികുതി ഈടാക്കുമ്പോൾ ഒരു കാര്യം പ്രത്യേകം പരിശോധിക്കേണ്ടതുണ്ട് എന്നാണ് ഇതിൽ ഭേദഗതിയായിട്ട് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇപ്രകാരം മുൻകൂർ നികുതി പ്രൊമോട്ടർമാരിൽനിന്നും വാങ്ങുന്നതിനുമുമ്പായി പ്രൊമോട്ടർ വിൽപന നടത്തുന്ന ലോട്ടറി 98-ലെ കേന്ദ്ര ലോട്ടറീസ് റെഗുലേഷൻസ് ആക്ടിന്റെ വ്യവസ്ഥകൾ പാലിക്കുന്നവയാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഈ പ്രൊവൈസോ ചേർക്കുന്നില്ലെങ്കിൽ ഇവിടെ വ്യാജ ലോട്ടറിയും പേപ്പർ ലോട്ടറിയുമൊക്കെ പ്രൊമോട്ടർമാർ കൊണ്ടു വന്നുകൂടായ്കയില്ല. അതുകൊണ്ട് ഇത് ചേർക്കുന്നതായിരിക്കും നല്ലത്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(375) ഖണ്ഡം 10(1)-ൽ

(1) "അടുത്തു വരുന്ന മാസം" എന്നതിനു പകരം "തൊട്ടടുത്തു വരുന്ന മാസം" എന്ന് ചേർക്കുക.

(2) "മുതൽ ആരംഭിക്കുന്ന മാസത്തിൽ" എന്നത് നീക്കം ചെയ്യുക.

(3) "സമർപ്പിക്കേണ്ടതും" എന്നതിനു ശേഷമുള്ള "വരുന്ന" എന്ന വാക്ക് നീക്കം ചെയ്യുക.

(4) "അങ്ങനെ നല്കേണ്ട" എന്നതിനുപകരം "അങ്ങനെ നൽകിയ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(376) ഖണ്ഡം 10(1)-ൽ "നടത്തേണ്ട നറുക്കെടുപ്പിനെ" എന്നതിനുശേഷം "സംബന്ധിച്ചും, നറുക്കെടുപ്പിന് വേണ്ടി അച്ചടിച്ച ടിക്കറ്റുകൾ അവയിൽ വിൽപന നടത്തിയവ, നടത്താനുള്ളവ, സംസ്ഥാനത്തിനുപുറത്ത് വിപണനം നടത്തിയിട്ടുള്ളത് തുടങ്ങിയ" എന്നിവ കൂടി ചേർക്കുക.

(400) ഖണ്ഡം 10(4)-ൽ "അവകാശമുണ്ടായിരിക്കുന്നതുമല്ല" എന്നതിനുപകരം "അവകാശമുണ്ടായിരിക്കുന്നതുമല്ലാത്തതും ടിയാന്റെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ഡോ: തോമസ് ഐസക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(382) ഖണ്ഡം 10(1)-ന്ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ (1)-ാം ഉപവകുപ്പിൽ നിർദ്ദേശിക്കുന്നതുപോലെയുള്ള ഒരു സ്റ്റേറ്റുമെന്റ് നൽകുമ്പോൾ പ്രൊമോട്ടർ തങ്ങൾ വിതരണം ചെയ്യുന്നതും വിൽപന നടത്തുന്നതും നറുക്കെടുക്കുന്നതുമായ പേപ്പർ ലോട്ടറിക്ക് കേന്ദ്ര ലോട്ടറീസ് (നിയന്ത്രണ) നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതും അപ്രകാരമുള്ള ഒരു സത്യവാങ്മൂലം സ്റ്റേറ്റ്മെന്റിനോടൊപ്പം അസിസ്റ്റന്റ് കമ്മീഷണർക്ക് നൽകേണ്ടതുമാണ്".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(386) ഖണ്ഡം 10(1)-ന്ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ 1-ാം ഉപഖണ്ഡത്തിൽ പറയുന്ന പ്രകാരം മുൻകൂർ നികുതി നൽകാതെ പ്രൊമോട്ടർ ഒരു ലോട്ടറിയുടേയും വിതരണവും വിൽപനയും നടത്താൻ പാടുള്ളതല്ല".

ഇത് വളരെ പ്രധാനപ്പെട്ടതാണ്. 10(1)-ൽ ഉപഖണ്ഡത്തിൽ പറയുന്ന പ്രകാരം മുൻകൂർ നികുതി നൽകാതെ പ്രൊമോട്ടർ ഒരു ലോട്ടറിയുടേയും വിതരണവും വിൽപനയും നടത്താൻ പാടില്ല. വിൽപനയും വിതരണവും ആദ്യം നടത്തുകയാണ്. അതുകൊണ്ടാണ് വ്യാജന്മാർ വരുന്നത്. പാലക്കാട്ടുനിന്നും 156 കോടി രൂപയുടെ കള്ളലോട്ടറി പിടിച്ചു. അതിനുകാരണം നിയമസംരക്ഷണം ഇല്ലാത്തതുകൊണ്ടാണല്ലോ? അതുകൊണ്ട് വിതരണവും വിൽപനയും നടത്താൻ പാടില്ലെന്ന കർശനമായ നിലപാടെടുക്കണം. 1-ാം ഉപഖണ്ഡത്തിൽ പറയുന്ന പ്രകാരം മുൻകൂർ നികുതി നൽകാതെ പ്രൊമോട്ടർ ലോട്ടറി വിതരണവും വിൽപനയും നടത്താൻ പാടില്ല എന്ന ഒരു മാൻഡേറ്ററി ക്ലോസ് വയ്ക്കുന്നത് നന്നാകും.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(388) ഖണ്ഡം 10(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്.

"1998-ലെ ലോട്ടറീസ് (റഗുലേഷൻ) ആക്ടിലെ സെക്ഷൻ നാല് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടുള്ള ഭാഗ്യക്കുറികളാണ് നടത്തുന്നത് എന്ന സത്യവാങ്മൂലവും നൽകേണ്ടതാണ്".

378 അവതരിപ്പിക്കാൻ പറ്റാതെ പോയത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ് മെന്റിന് തുല്യമായതിനാലാണ്. 10(1)-ന് പ്രൊവൈസോ കൂട്ടിച്ചേർക്കാനാണ് പറഞ്ഞിരിക്കുന്നത്. നിലവിലുള്ള സബ് ക്ലോസ് 1-ന് ശേഷം 88-ലെ ലോട്ടറീസ് റെഗുലേഷൻസ് ആക്ട് സെക്ഷൻ 4 പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായിട്ടുള്ള ഭാഗ്യക്കുറികളാണ് നടത്തുന്നതെന്ന് സത്യവാങ്മൂലം നൽകേണ്ടതാണ്. മുൻകൂറായി പണം നൽകി പെർമിഷൻ വാങ്ങുന്നതിനൊപ്പം സത്യവാങ്മൂലവും വാങ്ങിയാൽ ഒന്നുകൂടി സുരക്ഷിതമാക്കാൻ സാധിക്കും. അല്ലെങ്കിൽ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച സുപ്രീംകോടതി വിധിയനുസരിച്ച് സ്റ്റേറ്റ് ഗവണ്മെന്റ് ആതറൈസ് ചെയ്യുന്നുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ നോക്കുമ്പോൾ സത്യവാങ്മൂലം ഏറ്റവും സഹായകരമായിരിക്കും. ആ നടപടി സ്വീകരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(389) ഖണ്ഡം 10(2)-ൽ—

(1) ആരംഭത്തിൽ "ഒരു പ്രമോട്ടർ" എന്ന് ചേർക്കുക.

(2) "കുറച്ചുനല്കുകയോ ചെയ്യുന്ന പ്രമോട്ടർ" എന്നതിനു പകരം "കുറച്ചു നൽകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അയാൾ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(390) ഖണ്ഡം 10(2)-ൽ " രണ്ടുശതമാനം " എന്നതിനു പകരം " അഞ്ചു ശതമാനം" എന്ന് ചേർക്കുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(391) ഖണ്ഡം 10(2)-ൽ "തീയതിവരെ പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ കണക്കാക്കി പലിശ നൽകേണ്ടതാണ്" എന്നീ വാക്കുകളിൽ "പലിശ നൽകേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "പലിശയും അങ്ങനെ കുറച്ച് നൽകുകയോ വീഴ്ച വരുത്തുകയോ ചെയ്ത തുകയുടെ പത്ത് ശതമാനം പിഴയായും നൽകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(407) ഖണ്ഡം 10(4)-ലെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "മുടക്കം വരുത്തിയ നികുതി, പലിശ സഹിതം അടയ്ക്കുന്നപക്ഷം" എന്നീ വാക്കുകളിൽ "പലിശ" എന്ന വാക്കിനുശേഷം "പിഴ എന്നിവ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(399) ഖണ്ഡം 10(4)-ൽ " രജിസ്ട്രേഷൻ റദ്ദാക്കാവുന്നതും" എന്നതിനുശേഷം " സെക്യൂരിറ്റി തുക സർക്കാരിലേക്ക് മുതൽ കൂട്ടാവുന്നതും" എന്ന് കൂടി ചേർക്കുക.

(406) ഖണ്ഡം 10(4)-ലെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ

(1) 'പലിശ സഹിതം' എന്ന വാക്കിനുമുമ്പായി 'കാലാകാലങ്ങളിൽ നിലവിലുള്ള' എന്ന് കൂടി ചേർക്കുക.

(2) 'അപേക്ഷയിൻമേൽ' എന്ന വാക്കിന് മുമ്പ് 'പുതിയ' എന്ന വാക്ക് ചേർക്കുക.

(3) 'നിർദ്ദിഷ്ട' എന്നതിനു മുമ്പായി "വീണ്ടും" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(401) ഖണ്ഡം 10(4)-ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "നികുതി ദാതാവിന്" എന്നതിന് പകരം "പ്രൊമോട്ടർക്ക്" എന്ന് ചേർക്കണം.

ഇതിനകത്ത് 3-ഉം 4-ഉം ഉപവകുപ്പുകൾ പ്രകാരം നടപടികൾ എടുക്കുന്നതിന് മുമ്പായി നികുതി ദാതാവിന് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകേണ്ടതാണെന്നാണ്. നികുതി ദാതാവ് ആരുമാകാം. പ്രൊമോട്ടർക്ക് എന്നാക്കണം.

ശ്രീ. പി. എസ്. സുപാലിനുവേണ്ടി (ശ്രീ. ബിനോയ് വിശ്വം): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(404) ഖണ്ഡം 10(4)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "പറയുവാനുള്ളത് പറയുവാൻ" എന്ന വാക്കുകൾക്ക് പകരം "വിശദീകരണം നൽകുവാൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഖണ്ഡം 10 (4)-ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "നികുതി ദാതാവിന്" എന്നതിന് പകരം "പ്രൊമോട്ടർക്ക്" എന്ന് ചേർക്കണം എന്ന 401-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 374, 384, 396 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 376, 400 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ എ. കെ. ബാലൻ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 391, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 399, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ഡോ. തോമസ് ഐസക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(410) ഖണ്ഡം 10-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം 10 എ ആയി ചേർക്കുക:

" 10 എ (1) പ്രൊമോട്ടർ വില്പനയ്ക്കും വിതരണത്തിനും ഉള്ള മുഴുവൻ ടിക്കറ്റുകളും സ്വന്തം ചുമതലയിലും അധികാരത്തിലും കേരള സംസ്ഥാന ലോട്ടറീസ് ഡയറക്ടറെ ഏൽപ്പിക്കേണ്ടതും അപ്രകാരം ഏൽപ്പിക്കുന്ന മുഴുവൻ ടിക്കറ്റുകളും ലോട്ടറീസ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പ്രത്യേക സീൽ പതിപ്പിച്ച് തിരികെ നൽകേണ്ടതുമാണ്.

(2) 1-ാം ഉപഖണ്ഡപ്രകാരം സീൽ ചെയ്യപ്പെട്ട ടിക്കറ്റുകൾ മാത്രമാണ് വിൽക്കപ്പെടുന്നത് എന്ന് ഉറപ്പു വരുത്തുന്നതിന് ലോട്ടറീസ് ഡയറക്ടർക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പരിശോധനകൾ നടത്തുന്നതിനും ഡയറക്ടർക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താവുന്നതാണ്.

(3) 1-ാം ഉപഖണ്ഡപ്രകാരം സീൽ ചെയ്യാത്ത ടിക്കറ്റുകൾ വിൽക്കപ്പെടുന്നതായി കണ്ടെത്തിയാൽ അത്തരം ടിക്കറ്റുകളെ പിടിച്ചെടുക്കുന്നതിനും അത്തരം ടിക്കറ്റുകളുടെ പ്രൊമോട്ടർമാരുടേയും വിതരണക്കാരുടേയും വിൽപനക്കാരുടേയും മേൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്."

ഇതിൽ പ്രൊമോട്ടർ വിൽപ്പനയ്ക്കും വിതരണത്തിനുമുള്ള മുഴുവൻ ടിക്കറ്റുകളും സ്വന്തം ചുമതലയിലും അധികാരത്തിലും കേരള സംസ്ഥാന ലോട്ടറീസ് ഡയറക്ടറെ ഏൽപ്പിക്കേണ്ടതും അപ്രകാരം ഏൽപ്പിക്കുന്ന മുഴുവൻ ടിക്കറ്റുകളും ലോട്ടറീസ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പ്രത്യേക സീൽ പതിപ്പിച്ച് തിരികെ നൽകേണ്ടതുമാണ്. ഇത് പുതുതായി ചേർക്കണമെന്നാണ് പറയുന്നത്. ഇതിന്റെ ഉപഖണ്ഡമെല്ലാം ഇത്തരത്തിൽ മാറ്റം വരുത്തണമെന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നത്, ഒരു കാരണവശാലും പ്രൊമോട്ടർക്ക് നമ്മുടെ സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറിയും അതിന് സമാനമായിട്ടുള്ള വ്യാജ ലോട്ടറിയും വിൽപ്പന നടത്തിക്കൂടാ. അതിന് പഴുതുണ്ടാകുന്നതാണ്. ലോട്ടറി വകുപ്പിന്റെ കർശനമായ പരിശോധനയും സ്ക്രൂട്ടിനിയും ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(412) ഖണ്ഡം 10-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം 10 എ ആയി ചേർക്കുക:

" 10 എ (1) പ്രൊമോട്ടർ വില്പനയ്ക്കും വിതരണത്തിനും ഉള്ള മുഴുവൻ ടിക്കറ്റുകളും ഇതിനായി നിർണ്ണയിക്കപ്പെട്ട പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതും അപ്രകാരം ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുഴുവൻ ടിക്കറ്റുകളും പ്രത്യേക സീൽ പതിപ്പിച്ച് തിരികെ നൽകേണ്ടതുമാണ്.

(2) 1-ാം ഉപഖണ്ഡപ്രകാരം സീൽ ചെയ്യപ്പെട്ട ടിക്കറ്റുകൾ മാത്രമാണ് സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്നതും വില്ക്കപ്പെടുന്നതും എന്ന് ഉറപ്പു വരുത്തുന്നതിനുള്ള ചുമതല ഇപ്രകാരം നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ടതും അതിനാവശ്യമായ പരിശോധനകൾ വിൽപ്പന കേന്ദ്രങ്ങളിൽ പ്രസ്തുത ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ആളുകൾക്കോ നടത്താവുന്നതാണ്.

(3) 1-ാം ഉപഖണ്ഡപ്രകാരം സീൽ ചെയ്യപ്പെടാത്ത ടിക്കറ്റുകൾ വിൽപ്പന നടത്തപ്പെടുന്നതായോ വിതരണം ചെയ്യപ്പെടുന്നതായോ കണ്ടെത്തുന്നപക്ഷം അത്തരം ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും നിർണ്ണയിക്കപ്പെട്ട രീതിയിൽ പിഴ ചുമത്തുന്നതിനും 26-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിന് വിധേയനാക്കുന്നതിനും ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഡോക്ടർ തോമസ് ഐസക് അവതരിപ്പിച്ച ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതിയും സഭ നിരാകരിച്ചു.

11-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(414) ഖണ്ഡം 11 (1) -ൽ "അത്തരം" എന്ന വാക്ക് വന്നിട്ടുള്ള സ്ഥലങ്ങളിൽ "നിശ്ചിത" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(415) ഖണ്ഡം 11 (1)-ൽ "സമയത്തും" എന്നതിനു പകരം "സമയത്തുമോ അതിനു മുമ്പുമോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(418) ഖണ്ഡം 11(2) (ii)-ൽ "രണ്ടു ശതമാനത്തിന് തുല്യമായ" എന്ന വാക്കുകൾക്കു ശേഷം "തുക" എന്ന വാക്കു കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(419) ഖണ്ഡം 11 (2) (ii)-ൽ "രണ്ട്" എന്നത് "പന്ത്രണ്ട്"എന്നാക്കി മാറ്റുക.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(423) ഖണ്ഡം 11 (3)-ൽ "നിയമിതനായ" എന്ന വാക്കിനും "ഏതൊരാൾ" എന്ന വാക്കിനും ഇടയിൽ "രജിസ്റ്റർ ചെയ്ത" എന്ന വാക്കുകൾ ചേർക്കുക.

(425) ഖണ്ഡം 11 (3)-ൽ "ഒരു പ്രൊമോട്ടറുടെ പക്കൽ നിന്നും" എന്ന വാക്കുകൾക്കു പകരം "പ്രൊമോട്ടറുടെ പക്കൽ നിന്നുമോ പ്രൊമോട്ടറെ നിയമിക്കുന്നവരുടെ പക്കൽ നിന്നുമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(426) ഖണ്ഡം 11 (4)-ൽ "മറ്റേതെങ്കിലും തുകയും" എന്ന വാക്കുകൾക്കു ശേഷം "പ്രസ്തുത തുകയ്ക്ക് പന്ത്രണ്ട് ശതമാനം പലിശയും ഉൾപ്പെടെയുള്ള തുകയും" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. വി. കെ. ചന്ദ്രന്റെ 414-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 423, 425 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(430) ഖണ്ഡം 12 (2)-ൽ,

"മറ്റു" എന്ന വാക്കിന് പകരം "മറ്റ്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 12 (4)-ൽ,

"അസിസ്റ്റന്റ് കമ്മീഷണറോ" എന്ന വാക്കിനു പകരം "അസിസ്റ്റന്റ് കമ്മീഷണർ" എന്ന വാക്ക് ചേർക്കുക.

(432) ഖണ്ഡം 12 (4)-ൽ,

"കരുതപ്പെടുന്നതല്ല" എന്ന വാക്കിനുപകരം "കരുതേണ്ടതില്ല" എന്ന വാക്ക് ചേർക്കുക.

ഇത് അക്സെപ്റ്റ് ചെയ്യാവുന്നതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 430, 432 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 430, 432 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(433) ഖണ്ഡം 13 (5)-ൽ "പ്രതിനിധികളെയോ" എന്ന വാക്കിനുശേഷം "അനന്തരാവകാശികളെയോ" എന്ന വാക്കുകൾ ചേർക്കുക.

ഇത് അംഗീകരിക്കാവുന്ന ഒരു ഭേദഗതിയാണ്. ഒരു പ്രൊമോട്ടർ മരണപ്പെടുന്ന സംഗതിയിൽ ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്ക് അയാളുടെ എക്സിക്യൂട്ടറെയോ അഡ്മിനിസ്ട്രേറ്ററെയോ മറ്റ് നിയമാനുസരണമായ പ്രതിനിധിയെയോ എന്നതിനു ശേഷം വ്യക്തികളുടെ കാര്യത്തിലാകുമ്പോൾ അനന്തരാവകാശികളെയോ എന്നു കൂടി ചേർക്കണം. പേമെന്റിന്റെ കാര്യത്തിൽ പറഞ്ഞ കാര്യങ്ങളാണ്. ഒരു ഇൻഡിവിഡുവലാണ് പ്രൊമോട്ടറായിട്ട് വരുന്നതെങ്കിൽ അനന്തരാവകാശികളെയോ എന്നു കൂടി ചേർക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

സർ, ശ്രീ. മത്തായി ചാക്കോയുടെ 433-ാം നമ്പർ ഭേദഗതി ഞാൻ അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(435) ഖണ്ഡം 14 (2)-ൽ "മുപ്പത്" എന്നതിനു പകരം "ഇരുപത്തി ഒന്ന്" എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(437) ഖണ്ഡം 14 (3) "അപ്പീൽ അധികാരസ്ഥൻ" എന്നതിനു പകരം "അപ്പീലധികാരി" എന്നാക്കുക.

(2) ഖണ്ഡം 14 (4)-ൽ "സത്യബോധപ്പെടുത്തിയതുമായിരിക്കേണ്ടതുമാണ്" എന്നതിനു പകരം "സത്യബോധപ്പെടുത്തിയതുമായിരിക്കേണ്ടതാണ്" എന്നാക്കുക.

(3) ഖണ്ഡം 14 (5) "അപ്പീൽ അധികാരസ്ഥൻ" എന്നതിനു പകരം "അപ്പീലധികാരസ്ഥൻ" എന്നാക്കുക.

(4) ഖണ്ഡം 14 (5)-ലെ ഇനം (i) (ii) എന്നിവ താഴെപ്പറയും പ്രകാരമാക്കി മാറ്റുക.

(i) ഉത്തരവ് അസ്ഥിരപ്പെടുത്തുകയോ അതിലുൾപ്പെട്ട തുക കുറക്കുകയോ വർദ്ധിപ്പിക്കുകയോ അഥവാ ദുർബ്ബലപ്പെടുത്തുകയോ;

(ii) എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ തനിക്ക് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കുകയോ; ചെയ്യാവുന്നതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. വി. ഡി. സതീശന്റെ 437-ാം നമ്പർ ഭേദഗതി ഒരു ചെറിയ വാക്കാൽ ഭേദഗതിയോടുകൂടി അംഗീകരിക്കുന്നു. അതായത് മൂന്നാം ഉപവകുപ്പിൽ ഖണ്ഡം 14 (5)-ൽ "അപ്പീൽ അധികാരസ്ഥൻ"എന്നതിനുപകരം "അപ്പീലധികാരസ്ഥൻ" എന്ന് മാറ്റി അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി മന്ത്രിയുടെ വാക്കാൽ ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 435-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(438) ഖണ്ഡം 15 (1)-ൽ,

(1) "നിയമാനുസാരിത്വമോ" എന്നതിനു പകരം "നിയമസാധുതയോ" എന്നും

(2) "റവന്യൂ താല്പര്യത്തിന്" എന്നതിനു പകരം "റവന്യൂ നേടുന്നതിനുള്ള താല്പര്യത്തിന്" എന്നും

(3) "അയാൾക്കു യുക്തമെന്നു തോന്നുന്ന" എന്നതിനു പകരം "അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന" എന്നും ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(439) ഖണ്ഡം 15 (1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(441) ഖണ്ഡം 15 (2)-ൽ "ഒരവസരം നൽകിയല്ലാതെ" എന്നതിനു പകരം "ന്യായമായ ഒരവസരം നൽകിയ ശേഷമല്ലാതെ" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതിയിൽ ഒന്നും മൂന്നും ഉപവകുപ്പുകൾ അംഗീകരിച്ചിരിക്കുന്നു. ശ്രീ. വി. ഡി. സതീശന്റെ 441-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു. 439-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതിയിലെ ഒന്നും മൂന്നും ഉപവകുപ്പുകളും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

16-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(443) ഖണ്ഡം 16 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നാലു വർഷങ്ങൾക്കുള്ളിൽ" എന്ന വാക്കുകൾക്കു പകരം "ആറുമാസത്തിനുള്ളിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(445) ഖണ്ഡം 16 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നാലു വർഷത്തിനുള്ളിൽ" എന്ന വാക്കുകൾക്കു പകരം "അഞ്ചുവർഷത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(448) 17-ാം ഖണ്ഡത്തിന്പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത് :

"17. ഈ ആക്ടിൻ കീഴിൽ നികുതി പിരിക്കണമെന്ന്.— ഈ ആക്ടിൻ കീഴിൽ ഈടാക്കുന്ന നികുതിക്കു പുറമെ, പേപ്പർ ലോട്ടറികൾക്ക് 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ട് പ്രകാരമോ 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ട് പ്രകാരമോ നികുതി ചുമത്തുവാനോ ഈടാക്കുവാനോ പാടുള്ളതല്ല."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(450) ഖണ്ഡം 17-ൽ "നികുതിയ്ക്ക് പുറമെ അല്ലാത്തതും എന്നാൽ അതിന് ഹാനിവരുത്തുന്നതും ആകുന്നു" എന്ന വാക്കുകൾക്ക് പകരം "നികുതിക്ക് പുറമേ ആയിരിക്കുന്നതും അതിന് ഹാനിവരാത്തതുമാകുന്നു" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എന്റെ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(455) ഖണ്ഡം 18 (1) ൽ "രണ്ടു വർഷത്തിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "ആറു മാസത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(456) ഖണ്ഡം 18 (1)-ൽ "രണ്ടു വർഷത്തിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "അഞ്ചുവർഷത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(457) ഖണ്ഡം 19 (1)-ൽ "ഏതൊരു പ്രൊമോട്ടറോ" എന്ന വാക്കുകൾക്ക് പകരം "പ്രമോട്ടറോ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(458) ഖണ്ഡം 19 (1)-ൽ "വച്ചുപോരേണ്ടതാണ്" എന്നതിനുപകരം "വച്ചു പോരുകയും ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 458-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(464) 20-ാം ഖണ്ഡത്തിൽ :

(എ) മാർജിനൽ ശീർഷകത്തിൽ "പിരിച്ചെടുക്കൽ" എന്ന വാക്കിനു പകരം "പിടിച്ചെടുക്കൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (1)-ാം ഉപഖണ്ഡത്തിൽ—

(1) (എ) ഇനത്തിൽ "അങ്ങനെയുള്ള ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് ശേഷം "വിശ്വസിക്കുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ജെ) ഇനത്തിൽ "എടുക്കേണ്ടതുമാണ്" എന്ന വാക്കിനു പകരം "എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ് " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) 6-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്. അതായത്—

"(6) ഏതു പ്രമോട്ടർ അഥവാ ആളിൽ നിന്നാണോ (1)-ാം ഉപവകുപ്പ് പ്രകാരം ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്തിട്ടുള്ളത്, അയാൾക്ക്, ലോട്ടറി ടിക്കറ്റുകളുടെ പിടിച്ചെടുക്കലിനെതിരെ പതിനഞ്ച് ദിവസത്തിനുള്ളിൽ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബിനുവേണ്ടി (ശ്രീ. പി. കെ. കെ. ബാവ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(465) ഖണ്ഡം 20 (1)-ൽ "സർക്കാരോ" എന്ന വാക്കിനുശേഷം "ലോട്ടറി ഡയറക്ടറോ" എന്ന വാക്കുകൂടി ചേർക്കുക.

(489) ഖണ്ഡം 20 (4)-ൽ "സൂക്ഷിക്കാൻ" എന്ന വാക്കിനു ശേഷമുള്ള "പാടില്ലാത്തതും യാതൊരു സംഗതിയിലും അനുമതി ഒറ്റ പ്രാവശ്യം അറുപത് ദിവസത്തിൽ കവിയാൻ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(466) ഖണ്ഡം 20 (1)-ൽ "കമ്മീഷണറോ" എന്ന വാക്കിനുശേഷം "ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറോ" എന്ന വാക്കുകൂടി ചേർക്കുക.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(468) ഖണ്ഡം 20 (1)-ൽ "ഉദ്യോഗസ്ഥന്" എന്നതിനു പകരം "ഉദ്യോഗസ്ഥനോ സംസ്ഥാന ലോട്ടറീസ് ഡയറക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്നു ചേർക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(474) ഖണ്ഡം 20 (1) (സി)-യിൽ "പ്രൊമോട്ടർക്കുവേണ്ടിയുള്ള" എന്നതിനു പകരം "പ്രൊമോട്ടർക്കുവേണ്ടി" എന്ന് ചേർക്കുക.

(485) ഖണ്ഡം 20 (2)-ൽ,

(1) "രേഖകളും അക്കൗണ്ടുകളും" എന്നതിനുപകരം "രേഖകളും കണക്കുകളും" എന്നീ വാക്കുകൾ ചേർക്കുക.

(2) "അക്കൗണ്ടുകളും രേഖകളും" എന്നതിനു പകരം "അക്കൗണ്ടുകളുടെയും രേഖകളുടെയും പകർപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(476) ഖണ്ഡം 20 (1) (ഇ)-യിൽ "അക്കൗണ്ടുകളും രേഖകളും അല്ലെങ്കിൽ പ്രമാണങ്ങളും" എന്നതിനു പകരം "കണക്കുകളും രേഖകളും പ്രമാണങ്ങളും" എന്നു ചേർക്കുക. "അയാളുടെ കസ്റ്റഡിയിൽ" എന്നതിനു പകരം "അദ്ദേഹത്തിന്റെ കസ്റ്റഡിയിൽ" എന്നു ചേർക്കുക.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(479) ഖണ്ഡം 20 (1)(ജി)-യിൽ "വാഹനമോ" എന്ന വാക്ക് "കെട്ടിടമോ", "അല്ലെങ്കിൽ" എന്നീ വാക്കുകൾക്കിടയിൽ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(493) ഖണ്ഡം 20 (6)-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പു കൂടി ചേർക്കുക.

"(7) ഈ വകുപ്പനുസരിച്ചുള്ള ഏതൊരു നടപടികൾക്കും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സഹായവും സാന്നിദ്ധ്യവും ആവശ്യപ്പെടുവാൻ 1963-ലെ കേരള പൊതു വില്പന നികുതി ആക്ടിന്റെ കീഴിൽ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ ലോട്ടറീസ് ഡയറക്ടർ നിശ്ചയിക്കുന്ന ലോട്ടറി വകുപ്പ് ഉദ്യോഗ സ്ഥനോ അധികാരമുണ്ടായിരിക്കുന്നതും, പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത സഹായം നൽകുവാൻ ബാദ്ധ്യസ്ഥർ ആയിരിക്കുന്നതുമാണ്."

ഇത് ലോട്ടറി വ്യാപാരം നടത്തുന്ന സ്ഥലങ്ങൾ പരിശോധിക്കാനും, തൊണ്ടി സാധനങ്ങൾ കണ്ടെടുക്കാനുമാണ് ഇത് വ്യവസ്ഥപ്പെടുത്തുന്നത്. സംസ്ഥാനത്തെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റും അതുപോലെ തന്നെ ലോട്ടറി വകുപ്പും ധാരാളം കേസുകൾ പിടിച്ചെടുത്തിട്ടുണ്ട്. ഇതിന് പോലീസ് സഹായം നൽകിയിട്ടില്ല എന്ന പരാതി വ്യാപകമായിട്ട് ഉണ്ടായിരുന്നു. അതുകൊണ്ട് പോലീസ് സഹായം ലഭ്യമാക്കുന്നതിന് നിയമത്തിൽതന്നെ വ്യവസ്ഥ ഉണ്ടാകണം. അതുദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഒഫിഷ്യൽ അമെന്റ്മെന്റിന് പുറമെ ശ്രീ. വി. ഡി. സതീശന്റെ 474-ാം നമ്പർ ഭേദഗതി ഞാൻ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 465, 489 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 466-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

മി. സ്പീക്കർ : 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(494) ഖണ്ഡം 22 (1)-ൽ "ഒരു ലക്ഷം" എന്ന വാക്കിന് പകരം "അഞ്ചു ലക്ഷം" എന്ന് ചേർക്കുക.

(504) ഖണ്ഡം 22 (3)-ൽ "അസിസ്റ്റന്റ് കമ്മീഷണറിൽ" എന്ന വാക്കിനു പകരം "കമ്മീഷണറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(496) ഖണ്ഡം 22 (1)-ൽ "ഒരു ലക്ഷം" എന്നതിനു പകരം "അമ്പതിനായിരം" എന്ന് ചേർക്കുക.

(503) ഖണ്ഡം 22 (2)-ൽ "ഒരു ലക്ഷം" എന്നതിനു പകരം "അമ്പതിനായിരം" എന്ന് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(499) ഖണ്ഡം 22 (1)-ൽ "ഒരു ലക്ഷം രൂപ" എന്നതിനു പകരം "രണ്ടര ലക്ഷം രൂപ" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഒരു ഭേദഗതിയും അംഗീകരിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 494, 504 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 496, 503 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ 506-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(506) ഖണ്ഡം 23 (1)-ൽ,

(1) "പത്തു ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "ഇരുപതു ശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കുക.

(2) "ആയിരം· രൂപ" എന്നതിനുപകരം "രണ്ടായിരം രൂപ" എന്നു ചേർക്കുക.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(507) ഖണ്ഡം 23 (1)-ൽ "വിധേയനായിരിക്കുന്നതാണ്" എന്നതിനുപകരം "വിധേയനാകുന്നതാണ്" എന്നു ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റേ ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(516) ഖണ്ഡം 24-ൽ,

(1) (1)-ാം ഉപഖണ്ഡത്തിൽ "രണ്ടായിരം രൂപ"എന്നതിന് പകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കുക.

(2) (2)-ാം ഉപഖണ്ഡത്തിൽ "ഇരുപതിനായിരം രൂപ" എന്നതിനു പകരം "നാല്പതിനായിരം രൂപ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രൊമോട്ടർ ആവശ്യമായ രേഖകൾ സൂക്ഷിക്കാതിരുന്നാൽ ഇതിന് 20,000 രൂപ ശിക്ഷയും വീഴ്ച വരുത്തിയ ഓരോ ദിവസത്തിനും 2,000 രൂപ വീതം പിഴ ശിക്ഷയും നൽകണം. ഈ തുക 10,000 എന്നത് 40,000 എന്നും ഓരോ ദിവസത്തേക്കും ആയിരം എന്നത് 2,000 രൂപയായും ഉയർത്തണമെന്നതാണ് എന്റെ ഭേദഗതി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽ ദിവസം 2,000 രൂപ എന്നു വച്ചിരിക്കുന്നതുതന്നെ വലിയ എമൗണ്ടാണ്. അതിന് ഭേദഗതി വേണ്ട എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 516-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25-ാം വകുപ്പ്

ശ്രീ. എൻ. രാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(521) ഖണ്ഡം 25-ൽ "പതിനായിരം രൂപ പിഴശിക്ഷ" എന്നുള്ളത് "അമ്പതിനായിരം രൂപ" എന്നും ഓരോ ദിവസത്തേക്കും "2000" രൂപാവീതം എന്നുള്ളത് "അയ്യായിരം" എന്നും ഭേദഗതി ചെയ്യുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(522) ഖണ്ഡം 25-ൽ "പതിനായിരം രൂപ പിഴ ശിക്ഷയ്ക്ക്" എന്നതിന് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ ശിക്ഷയ്ക്ക്" എന്ന് ചേർക്കുക "രണ്ടായിരം രൂപ" എന്നതിന് പകരം "അയ്യായിരം രൂപ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(523) ഖണ്ഡം 25-ൽ "പതിനായിരം രൂപ" എന്നതിന് പകരം "ഇരുപതിനായിരം രൂപ" എന്നും "രണ്ടായിരം രൂപവീതം" എന്നതിനു പകരം "അയ്യായിരം രൂപ വീതം" എന്നും ചേർക്കുക.

ഇതിൽ വീഴ്ച വരുത്തിയാൽ 5,000 രൂപ എന്നാക്കണം. 5,000 രൂപ എന്നുള്ളത് 20,000 രൂപയാക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. എൻ രാജൻ അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 522-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

26-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(531) ഖണ്ഡം 26(1)-ൽ "പതിനഞ്ച് ദിവസത്തിൽ കുറയാത്തതും" എന്നത് നീക്കം ചെയ്യുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(532) ഖണ്ഡം 26(1)-ൽ,

(1) "പതിനായിരം" എന്നതിനു പകരം "മുപ്പതിനായിരം" എന്നും "അൻപതിനായിരം" എന്നതിനു പകരം "ഒരു ലക്ഷം" എന്നും ചേർക്കുക.

(2) "15 ദിവസം" എന്നതിനു പകരം "ഒരു മാസം" എന്നും "ഒരു വർഷത്തിൽ" എന്നതിനു പകരം "രണ്ടു വർഷത്തിൽ" എന്നും ചേർക്കുക.

(550) ഖണ്ഡം 26 (2)-ലെ "ഒരു ലക്ഷം രൂപ" എന്നതിനു പകരം "അഞ്ചു ലക്ഷം രൂപ" എന്നു ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(545) ഖണ്ഡം 26(1)-ൽ,

(1) "പതിനഞ്ചുദിവസത്തിൽ കുറയാത്തതും" എന്നതിനു പകരം "6 മാസത്തിൽ കുറയാത്തതും" എന്നും ചേർക്കണം.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(547) ഖണ്ഡം 26 (1) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

" (1) (എ) ഒരു ലോട്ടറി ടിക്കറ്റിന്റെ സീൽ നീക്കം ചെയ്യുകയോ ഏതെങ്കിലും തരത്തിൽ നശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒന്നാം ക്ലാസ് മജിസ്ട്രേറ്റിൽ താഴെയല്ലാത്ത ഒരു കോടതിയുടെ കുറ്റസ്ഥാപനത്തിൻമേൽ 10,000 രൂപയിൽ കുറയാത്തതും 50,000 രൂപയിൽ കവിയാത്തതുമായ പിഴ ശിക്ഷയ്ക്കും 15 ദിവസത്തിൽ കുറയാത്തതും 6 മാസത്തിൽ കവിയാത്തതുമായ കാലയളവിലേക്കുള്ള തടവിനും വിധേയനായിരിക്കുന്നതാണ്."

(ബി) "വ്യാജമോ കെട്ടിച്ചമച്ചതോ ആയ ലോട്ടറി ടിക്കറ്റുകൾ വില്ക്കുകയോ, വിതരണം ചെയ്യുകയോ, കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഒന്നാം ക്ലാസ് മജിസ്ട്രേറ്റിൽ താഴെയല്ലാത്ത ഒരു കോടതിയുടെ കുറ്റസ്ഥാപനത്തിന്മേൽ 50,000 രൂപയിൽ കുറയാത്തതും 1,00,000 രൂപയിൽ കവിയാത്തതുമായ പിഴ ശിക്ഷയ്ക്കും 6 മാസത്തിൽ കുറയാത്തതും രണ്ടു വർഷത്തിൽ കവിയാത്തതുമായ തടവിനു വിധേയനായിരിക്കുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് കുറ്റവും ചേർത്ത് ഒരു ശിക്ഷയാണ് പറഞ്ഞിട്ടുള്ളത്. ആക്ചലി രണ്ട് ഒഫൻസാണ്. രണ്ട് ഒഫൻസിനും രണ്ട് തരത്തിൽ ശിക്ഷ വേണം. അതാണ് എന്റെ ഭേദഗതി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(541) ഖണ്ഡം 26 ഉപഖണ്ഡം 1-ൽ "15 ദിവസത്തിൽ കുറയാത്തതും" എന്നതിനുപകരം "ഒരു മാസത്തിൽ കുറയാത്തതും" എന്നു ചേർക്കുക.

വ്യാജ ടിക്കറ്റ് കൈവശം വയ്ക്കുന്ന ആളുകൾക്കും വിൽപ്പന നടത്തുന്ന ആളുകൾക്കും മിനിമം 30 ദിവസമെങ്കിലും ശിക്ഷ കൊടുക്കേണ്ടെ? 15 ദിവസം എന്നുള്ളത് 30 ദിവസമാക്കണം. പീനൽ ഒഫൻസുമായി ബന്ധപ്പെട്ട് ഞങ്ങൾ പറയുന്ന ഒന്നും മന്ത്രി കേൾക്കുന്നില്ലെന്ന് പറഞ്ഞാൽ അവർക്ക് വേണ്ടിയിട്ടാണ് ഈ നിയമം അങ്ങ് കൊണ്ടുവരുന്നതെന്നല്ലേ അർത്ഥം?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഒരു ഭേദഗതിയും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 532- ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 532-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—22

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, എം. കുമാരൻ
12. ,, കെ. വി. കുഞ്ഞിരാമൻ
13. ,, വി. കെ. സി. മമ്മത് കോയ
14. ,, മത്തായി ചാക്കോ
15. ,, കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. എ. സി. മൊയ്തീൻ
17. ,, സി. കെ. നാണു
18. ,, കെ. രാധാകൃഷ്ണൻ
19. ,, രാജു എബ്രഹാം
20. ,, ടി. പി. രാമകൃഷ്ണൻ
21. ,, എ. സി. ഷൺമുഖദാസ്
22. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—43

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, ടി. വി. ചന്ദ്രമോഹൻ
7. ,, കെ. എ. ചന്ദ്രൻ
8. ,, എം. എ. ചന്ദ്രശേഖരൻ
9. ,, പി. പി. ജോർജ്
10. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
11. ശ്രീ. ജോസഫ് എം. പുതുശ്ശേരി
12. ,, പി. ജെ. ജോയി
13. ,, വർക്കല കഹാർ
14. ,, ലൂഡി ലൂയിസ്
15. ,, സി. മമ്മൂട്ടി
16. ,, ഇ. ടി. മുഹമ്മദ് ബഷീർ
17. ,, എ. കെ. മണി
18. ,, സി. മോയിൻകുട്ടി
19. ,, ആര്യാടൻ മുഹമ്മദ്
20. ,, എഴുകോൺ നാരായണൻ
21. ,, കടവൂർ ശിവദാസൻ
22. ,, സ്റ്റീഫൻ ജോർജ്
23. ,, എം. കെ. പോൾസൺ മാസ്റ്റർ
24. ,, വി. ജെ. പൗലോസ്
25. ,, അടൂർ പ്രകാശ്
26. ,, വക്കം പുരുഷോത്തമൻ
27. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീമതി രാധാ രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. എം. വി. രാഘവൻ
30. ,, യു. സി. രാമൻ
31. ,, തമ്പാനൂർ രവി
32. ,, ടി. പി. എം. സാഹിർ
33. ,, കെ. ശങ്കരനാരായണൻ
34. ശ്രീമതി മാലേത്ത് സരളാദേവി
35. ശ്രീ. വി. ഡി. സതീശൻ
36. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
37. ശ്രീ. എൻ. സുന്ദരൻ നാടാർ
38. ,, സി. എഫ്. തോമസ്
39. ,, പി. ടി. തോമസ്
40 ,, തോമസ് ഉണ്ണിയാടൻ
41. ,, ഉമേഷ് ചള്ളിയിൽ
42. ,, എം. എ. വാഹീദ്
43. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—22

പ്രതികൂലിക്കുന്നവർ—43

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

27-ാം വകുപ്പ്

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(558) ഖണ്ഡം 27 (1)-ൽ "മൂന്നിരട്ടി പിഴശിക്ഷയായി നൽകണമെന്ന് അസിസ്റ്റന്റ് കമ്മീഷണർ നിർദ്ദേശിക്കേണ്ടതാണ്" എന്നതിനു പകരം "മൂന്നിരട്ടി തുക നികുതിക്കു പുറമെ അസിസ്റ്റന്റ് കമ്മീഷണർക്ക് പിഴ ശിക്ഷയായി ചുമത്താവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(560) ഖണ്ഡം 27 (1)-ൽ "മൂന്നിരട്ടി" എന്നതിനുപകരം "അഞ്ചിരട്ടി" എന്നു ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ): ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 558-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 560-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 558-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 560-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(563) 28-ാം ഖണ്ഡത്തിൽ (1) എന്ന ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(565) ഖണ്ഡം 28(1)-ൽ "പതിനായിരം രൂപയിൽ"എന്നതിനു പകരം "ഇരുപത്തിയയ്യായിരം രൂപയിൽ" എന്നും "അൻപതിനായിരം" എന്നതിനു പകരം "ഒരു ലക്ഷം" എന്നും "പതിനഞ്ച് ദിവസത്തിൽ" എന്നതിനു പകരം "രണ്ട് മാസത്തിൽ" എന്നും "ഒരു വർഷത്തിൽ" എന്നതിനു പകരം "രണ്ടു വർഷത്തിൽ " എന്നും ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(566) ഖണ്ഡം 29-ൽ "ഒരു ലക്ഷം രൂപയോ" എന്നതിനുപകരം "രണ്ടുലക്ഷം രൂപയോ" എന്നും"ഇരട്ടി തുകയ്ക്കോ" എന്നതിനുപകരം "അഞ്ചിരട്ടി തുകയ്ക്കോ" എന്നും ചേർക്കുക.

നികുതിയിൽ പിഴവ് വരുത്തുന്നവർക്ക് ഇരട്ടിയാക്കുക എന്നാണ് ഇതിൽ എഴുതിയിരിക്കുന്നത്. അത് അഞ്ചിരട്ടിയാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(568) ഖണ്ഡം 29-ൽ "ഒരു ലക്ഷം രൂപയോ "എന്നതിനുപകരം "രണ്ടു ലക്ഷം രൂപയോ" എന്നും "ഇരട്ടി തുകയ്ക്കോ" എന്നതിനുപകരം "ഒരു വർഷത്തിൽ" എന്നും "അഞ്ചു വർഷത്തിൽ"എന്നതിനുപകരം "ഏഴു വർഷത്തിൽ " എന്നും ചേർക്കുക.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(569) ഖണ്ഡം 29-ൽ "ആറ് മാസത്തിൽ" എന്ന വാക്കുകൾക്ക് പകരം "ഒരു വർഷത്തിൽ " എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഒരു ഭേദഗതിയും സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(570) ഖണ്ഡം 30 (1)-ൽ "അഞ്ചു ലക്ഷം രൂപയോ" എന്നതിനുപകരം "പത്ത് ലക്ഷം രൂപയോ" എന്നും "ഇരട്ടിയോ" എന്നതിനുപകരം "അഞ്ചിരട്ടിയോ" എന്നും ചേർക്കുക

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(571) ഖണ്ഡം 30 (1)-ൽ "വിധേയനാകുന്നതുമാണ്" എന്നതിനുപകരം "വിധേയനാകുന്നതിനുപുറമേ കുറ്റസ്ഥാപനത്തിൻമേൽ 6 മാസത്തിൽ കുറയാത്തതും 5 വർഷത്തിൽ കവിയാത്തുമായ തടവുശിക്ഷയ്ക്കുകൂടി വിധേയനാകുന്നതാണ്" എന്ന് ചേർക്കണം.

ലോട്ടറി ടിക്കറ്റുകൾ കപടമായി കയറ്റിക്കൊണ്ടു പോകുന്നതിനുള്ള ശിക്ഷയാണ് അഞ്ച് ലക്ഷം രൂപ. കോടിക്കണക്കിന് രൂപയുടെ ടിക്കറ്റിനാണ് 5 ലക്ഷം രൂപ പിഴ ഈടാക്കുന്നത്. അഞ്ച് ലക്ഷം രൂപയ്ക്ക് പുറമേ മിനിമം ആറ് മാസമെങ്കിലും ജയിലിൽ ഇടേണ്ടേ? പീനൽ ഒഫൻസുമായി ബന്ധപ്പെട്ട് വളരെ ലീനിയന്റായിട്ടുള്ള വ്യൂവല്ലേ ബഹുമാനപ്പെട്ട മന്ത്രി കാട്ടിയിരിക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(573) ഖണ്ഡം 30 (2)-ൽ—

(1) "പിടിച്ചെടുക്കലിന്റെയും" എന്നതിനുശേഷം "വിവരം" എന്ന വാക്ക് ചേർക്കുക.

(2) "48" എന്നതിനുപകരം "24" എന്ന് ചേർക്കുക.

(3) "ക്ഷമതയുള്ള" എന്നതിനുപകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 571-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.കെ. ചന്ദ്രൻ അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(574) 31-ാം ഖണ്ഡത്തിൽ—

(എ) "(1)" എന്ന ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്.

(ബി) "ഏതൊരു കോടതിയും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(576) ഖണ്ഡം 31 (1)-ൽ "ഡെപ്യൂട്ടി കമ്മീഷണറുടെ" എന്നതിനുപകരം "ഡെപ്യൂട്ടി കമ്മീഷണറുടേയോ, ഡിസ്ട്രിക്റ്റ് ലോട്ടറി ആഫീസറുടെയോ" എന്ന് ചേർക്കുക.

ശ്രീ. ടി. എം. ജേക്കബ്ബിനുവേണ്ടി ശ്രീ. പി. കെ. കെ. ബാവ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(577) ഖണ്ഡം 31-ൽ "ഡെപ്യൂട്ടി കമ്മീഷണറുടെ" എന്ന വാക്കിനുപകരം "ഡെപ്യൂട്ടി കമ്മീഷണറുടേയോ, സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കുകൾ ചേർക്കുക.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

32-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(578) 32-ാം ഖണ്ഡത്തിൽ, (1)-ാം ഉപഖണ്ഡത്തിൽ "സമ്മർദ്ദത്തിന്മേലും" എന്ന വാക്കിനുപകരം "സമ്മതത്തിന്മേലും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(579) ഖണ്ഡം 32 (1), (3), (4) എന്നിവയിൽ ഉള്ള "അസിസ്റ്റന്റ് കമ്മീഷണർ" എന്നതിനുപകരം "കമ്മീഷണറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ): എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

579-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

33-ാം വകുപ്പ്

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

34-ാം വകുപ്പ്

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

35-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(587) 35-ാം ഖണ്ഡത്തിൽ —

(എ) "(1)" എന്ന ബ്രാക്കറ്റുകളും അക്കവും തുടക്കത്തിൽ ചേർക്കേണ്ടത്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങനെ ചേർത്ത (1)-ാം ഉപഖണ്ഡത്തിൽ, "ജീവനക്കാർക്കോ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥനോ" "ജീവനക്കാരനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

36-ാം വകുപ്പ്

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

37-ാം വകുപ്പ്

ഡോ. തോമസ് ഐസക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(588) ഖണ്ഡം 37 ഉപഖണ്ഡം (എ), (ബി) എന്നിവ നീക്കം ചെയ്യുകയും താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുയും ചെയ്യുക:

"(എ) രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള ബന്ധുമുഖേനയോ സ്ഥിരമായി നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുമുഖേനയോ ഒരു ലീഗൽ പ്രാക്ടീഷണർ മുഖേനയോ ഹാജരാകാവുന്നതാണ്."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഡോ. തോമസ് ഐസക്ക് അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതിയിൽ "(എ)" എന്നുള്ളത് ഒഴിവാക്കി അംഗീകരിക്കുന്നു. അതിൽ "ബി" ഇല്ലാത്തതുകൊണ്ട് "(എ)" എന്നുള്ളത് ഡിലീറ്റ് ചെയ്യണം.

ഡോ. തോമസ് ഐസക്ക് അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി, ഭേദഗതി ചെയ്ത പ്രകാരം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

38-ാം വകുപ്പ്

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

39-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(591) 39-ാം ഖണ്ഡത്തിൽ, (2)-ാം ഉപഖണ്ഡത്തിനുശേഷം "(2)" എന്ന ബ്രാക്കറ്റുകൾക്കും അക്കത്തിനും പകരം "(3)" എന്ന് ബ്രാക്കറ്റുകളും അക്കവും ചേർക്കേണ്ടതാണ്.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(80) ശീർഷകം താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്:

"2005-ലെ പേപ്പർ ലോട്ടറികളിൻമേലുള്ള നികുതി ബിൽ"

(86) ദീർഘ ശീർഷകത്തിൽ "കേരള സംസ്ഥാനത്ത്" എന്ന വാക്കുകൾക്കുശേഷം "വിൽക്കുന്ന" എന്ന വാക്കുകൂടി ചേർക്കുക.

(93) പീഠികയിൽ "കേരള സംസ്ഥാനത്ത്" എന്ന വാക്കുകൾക്കും "പേപ്പർ ലോട്ടറികളുടെ" എന്ന വാക്കുകൾക്കും ഇടയിൽ "വിൽക്കുന്ന" എന്ന വാക്കുകൂടി ചേർക്കുക.

(103) ഖണ്ഡം 1 (1) ഇപ്രകാരം മാറ്റേണ്ടതാണ്

" (1) ഈ ആക്ടിന് 2005-ലെ പേപ്പർ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ട്" എന്ന് പേർ പറയാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(81) ശീർഷകം താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക:

"2005-ലെ കേരള ലോട്ടറികൾ നിയന്ത്രണവും നികുതി ചുമത്തലും ബിൽ"

(90) ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"കേരള സംസ്ഥാനത്ത് പേപ്പർ ലോട്ടറികളുടെ എല്ലാ നടത്തിപ്പിൻമേലും വിപണനത്തിൻമേലും നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ"

LIBRARY ARCHIVES Kerala Legislative Assembly

(96) പീഠികയിൽ "നിയമവിധേയമായ പരിശോധനയും നിയന്ത്രണവും ഏർപ്പെടുത്തുന്നതിനും" എന്നീ വാക്കുകൾ "പിരിച്ചെടുക്കുന്നതിനും" "വ്യവസ്ഥ ചെയ്യുന്നത്" എന്നീ വാക്കുകൾക്കും ഇടയിലായി ചെർക്കുക.

(100) പീഠിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

പീഠിക "കേരള സംസ്ഥാനത്ത് പേപ്പർ ലോട്ടറികളുടെ നടത്തിപ്പിലും വിപണനത്തിലും നികുതി പിരിച്ചെടുക്കുന്നതിനും അവ യഥാവിധി പരിശോധിക്കുന്നതിനും പ്രസ്തുത മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിനും, വ്യാജ ലോട്ടറികൾ പിടിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ"

(104) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ഈ ആക്ടിന് 2005-ലെ ലോട്ടറികൾ നിയന്ത്രണവും നികുതി ചുമത്തലും ആക്ട്" എന്ന് പേർ പറയാം.

ശീർഷകം, ഇതിൽ 2005 ലെ കേരള ലോട്ടറികളിൻമേലുള്ള നിയന്ത്രണവും നികുതി ചുമത്തലും എന്നുള്ളത് മാറ്റണം.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(87) ദീർഘ ശീർഷകത്തിൽ "ലോട്ടറി നടത്തിപ്പിൻമേൽ" എന്നതിനു പകരം "ലോട്ടറി നടത്തുന്നവരിൽനിന്നും" എന്ന് ചേർക്കുക.

(112) ഖണ്ഡം1 (3)-ൽ "ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്" എന്നതിനു പകരം "ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപന പ്രകാരം, നിശ്ചയിക്കുന്ന തീയതിയിൽ പ്രബല്യത്തിൽ വരുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(88) ദീർഘ ശീർഷകത്തിൽ "കാര്യങ്ങൾക്കുവേണ്ടി" എന്നതിനുപകരം "കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(97) പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"പീഠിക.—കേരള സംസ്ഥാനത്ത് പേപ്പർ ലോട്ടറി നടത്തുന്നവരിൽ നിന്നും നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;"

(102) ഖണ്ഡം 1(1)-ലെ "2005ലെ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ട്" എന്നതിന് പകരം "2005-ലെ ലോട്ടറികളിൻമേലുള്ള കേരള നികുതി ചുമത്തൽ ആക്ട്" എന്ന് മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(98) പീഠിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"കേരള സംസ്ഥാനത്ത് ലോട്ടറികളുടെ നടത്തിപ്പിന്മേലും വില്പനയിന്മേലും നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും കേന്ദ്ര നിയമ പ്രകാരം ആവശ്യമായ പരിശോധനയും നിയന്ത്രണവും നടത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ"

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(101) ഖണ്ഡം1 (1)-ൽ "2005-ലെ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്ട് " എന്നതിന് പകരം "2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്ട്" എന്ന് മാറ്റേണ്ടതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(106) ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം തിരുത്തിയെഴുതുക:

(1) "ഈ ആക്ടിന് 2005-ലെ കേരള ലോട്ടറി നികുതി ആക്ട്" എന്ന് പേർ പറയാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിപ്പിക്കുന്നു.

(108) ഖണ്ഡം 1 (1)-ൽ "2005-ലെ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ട്" എന്നത് "2005-ലെ പേപ്പർ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ട്" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(109) ഖണ്ഡം 1 (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക. ഇത് 2005 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വരുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(113) ഖണ്ഡം 1 (3) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

'(3)' ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. എം. വി. ജയരാജന്റെ 80-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. എ. എ. അസീസിന്റെ 101-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ബാക്കി ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 80-ാം നമ്പർ ഭേദഗതിയും ശ്രീ. എ. എ.അസീസ് അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 86, 93, 103 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 81, 90, 96, 100, 104 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 87, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 88-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 97, 102 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക്ക് അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 108, 109 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ലോട്ടറികളിൻമേലുള്ള നികുതി ബില്ല് പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ചൂതാട്ട നിയമത്തിന്റെ പരിധിയിൽപ്പെടുത്തി ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നത് നിലനിൽക്കുമെന്ന ഉറപ്പ് ബഹുമാനപ്പെട്ട.....(ബഹളം)..... പേപ്പർ ലോട്ടറിയും രണ്ടും കൂടെ ചേർത്താണ് സുഹൃത്തേ.....(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം ഉണ്ടായിരുന്നില്ല. പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതനാന്ദൻ: ഇത് രണ്ടും പരസ്പര പൂരകങ്ങളാണല്ലോ. അത് മാത്രമല്ല ലോട്ടറി തന്നെ പുനഃസ്ഥാപിക്കുമ്പോൾ അതിനുള്ള പശ്ചാത്തലം ഒരുക്കുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണല്ലോ ഇത് കൊണ്ടുവന്നിട്ടുള്ളത്. പ്രതിപക്ഷത്തിനുള്ള ഉത്ക്കണ്ഠയാണ് ഞങ്ങൾ ഭേദഗതികളിലൂടെയും മറ്റും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചത്. ആ ഉത്ക്കണ്ഠ ഇപ്പോഴും തുടരുകയാണ്. കാരണം ലോട്ടറികൾ എന്നുള്ളത് കേന്ദ്രഗവൺമെന്റിന്റെ പരിധിയിൽപ്പെടുന്ന ഒന്നാണ്. ആ കേന്ദ്രഗവൺമെന്റിനെ സമീപിച്ച് അവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യിച്ചുകൊണ്ട് നമ്മൾ മുന്നോട്ട് പോകാൻ തുനിയുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഓൺലൈൻ ലോട്ടറികൾ നിരോധിച്ചതിനുശേഷം കേരള ഗവൺമെന്റിന്റെ ലോട്ടറികൾ അനുസ്യൂതമായി തുടർന്നു കൊണ്ടുപോകാൻ സഹായകരമായിട്ടുള്ള പശ്ചാത്തലം ഒരുക്കാനാണ് പ്രതിപക്ഷം ഗവൺമെന്റിന് എല്ലാവിധത്തിലുമുള്ള പിൻതുണയും വാഗ്ദാനം ചെയ്തിട്ടുള്ളതും. തുടർന്നും സഹകരിച്ചു പോകുന്നതും. ഇന്നത്തെ സാഹചര്യത്തിൽ ഗെയിമിംഗിന്റേയും പേപ്പർ ലോട്ടറിയുടേയും കാര്യത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പാസായാലും കോടതിയിൽ അത് ഇൻവാലിഡ് ആക്കാനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കാനുള്ള കാര്യങ്ങൾ ചെയ്യിക്കാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. സർവ്വകക്ഷി യോഗത്തിൽ ഗവൺമെന്റ് പ്രതിപക്ഷത്തിന് നൽകിയിട്ടുള്ള ഉറപ്പ് ഇതുവരെ നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. ആ സാഹചര്യത്തിൽ ഓൺലൈൻ ലോട്ടറികളേയും പേപ്പർ ലോട്ടറികളേയും മനപൂർവ്വം സഹായിച്ചുകൊണ്ട് നമ്മുടെ ലോട്ടറിയുടെ പ്രവർത്തനം തന്നെ ഫലത്തിൽ ഇല്ലാതാക്കുക എന്നുള്ള സ്ഥിതിയിലാണ് കാര്യങ്ങൾ ചെന്നെത്താൻ പോകുന്നതെന്നുള്ളതാണ് വസ്തുത. ഇതിന് കേന്ദ്രഗവൺമെന്റിനെ സഹായിക്കാനും നമ്മുടെ എം.പി. മാരുടെയെല്ലാം സഹകരണം നേടിക്കൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര നിയമമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് കൈക്കൊള്ളേണ്ട നടപടികൾ സ്വീകരിക്കാനുമുള്ള യാതൊരു പശ്ചാത്തലവും സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടില്ല. അതുപോലെ സുപ്രീം കോടതിയിൽ ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും കൊടുത്ത ഉറപ്പനുസരിച്ച് യാതൊരു നടപടിയും ഇവർക്കെതിരായിട്ട് നമുക്ക് കൈക്കൊള്ളാൻ പാടില്ലാത്ത സാഹചര്യമാണുണ്ടായിട്ടുള്ളത്. അതനുസരിച്ച് സുപ്രീം കോടതിയിൽ കൊടുക്കേണ്ട കേസും മര്യാദക്ക് ഇതുവരെ കൊടുത്തിട്ടില്ല. ആ സാഹചര്യത്തിൽ ഇത് ഫലപ്രദമായി നിലവിൽ വരാൻ പോകുന്നില്ല എന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെ ഞങ്ങൾ ഇതിനോട് സഹകരിക്കുന്നു. ഞങ്ങൾ സഹകരിച്ചില്ലെങ്കിൽ ഇങ്ങനെ അപകടകാരികളായ ലോട്ടറികളെ നിരോധിച്ചുകൊണ്ട് ചില നടപടികൾ ഗവൺമെന്റ് സ്വീകരിച്ചപ്പോൾ, ഭേദഗതി തന്നെ കൊണ്ടുവരാൻ തുനിഞ്ഞപ്പോൾ പ്രതിപക്ഷം അതിനോട് നിസ്സഹകരിക്കുകയാണ് ചെയ്തതെന്ന് പറഞ്ഞ് ഞങ്ങളെ താറടിക്കാനുള്ള അവസരമുണ്ടെന്നുള്ളതുകൊണ്ട് ഞങ്ങൾ ഇതിനെ എതിർക്കുന്നില്ല. തുടർന്നും എതിർക്കാതിരിക്കുകയാണ്. പക്ഷെ ഞങ്ങളുടെ

ഉത്ക്കണ്ഠ അതിശക്തമായ നിലയിൽ ഇവിടെ പ്രകടിപ്പിക്കുകയാണ്. ഇത് നിലനിൽക്കാൻ പോകുന്നില്ല. ഞങ്ങൾ കൊണ്ടുവന്നുകൊള്ളാമെന്ന് അവർക്ക് ഉറപ്പ് കൊടുത്തിട്ടുണ്ടോയെന്തോ? ഏതായാലും ഇങ്ങോട്ടേയ്ക്കാണ് പോകുന്നത് എന്ന് സൂചിപ്പിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ വിശ്വാസത്തിലെടുത്ത് അവരെക്കൊണ്ട് ചെയ്യിക്കേണ്ട കാര്യങ്ങൾ ഉടനടി ചെയ്യിക്കാൻ വേണ്ടിയും സുപ്രീം കോടതിയെ സമീപിച്ച് ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും കൊടുത്തിട്ടുള്ള ഉറപ്പ് ഇനി ഞങ്ങൾ യാതൊരു നടപടിയും ഓൺലൈൻ ലോട്ടറികൾക്കെതിരായി എടുക്കില്ലെന്ന ഉറപ്പ് കൊടുത്തിട്ട് അവിടെനിന്ന് രക്ഷപ്പെടാൻ വേണ്ടി ഇത് ചെയ്തിരിക്കുകയാണ്. ഇത് കറക്ട് ചെയ്യണം. സുപ്രീം കോടതിയെ സമീപിക്കണം. കേസ് പ്രോപ്പറായി നടത്തണം. അങ്ങനെ കേസ് നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിനെയും കോടതിയേയും വിശ്വാസത്തിലെടുത്ത് അവർക്ക് ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തണം.എങ്കിൽ മാത്രമേ ഇനിയും ഇവർ ഇവിടെ വന്നു ലോട്ടറി വിൽക്കാൻ തുനിഞ്ഞാൽ നടപടിയെടുക്കാനുള്ള പശ്ചാത്തലം നമുക്ക് ഒരുങ്ങിക്കിട്ടു എന്നുള്ള വസ്തുത ശക്തമായി ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ്. ആ നിലയിലുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നിടത്തോളം കാലം ഇതൊന്നും ഫലപ്രദമായി നടക്കാൻ പോകുന്നില്ല എന്ന കാര്യം ശക്തമായി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ബിനോയ് വിശ്വം:</u> പാതിരാത്രിയാകാൻ ഒന്നേകാൽ മണിക്കൂർ ബാക്കിയുള്ളപ്പോൾ ഈ സഭ 40 കൊല്ലം പുറകിലേക്ക് പോകുകയാണ്. ഇൻഡ്യയ്ക്ക് മുഴുവൻ മാതൃകയായി ലോട്ടറി നടപ്പിലാക്കിയ ഈ സംസ്ഥാനത്ത് ശരിക്ക് പറഞ്ഞാൽ നമ്മൾ ലോട്ടറിയുടെ അന്ത്യം കുറിക്കുകയാണ്. വ്യാജൻമാരെ ഒഴിവാക്കാൻ പോകുകയാണ്. സ്റ്റേറ്റ് ലോട്ടറിയെ പരിരക്ഷിക്കാൻ പോകുകയാണ്, ലോട്ടറി ജീവനക്കാർക്ക് രക്ഷാമാർഗ്ഗം ഉണ്ടാക്കാൻ പോകുകയാണ് എന്നൊക്കെ പുറത്ത് പറയുമ്പോഴും ലക്ഷ്യം മറ്റൊന്നാണ്. ശരിക്ക് പറഞ്ഞാൽ എല്ലാ സംസ്ഥാനങ്ങളിലേയും വ്യാജൻമാരേയും ഇങ്ങോട്ട് വിളിച്ചു വരുത്തുകയാണ്. അതോടൊപ്പം ഓൺലൈൻ ലോട്ടറിക്കാർക്ക് കുറച്ചു കഴിയുമ്പോൾ ഒറ്റ നമ്പർ ലോട്ടറിക്കാർക്കും വളരാനുള്ള മേഖലയായി കേരളം മാറാൻ പോകുകയാണ്. ഇവിടെ പറഞ്ഞല്ലോ ശിക്ഷാ നടപടികളെല്ലാം എത്രയോ ലഘുവാണ്. ഏറ്റവും വലിയ കുറ്റകൃത്യം കാണിച്ചാലും, നികുതി വെട്ടിപ്പ് നടത്തിയാലും, വ്യാജത്തരം കാണിച്ചാലും എന്തു കാണിച്ചാലും ഏറ്റവും സൗമ്യമായ ശിക്ഷമാത്രം കൊടുക്കാനുള്ള ഒരു വാശി ശരിക്കു പറഞ്ഞാൽ ഈ രംഗത്തുള്ള കൊള്ളക്കാരോട് ഗവൺമെന്റ് കാണിക്കുന്ന പ്രതിപത്തിയുടെ സൂചനയാണെന്നു പറഞ്ഞാൽ ക്ഷോഭിക്കരുത്. കേരളത്തിലെ ഗവൺമെന്റ് ഈ സംസ്ഥാന ലോട്ടറിക്കുവേണ്ടി നിൽക്കുമോ എന്ന് ഉറപ്പില്ല. സ്റ്റേറ്റ് ലോട്ടറിക്കുവേണ്ടി നിന്ന ഉദ്യോഗസ്ഥനെ ഈ സർക്കാർ കെട്ടുകെട്ടിച്ചു. ആ ഉദ്യോഗസ്ഥനെ നാടുകടത്തി. എന്നു മാത്രമല്ല ലോട്ടറിയുടെ നിലനിൽപ്പിനെ തന്നെ ഇല്ലാതാക്കാൻ വേണ്ടിയുള്ള നീക്കമുണ്ടായി. സംസ്ഥാന ഖജനാവിലേയ്ക്ക് കോടികളുടെ സംഭാവന നൽകിയ വകുപ്പാണ് ഇത്. തർക്കമുണ്ടായിട്ടുണ്ട്. 5,000 ആണോ 2,000 ആണോ പക്ഷേ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ പറഞ്ഞില്ല, എത്ര ആയിരം കോടിയാണെന്ന്. മന്ത്രിക്ക് കണക്കുണ്ടാകുമല്ലോ. ഞങ്ങൾ പറയുന്ന ഈ കണക്ക് ശരിയാണെങ്കിൽ, തെറ്റാണെങ്കിൽ യാഥാർത്ഥ കണക്ക് എന്തുകൊണ്ടാണ് മന്ത്രിക്ക് പറയാനാകാതെ പോകുന്നത്. തീർച്ചയായും ഈ ലോട്ടറി വകുപ്പിനെപ്പറ്റിയുള്ള യഥാർത്ഥമായ കാര്യം പറയാനുള്ള ചുമതലാബോധം പോലും കാണിക്കാൻ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും കാണിച്ച വീഴ്ച നമ്മളെല്ലാവരേയും അമ്പരപ്പിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ നയ വൈകല്യങ്ങളെപ്പറ്റി യഥാർത്ഥമായ ബോധ്യമുണ്ടെന്ന കാര്യം മറച്ചു വയ്ക്കാതെ നാടിനോട് ജാഗ്രത പാലിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഞങ്ങൾ പറയുന്നു ലോട്ടറി സംരക്ഷിക്കാൻ വേണ്ടിയുള്ള നീക്കം ഉണ്ടായേ മതിയാകൂ. അത്തരം നീക്കത്തിന് ആത്മാർത്ഥമായ മുൻകൈ ഗവൺമെന്റ് കാണിച്ചാൽ ഞങ്ങൾ വീണ്ടും പറയുന്നു പ്രതിപക്ഷം സഹകരിക്കും. പക്ഷേ അതിനുള്ള ഇനിഷ്യേറ്റീവ് ഉണ്ടാകേണ്ടത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ്. അത് ഉണ്ടാകണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. സി. കെ. നാണു : സർ, ഈ ഗവൺമെന്റുമായി പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷികൾ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തു സംശയമുണ്ടായാലും ഭിന്നത ഉണ്ടായാലും സംസ്ഥാനത്തെ പാവപ്പെട്ട ലോട്ടറിക്കാരെ രക്ഷിക്കാനുള്ള താൽപ്പര്യത്തോടുകൂടി ഞങ്ങൾ മുന്നോട്ടുവച്ച സമീപനങ്ങൾ ഇന്ന് അംഗീകരിക്കാൻ സർക്കാർ സന്നദ്ധമായിട്ടുണ്ട്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അംഗങ്ങളുമെല്ലാം ചർച്ചയിൽ പങ്കെടുത്ത് നടത്തിയ സംശയങ്ങൾ നിലനിൽക്കുകയാണ്. അത് ദൂരീകരിക്കാൻ ഒരു ന്യായമായ രൂപത്തിലുള്ള ചർച്ച നടത്താൻ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ച തരത്തിലുള്ള തീരുമാനങ്ങളെടുക്കാൻ സന്നദ്ധരായ പ്രതിപക്ഷത്തിന്റെ അടക്കം സമീപനത്തെ ഉൾക്കൊണ്ടുകൊണ്ട് ഈ കേരളത്തിൽ കേരള സംസ്ഥാന ലോട്ടറി അടിയന്തിരമായി പുനഃസ്ഥാപിക്കാനുള്ള നടപടികൾക്ക് സർക്കാർ സന്നദ്ധമാകണം.

ശ്രീ. എ. എ. അസീസ് : സർ, കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുള്ള കാര്യമാണ്. ഈ പറഞ്ഞപോലെ ആയിരക്കണക്കിന് പാവപ്പെട്ട ലോട്ടറി കച്ചവടക്കാരെ ബാധിക്കുന്ന പ്രശ്നം എന്ന നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കൻമാരേക്കൂടി ഉൾക്കൊള്ളിച്ച് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, ആ ചർച്ചയുടെ സ്പിരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം യോജിച്ച് ഇത്തരത്തിൽ ഒരു നിയമം ഉണ്ടാക്കണമെന്ന പൊതുവായ തീരുമാനം എടുത്തതാണ്. ആ തീരുമാനത്തിന്റെ ഉദ്ദേശ്യ ശുദ്ധിയെ മാനിച്ചുകൊണ്ട് ഇത് നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ ഒരു സമവായം ഉണ്ടാക്കിയെടുക്കുവാൻ എല്ലാവരുടേയും യോജിച്ച ഒരു തീരുമാനമുണ്ടാക്കിയെടുക്കുവാൻ ഈ ഗവൺമെന്റ് പരിശ്രമിക്കണം, പരിശ്രമിച്ച് ഈ ബിൽ പാസ്സാക്കി എടുക്കാൻവേണ്ടി ശ്രമിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ സ്പിരിറ്റ് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തണം. കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഈ നിയമത്തിന്റെ പിന്നിൽ നിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹായം ഉണ്ടെങ്കിലെ നമുക്ക് നമ്മുടെ ലക്ഷ്യത്തിൽ എത്താൻ കഴിയുകയുള്ളു എന്ന് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്താനുള്ള ചുമതല കൂടി ഗവൺമെന്റ് നിർവ്വഹിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : പ്രതിപക്ഷത്തുനിന്നുള്ള സഹായ സഹകരണ വാഗ്ദാനങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. എല്ലാ വിഭാഗം ആൾക്കാരുടേയും താൽപ്പര്യമാണ് കേരളാ ലോട്ടറി ആരംഭിക്കണമെന്നുള്ളതും ഓൺലൈൻ ലോട്ടറി അനുവദിക്കാൻ പാടില്ല എന്നുള്ളതും. ഗവൺമെന്റ് അതുകൊണ്ടുതന്നെയാണ് എല്ലാ പ്രതിപക്ഷ നേതാക്കളേയും വിളിച്ച് മണിക്കൂറുകളോളം ചർച്ച ചെയ്യുകയും ആ ചർച്ചയിൽ നിന്ന് നമ്മളെടുത്ത ഏകകണ്ഠമായ അഭിപ്രായം ഇവിടെ നടപ്പിലാക്കുകയും ചെയ്തത്. അന്ന് നമ്മളെടുത്ത തീരുമാനമാണ് ഇത് ഗെയിമിംഗ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണം. അതിന്റെ നിയമവശങ്ങളെല്ലാം ചർച്ച ചെയ്തതാണ്. അതിലുള്ള നമ്മുടെ ബുദ്ധിമുട്ടുകൾ, കേന്ദ്ര നിയമത്തിന്റെ ചില വകുപ്പുകൾ അതെല്ലാം നമ്മൾ ചർച്ച ചെയ്തതാണ്. ചർച്ച ചെയ്ത് നമ്മളൊരു consensus-ൽ എത്തിയതാണ്. ഇത് ഗെയിമിംഗ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്ന് ഓൺലൈൻ ലോട്ടറി നിരോധിക്കണം എന്നുള്ളതും ഏറ്റവും പെട്ടന്നു തന്നെ കേരളാ ലോട്ടറി ആരംഭിക്കണമെന്നുള്ളതും. ആ ഒരു കൺവിക്ഷനോടുകൂടിത്തന്നെ, കമ്മിറ്റ്മെന്റോടു കൂടിത്തന്നെയാണ് ഗവൺമെന്റ് ഈ രണ്ട് നിയമവും ഉണ്ടാക്കിയത്. ലോട്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പണി കൊടുക്കുന്നതിനും അതേ അവസരം ഓൺലൈൻ ലോട്ടറി എന്ന ശാപം ഒഴിവാക്കുന്നതിനും വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്. ഞാനൊരു വാദത്തിന് പോകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത് അങ്ങ് ഇവിടെ സൂചിപ്പിച്ച രീതിയിൽ ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചു. പല തവണ കേന്ദ്ര ഗവൺമെന്റിന് എഴുതി. നമ്മൾ തമ്മിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഹോം മിനിസ്റ്റർക്ക് പേഴ്സണൽ ലെറ്റർ എഴുതി. അതുപോലെ തന്നെ മുഖ്യമന്ത്രി എല്ലാ എം.പി.-മാർക്കും എഴുതി. എല്ലാം ചെയ്തു. അന്ന് മീറ്റിംഗിൽ പറഞ്ഞതുപോലെ ഗവൺമെന്റിന് ചെയ്യാവുന്നതെല്ലാം മുഖ്യമന്ത്രി ചെയ്തു. ഗവൺമെന്റ് ചെയ്തു. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : എഴുതിയ കൂട്ടത്തിലും പറഞ്ഞ കൂട്ടത്തിലും ഒരു കാര്യംകൂടി കേന്ദ്രഗവൺമെന്റിനെ സമീപിച്ച് നമുക്ക് അനുകൂലമായ തരത്തിലുള്ള സാഹചര്യം ഒരുക്കുക എന്നുള്ളതോടൊപ്പം തന്നെ കോടതിയിൽ നമ്മുടെ ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും കൊടുക്കേണ്ടിവന്ന ഉറപ്പുകൾ തിരുത്തുന്നതിനാവശ്യമായുള്ള സമീപനം കോടതി വഴിതന്നെ എടുക്കുക എന്നുള്ളതും ആവശ്യമായിരുന്നു. അതിന് ഇനിയും സമയം നഷ്ടപ്പെട്ടിട്ടില്ല. രണ്ട് നിലയിൽ നമ്മൾ കോടതിയെ സമീപിക്കണം. ഒന്ന്, ഇവർക്കെതിരായി യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

നടപടിയും എടുക്കുന്നില്ല എന്ന ഉറപ്പ് കോടതിക്ക് കൊടുത്തു. മറ്റൊന്ന് കേരള ഹൈക്കോടതിയിൽ കേസ് ഇരിക്കെയാണ്, ഇത് സംബന്ധിച്ചുള്ള വിധി പറയാനിരിക്കെയാണ് ഈ ഓൺലൈൻ ലോട്ടറിക്കാർ സുപ്രീം കോടതിയിൽ പോയി വിധി വാങ്ങിക്കാൻ ഇടയായത്. അത് ചൂണ്ടിക്കാണിക്കാൻ നമുക്ക് കഴിഞ്ഞില്ല. നമ്മുടെ സീനിയർ അഭിഭാഷകരായിട്ടുള്ള ആളുകൾ ഇങ്ങനെ ഹൈക്കോടതിയിൽ ഇരിക്കുന്ന കേസ് യാതൊരു വിധിയും പറയാതിരിക്കുന്ന അവസരത്തിൽ അതേ പ്രശ്നം തന്നെ സുപ്രീം കോടതിയിൽ കൊണ്ടുവന്നിരിക്കയാണ് എന്ന് പോയിന്റ് ഔട്ട് ചെയ്തിരുന്നെങ്കിൽ സുപ്രീം കോടതി നമുക്കെതിരായിട്ടുള്ള വിധി പ്രസ്താവിക്കുക എന്നുള്ളത് വരുമായിരുന്നില്ല. അപ്പോൾ അങ്ങനെ അറിയിക്കാതിരുന്നതിന്റെ ഫലമായി സുപ്രീം കോടതിയിൽ നമ്മുടെ ചീഫ് സെക്രട്ടറിയോടും ഡി.ജി.പി.-യോടും എല്ലാംതന്നെ അവരെ ജയിലിൽ അയയ്ക്കുക എന്നുള്ള തരത്തിലുള്ള ഭീഷണിയല്ലേ അവിടെ നടത്തേണ്ടി വന്നത്. അതിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി നമ്മൾ എല്ലാം കീഴടങ്ങിക്കൊണ്ടുള്ള നിലപാട് സ്വീകരിച്ചത് എല്ലാംതന്നെ സുപ്രീം കോടതിയിൽ നടന്ന നാടകങ്ങളാണ്. അത് കറക്ട് ചെയ്യാൻ വേണ്ടിയുള്ള നടപടികൾ കൂടി ഗവൺമെന്റ് ചെയ്താലേ, സുപ്രീം കോടതിയുടെ നിർദ്ദേശത്തിന് വിധേയമായി കേന്ദ്ര ഗവൺമെന്റിന്റെ നിയമം നടപ്പിലാക്കാൻ വേണ്ടിയുള്ള അവകാശം നമുക്ക് സ്ഥാപിച്ചെടുക്കാനുംകൂടി കഴിഞ്ഞാലേ നമ്മുടെ കേസ് വിജയിക്കാൻ പോകുന്നുള്ളു എന്നുള്ള കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അതിൽ ഒരു കാര്യം മാത്രമേ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞിട്ടുള്ളു. സെൻട്രൽ ഗവൺമെന്റിനെ സമീപിച്ച് നമുക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കണം. അത് നല്ലതുതന്നെ. അതേസമയം തന്നെ സുപ്രീം കോടതിയേയും നമ്മുടെ സീനിയർ അഭിഭാഷകർ വഴി സമീപിച്ച് ഉണ്ടായിട്ടുള്ള പിശകുകൾ കറക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും കൂടി വേണമെന്ന് ഞാൻ പറഞ്ഞിരുന്നു. ആ കാര്യത്തെ സംബന്ധിച്ച് ധനകാര്യമന്ത്രിയുടെ പരാമർശം ഉണ്ടാകാതിരുന്നതു കൊണ്ടാണ് ഞാൻ ഇത് സൂചിപ്പിക്കാൻ തുനിയുന്നത്.

<u>ശ്രീ. വക്കം പുരുഷോത്തമൻ</u> : സുപ്രീം കോടതിയിൽ നടന്നതെല്ലാം നമുക്കെല്ലാവർക്കും അറിയാം. അങ്ങനെ എഴുതിക്കൊടുക്കേണ്ടിവന്നത് എങ്ങനെയാണെന്നും നമുക്കെല്ലാവർക്കും അറിയാം. ഇവിടെനിന്ന് എഴുതിക്കൊടുക്കുന്നതിനു മുമ്പുതന്നെ സുപ്രീം കോടതിയിലെ നടപടികളും അവർ നൽകിയ നിർദ്ദേശങ്ങളും പത്രത്തിൽ വന്നതാണ്. ചീഫ് സെക്രട്ടറിയെ ജയിലിൽ അയയ്ക്കും എന്നുള്ളത് ഉൾപ്പെടെ എല്ലാം പത്രത്തിൽ വന്നതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നതു തന്നെ അതിനെയെല്ലാം മറികടക്കാനാണ്. ഇതുവരെയുള്ള നിയമവശങ്ങളെല്ലാം മറികടക്കാനാണ് ഈ പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇതിനുവേണ്ടിയും നമുക്ക് പോരാടണം. പഴയതിന് ഏതു രീതിയിൽ പോരാടണം, എന്തു വേണമെന്നുണ്ടെങ്കിലും നമുക്ക് ചെയ്യാവുന്നതാണ്, ചെയ്യാൻ തയ്യാറാണ്. ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഇതിൽ യാതൊരു അലസതയുടേയും കാര്യമില്ല. നമുക്ക് രണ്ടു കാര്യങ്ങൾ നടക്കണം. അതിനുവേണ്ടി എന്തും ചെയ്യാം. ഒന്ന് ഓൺലൈൻ ലോട്ടറി നിരോധിക്കണം. രണ്ട്, പേപ്പർ ലോട്ടറി ഇവിടെ നടത്തണം. അതിനുവേണ്ടി എന്തു നടപടിയും സ്വീകരിക്കാൻ തയ്യാറാണ്. ഞാൻ തന്നെ ഇവിടെ പറഞ്ഞു, നമുക്ക് ഈ ഹൗസ് പിരിയുന്നതിന് മുമ്പു തന്നെ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കണം. കേന്ദ്ര ഗവൺമെന്റാണ് മെയിൻ ആയി ഇത് ചെയ്യേണ്ടത്. അവർ വേണം അതിന് നടപടി സ്വീകരിക്കേണ്ടത്. നമുക്ക് അതിന് പരിമിതികളുണ്ട്. ആ പരിമിതികൾക്ക് അകത്തുനിന്നുകൊണ്ട് എല്ലാ ഡിസ്കഷനും നടത്തി നിയമോപദേശങ്ങൾ തേടിക്കൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. അതേ സമയം കർശനമായി ഇതിൽ നടപടി സ്വീകരിക്കാൻ കഴിയുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. അപ്പോൾ ഈ നിയമങ്ങൾ കൊണ്ടുവന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിക്കണം എന്നുള്ളതിന് നമുക്ക് ശ്രമം തുടരണം അതിനുവേണ്ടി ഈ ഹൗസ് പിരിയുന്നതിന് മുമ്പു തന്നെ ഏകകണ്ഠമായി ഈ പ്രമേയം പാസ്സാക്കണം അതിന് ഇവിടെ നിർദ്ദേശം വന്നു. അത് ഞാൻ അംഗീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി വന്നശേഷം സ്പീക്കറുമായി ആലോചിച്ച് നമ്മൾ പിരിയുന്നതിന് മുമ്പുതന്നെ ഏകകണ്ഠമായി ഇത് പാസ്സാക്കണം. നമുക്ക് അതിന് എന്തെല്ലാം ഫോളോ അപ് ആക്ഷൻ നടത്താമോ അതെല്ലാം ചെയ്യാൻ തയ്യാറാണ്. വിലപ്പെട്ട എന്തു നിർദ്ദേശം പ്രതിപക്ഷം വയ്ക്കുന്നുവോ അതെല്ലാം ചെയ്യാൻ തയ്യാറാണ്. നമ്മൾ ഇതിൽ ഒന്നാണ്. ഈ രണ്ട് കാര്യവും നേടുന്നതിനുവേണ്ടി എന്തു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് ഈ നിയമം പാസ്സാക്കിത്തരണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: 2005-ലെ കേരള ലോട്ടറികളിൻമേലുള്ള നികുതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 11.02 -ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly